പഞ്ചായത്ത് വകുപ്പ്
പ്രസിദ്ധീകരണം

# പഞ്ചായത്ത്‌രാജ്


പുസ്തകം 58 ലക്കം 4

ജൂലൈ 2018









## വിജയഗാഥകളുടെ വെളിച്ചം




# നമ്മുടെ ലക്ഷ്യം മാലിന്യമുക്ത കേരളം

പകർച്ചവ്യാധികളെ
അകറ്റി നിർത്തുക
പരിസര ശുചിത്വ
പ്രവർത്തനങ്ങൾക്ക്
മുൻകൈ എടുക്കുക

# പഞ്ചായത്ത്‌രാജ്

ജൂലൈ 2018


## അകത്ത്








അധികാരവികേന്ദ്രീകരണത്തിന് മാതൃക
ഡോ. ജെ.ബി. രാജൻ 5

ജനകീയ കൂട്ടായ്മയിലൂടെ
നിത്യഹരിത വികസനത്തിലേക്ക്
മീനങ്ങാടി ഗ്രാമപഞ്ചായത്ത്
ബീന വിജയൻ 8

അയ്മനം
സദ്ഭരണ മാതൃക പഞ്ചായത്ത്
എ.കെ. ആലിച്ചൻ 13

പിലിക്കോട് ഗ്രാമപഞ്ചായത്ത്
ഊർജ്ജയാനം
ശ്രീധരൻ ടി.വി. 17

വിദ്യാധനസമ്പന്നം ഉണ്ണികുളം
ബിനോയ് ഇ.ടി. 21

ഇരവിപേരൂരിൽ
പ്ലാസ്റ്റിക്കിന്റെ പുതുവഴികൾ
അഡ്വ. രാജീവ് എൻ. 25

കാട്ടാക്കട ഗ്രാമപഞ്ചായത്ത്
സംസ്ഥാനത്ത് ഒന്നാമത്
എസ്. അജിത 27

പ്ലാസ്റ്റിക്കിനെതിരെ അഴിയൂരിന്റെ പോരാട്ടം
ടി. ഷാഹുൽ ഹമീദ് 29

എന്താണ് ഗ്രീൻ പ്രോട്ടോക്കോൾ 38


### പംക്തികൾ


കില ന്യൂസ് 32
വാർത്തകൾ വിശേഷങ്ങൾ 34
ഭൂതക്കണ്ണാടി 35
നാട്ടുവെളിച്ചം 40
എന്ന് വായനക്കാർ... 42
കണ്ണും കാതും 42

ജൂലൈ 2018
പുസ്തകം 59 ലക്കം 4
വാർഷികവരിസംഖ്യ ₹ 120
www.lsgkerala.gov.in
www.dop.lsgkerala.gov.in

# പഞ്ചായത്ത്‌രാജ്

പഞ്ചായത്ത് വകുപ്പ് പ്രസിദ്ധീകരണം

## എഡിറ്റോറിയൽ

ഉപദേശക സമിതി

ചെയർമാൻ
**ഡോ. കെ.ടി. ജലീൽ**
തദ്ദേശസ്വയംഭരണവകുപ്പ് മന്ത്രി

അംഗങ്ങൾ
ടി.കെ. ജോസ് ഐ.എ.എസ്
അഡീഷണൽ ചീഫ് സെക്രട്ടറി, തദ്ദേശസ്വയംഭരണ വകുപ്പ്
ടി.വി. സുബാഷ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്
കെ. തുളസിഭായ് പത്മനാഭൻ
പ്രസിഡന്റ്, കേരള ഗ്രാമപഞ്ചായത്ത് അസോസിയേഷൻ
കെ.ആർ. അജയൻ
സെക്രട്ടറി, പ്രസ് ക്ലബ്, തിരുവനന്തപുരം
ജി. ഹരികൃഷ്ണൻ
പബ്ലിസിറ്റി ഓഫീസർ, പഞ്ചായത്ത് വകുപ്പ്

കൺവീനർ
എം.പി. അജിത് കുമാർ
പഞ്ചായത്ത് ഡയറക്ടർ (ഇൻ-ചാർജ്)

എഡിറ്റർ
എം.പി. അജിത് കുമാർ
Email: directorofpanchayat@gmail.com
Tel: 0471 2323286

അസിസ്റ്റന്റ് എഡിറ്റർ
ജി. ഹരികൃഷ്ണൻ
Email: prmdp2015@gmail.com
ഫോൺ: 0471 2786303
മൊബൈൽ: 9496047036, 7907344705

കവർ ഡിസൈൻ & ലേ ഔട്ട്
നാരായണ ഭട്ടതിരി
പ്രിന്റെയ്ഡ്സ് ലേസർ മീഡിയ

മേൽവിലാസം
എഡിറ്റർ, പഞ്ചായത്ത് രാജ് മാസിക
പഞ്ചായത്ത് ഡയറക്ടറേറ്റ്, മ്യൂസിയം പി.ഒ.
തിരുവനന്തപുരം 695033

ലേഖകരുടെ അഭിപ്രായം സർക്കാരിന്റേതായിരിക്കണമെന്നില്ല. അവയുടെ പൂർണ്ണമായ ഉത്തരവാദിത്തം ലേഖകർക്ക് മാത്രമായിരിക്കും. പരസ്യങ്ങളുടെ ഉള്ളടക്കത്തിലും പഞ്ചായത്ത്‌രാജിന് ഉത്തര വാദിത്തമില്ല.

# തളരാത്ത ഊർജ്ജം

മഴ തിമിർത്തു പെയ്യുന്ന മിഥുന മാസാവസാനവും പൊതുവിൽ പഞ്ഞമാസമെന്നറിയപ്പെടുന്ന കർക്കടകത്തിലുമാണ് ഈ കുറിപ്പെഴുതുന്നത്. മഴത്തണുപ്പോ ജോലിക്കുടുതലോ പഞ്ചായത്ത് ജീവനക്കാരെയും ജനപ്രതിനിധികളെയും ബാധിച്ചിട്ടില്ലെന്ന് പദ്ധതിച്ചെലവ് കണക്കുകൾ വ്യക്തമാക്കുന്നു. കഴിഞ്ഞ വർഷം 2017-18 ൽ ജൂൺ മാസം വരെയുള്ള സംസ്ഥാന പദ്ധതിച്ചെലവിന്റെ ഇരട്ടിയായിരിക്കുന്നു 2018-19 ജൂൺ വരെ. ഈ നേട്ടം സാധ്യമാക്കിയതിന്റെ അടിസ്ഥാനം സർക്കാർ പുറപ്പെടുവിച്ച മാർഗ്ഗരേഖയാണ്. പദ്ധതി പ്രവർത്തനങ്ങൾ സമയബന്ധിതമായി നടത്തുന്നതിന് ഓരോ പാദത്തിലും നടത്തേണ്ട ചെലവ് ശതമാനം സർക്കാർ മുൻകൂട്ടി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിശ്ചയിച്ചു നൽകിയിട്ടുണ്ട്. അതിനനുസരിച്ച് കാര്യങ്ങൾ നീക്കിയതിന്റെ സദ്ഫലമാണീ കൃത്യതയാർന്ന മികവ്.

എങ്കിലും ചില കാര്യങ്ങൾ ഓർമ്മിപ്പിക്കട്ടെ. വർഷങ്ങളായി തുടർന്നുവരുന്ന സ്ഥിരം പദ്ധതികളിൽ മാത്രം കടിച്ചുതൂങ്ങുന്ന പ്രാദേശിക സർക്കാരുകൾ ഒരൽപം മാറി ചിന്തിക്കാൻ ശ്രമിക്കണം. നവീനമായ ആശയങ്ങൾ ആവിഷ്കരിക്കാൻ ശേഷിയുള്ള പുതുതലമുറയും പഴയ തലമുറയിലെ പുതുമയ്ക്കു വേണ്ടി നിലകൊള്ളുന്നവരും എല്ലാ തദ്ദേശസ്ഥാപനങ്ങളിലുമുണ്ട്. അങ്ങനെയുള്ളവരുടെ ക്രിയാത്മകവും സർഗ്ഗാത്മകവുമായ ആശയപങ്കാളിത്തം കൂടി പദ്ധതികൾ വിഭാവനം ചെയ്യുമ്പോൾ പ്രയോജനപ്പെടുത്തണം.

'നവകേരളത്തിന് ജനകീയാസൂത്രണം' വികസനനയപരിപാടിയിൽ ഉൾപ്പെടുത്തി നാല് സുപ്രധാന മേഖലകളിലായി സർക്കാർ മിഷനുകൾ രൂപീകരിച്ച് മുന്നേറ്റം തുടരുമ്പോൾ നവകേരളം സൃഷ്ടിക്കാനുള്ള ആ വികസന സങ്കൽപത്തിന്റെ അന്തസത്ത ഉൾക്കൊള്ളുവാൻ തദ്ദേശസ്ഥാപനങ്ങൾ തയ്യാറാകണം. എങ്കിൽ മാത്രമേ സർക്കാർ എത്തിച്ചേരാനുദ്ദേശിക്കുന്ന ജനപ്രധാന ലക്ഷ്യം കൈവരിക്കുവാൻ കഴിയുകയുള്ളൂ.

ഇത്തവണ മാസികയിൽ ചില ഗ്രാമപഞ്ചായത്തുകൾ ആവിഷ്കരിച്ച് നടപ്പിലാക്കിയ നൂതനമായ പദ്ധതികളാണ് അവതരിപ്പിക്കുന്നത്. മാസികയുടെ തുടർലക്കങ്ങളിലും മികവുറ്റ പ്രവർത്തന മാതൃകകളെ വായനക്കാരിലെത്തിക്കുന്നതാണ്. അനുകരണീയമെന്ന് ബോധ്യപ്പെട്ടുതുകൊണ്ടാണ് പ്രത്യേകം എടുത്തുകാണിക്കുന്നത്. അവ അതേപടി പകർത്തണമെന്നല്ല. ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾ കണക്കിലെടുത്ത് ഏറ്റവും അനുയോജ്യമായതും ജനകീയവും പരിസ്ഥിതിസൗഹൃദപരവുമായ നൂതനപദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കാനുള്ള ആർജ്ജവവും ആവേശവും കാണിക്കാൻ നമ്മൾ തയ്യാറാവണമെന്ന് മാത്രം. അതിനാവട്ടെ നമ്മുടെ ഇനിയുള്ള പരിശ്രമങ്ങളെല്ലാം.

**എം.പി. അജിത് കുമാർ**

**അധ്വാനം മിക്കപ്പോഴും ആനന്ദത്തിന്റെ പിതാവാണ്**

**-വോൾട്ടയർ**

# നവകേരളത്തിന് ജനകീയാസൂത്രണം

# അധികാരവികേന്ദ്രീകരണത്തിന് മാതൃക

ഡോ. ജെ.ബി. രാജൻ

ഭരണഘടനാപരമായി പഞ്ചായത്തീരാജ് സംവിധാനം നിലവിൽവന്നിട്ട് 25 വർഷം പിന്നിടുമ്പോൾ അധികാരവികേന്ദ്രീകരണം സംബന്ധിച്ച് ആശങ്കകളും ആക്ഷേപങ്ങളും ആണ് പല സംസ്ഥാനങ്ങളിലും നിലനിൽക്കുന്നത്. ഭരണഘടനയിലെ പതിനൊന്നാം പട്ടിക പ്രകാരമുള്ള അധികാരങ്ങൾ കൈമാറി, ധനവും ഉദ്യോഗസ്ഥ സംവിധാനവും പ്രദാനം ചെയ്യേണ്ടത് സംസ്ഥാന സർക്കാരുകളാണ്. അതിനുള്ള സംസ്ഥാന സർക്കാരുകളുടെ ഇച്ഛാശക്തിയാണ് അധികാരവികേന്ദ്രീകരണത്തിന് വിഘാതമാകുന്നത്. മാത്രവുമല്ല കേന്ദ്രത്തിൽ ആസൂത്രണ കമ്മീഷൻ നിർത്തലാക്കി പകരം 'നീതിആയോഗ്' പ്രാബല്യത്തിൽ വന്നത് പഞ്ചവത്സര പദ്ധതിക്ക് വിരാമമിട്ടു. അതിനാൽ പതിമൂന്നാം പഞ്ചവത്സര പദ്ധതിയെ കുറിച്ച് ദേശീയതലത്തിലൊ ഇതരസംസ്ഥാനങ്ങളിലൊ ചർച്ചകളുണ്ടായില്ല. എന്നാൽ അധികാരവികേന്ദ്രീകരണത്തിന്റെയും ആസൂത്രണത്തിന്റെയും കാര്യത്തിൽ കേരളസംസ്ഥാനം നൽകുന്ന ചിത്രം വേറിട്ടതാണ്. പഞ്ചായത്തീരാജിന്റെ അന്തഃസത്ത ഉൾക്കൊണ്ട് ജനകീയാസൂത്രണത്തിലൂടെ അധികാരവികേന്ദ്രീകരണത്തിന്റെ കേരള മാതൃകയ്ക്ക് പ്രശസ്തിയാർജ്ജിച്ച സംസ്ഥാനം പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ (2017-22) കാര്യത്തിലും ശ്രദ്ധേയമായി. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പതിമൂന്നാം പഞ്ചവത്സര പദ്ധതി 'നവകേരളത്തിനായി ജനകീയാസൂത്രണം' എന്ന് വിഭാവനം ചെയ്തതിലൂടെ വികസന പരിപ്രേക്ഷ്യത്തിനും ജനപങ്കാളിത്തത്തിനും ഊന്നൽ നൽകുകയായിരുന്നു കേരളം.

### ജനകീയാസൂത്രണത്തിന്റെ രണ്ടാം തരംഗം

കഴിഞ്ഞ നാല് പഞ്ചവത്സര പദ്ധതികളുടെ അനുഭവപാഠങ്ങൾ ഉൾക്കൊണ്ട് ജനകീയാസൂത്രണത്തിന്റെ രണ്ടാം തരംഗമായി പതിമൂന്നാം പദ്ധതിയിൽ വിഭാവനം ചെയ്തത്, ഒമ്പതാം പദ്ധതിയിൽ ജനകീയാസൂത്രണത്തിനുണ്ടായിരുന്ന ക്രിയാത്മകത തിരിച്ചുകൊണ്ടുവരുന്നതിന് വേണ്ടിയാണ്. ഒമ്പതാം പദ്ധതിയിൽ ജനകീയാസൂത്രണത്തിന്റെ വിജയം സാധ്യമായത് പ്രധാനമായും സന്നദ്ധപ്രവർത്തകരുടെ സജീവവും ഊർജ്ജസ്വലവുമായ പ്രവർത്തനങ്ങളിലൂടെ ആയിരുന്നു. എന്നാൽ തുടർന്നുള്ള കാലയളവിൽ പ്രാദേശികാസൂത്രണം സുസ്ഥാപിതമാക്കുവാനുള്ള ശ്രമത്തിന്റെ ഭാഗമായി, ക്രിയാത്മകത കുറഞ്ഞുവെന്ന് മാത്രമല്ല ആസൂത്രണ പ്രവർത്തനങ്ങൾ യാന്ത്രികവും ആയി. ഈ പശ്ചാത്തലത്തിലാണ് ഉദ്യോഗസ്ഥ സംവിധാനത്തിന്റെയും സന്നദ്ധപ്രവർത്തകരുടെയും പരസ്പര കൂട്ടായ്മ ഉറപ്പുവരുത്തിക്കൊണ്ട് ജനകീയാസൂത്രണം കൂടുതൽ ക്രിയാത്മകമാക്കുവാൻ ജനകീയാസൂത്രണത്തിന്റെ രണ്ടാം തരംഗമായി പതിമൂന്നാം പഞ്ചവത്സരപദ്ധതിയെ കേരള സർക്കാർ വിഭാവനം ചെയ്തത്.

### നവകേരളത്തിനായി ജനകീയാസൂത്രണം

കേരളം അഭിമുഖീകരിക്കുന്ന വികസനത്തിന്റെ രണ്ടാം തലമുറ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നവകേരളം കർമ്മപദ്ധതിക്ക് സർക്കാർ രൂപം നൽകി. നവകേരളം കർമ്മപദ്ധതിയ്ക്കായി ഹരിതകേരളം, ആർദ്രം, ലൈഫ്, പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം എന്നീ നാല് മിഷനുകൾ പ്രവർത്തിച്ചുവരുന്നു. ജനകീയാസൂത്രണത്തിലൂടെ പരിസ്ഥിതി, ശുചിത്വം, കുടിവെള്ളം, ആരോഗ്യം, വിദ്യാഭ്യാസം, മനുഷ്യാവാസവ്യവസ്ഥ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ഈ മിഷനുകൾ തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ദിശാബോധം നൽ

പദ്ധതി ആസൂത്രണത്തിന് കൂടുതൽ സമയം, നിർവ്വഹണത്തിന് കുറച്ചു സമയം ഇതായിരുന്നു ജനകീയാസൂത്രണത്തെ കുറിച്ചുള്ള പരാതി. എന്നാൽ ഇതിനൊരു പരിഹാരം കാണാൻ പതിമൂന്നാം പദ്ധതിയിൽ കഴിഞ്ഞു.

# പദ്ധതി തുക പൂർണ്ണമായും വിനിയോഗിക്കണം - ഡോ. കെ.ടി. ജലീൽ

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വികസന ഫണ്ടിനത്തിൽ ഓരോ വർഷവും അനുവദിക്കുന്ന തുക പൂർണ്ണമായും ചെലവഴിക്കണമെന്നും മുഴുവൻ പദ്ധതികളും പൂർത്തിയാക്കണമെന്നും അല്ലാത്തപക്ഷം സ്പിൽഓവറായി വകയിരുത്തുന്ന പദ്ധതികൾക്കുള്ള ഫണ്ട് തൻവർഷത്തെ വികസനഫണ്ടിൽനിന്നും കണ്ടെത്തേണ്ടിവരുമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി ഡോ. കെ.ടി. ജലീൽ പറഞ്ഞു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ജില്ലകളിൽ നടന്ന അവലോകന യോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. മരാമത്ത് പ്രവർത്തികളുമായി ബന്ധപ്പെട്ട പദ്ധതികളാണ് കൂടുതലും സ്പിൽഓവറായി കടന്നുകൂടുന്നത്. ഈ പ്രവണത ഒഴിവാക്കണമെന്നും അദ്ദേഹം പ്രത്യേകം ഓർമ്മിപ്പിച്ചു.

നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായുള്ള മിഷനുകളുടെ പ്രവർത്തനം മന്ത്രി വിലയിരുത്തി. പദ്ധതിനിർവ്വഹണവുമായി ബന്ധപ്പെട്ട് ചെലവ് പുരോഗതി, സ്പിൽഓവർ പദ്ധതികളുടെ പൂർത്തീകരണം, പ്രത്യേക ഘടകപദ്ധതി, പട്ടികവർഗ്ഗ ഉപപദ്ധതി, നികുതി പിരിവ് തുടങ്ങിയവ പ്രത്യേകം അവലോകനം നടത്തി. അവലോകന യോഗത്തിൽ അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ജോസ് മാത്യുവും വിവിധ വകുപ്പു തലവന്മാരും ഉദ്യോഗസ്ഥരും സന്നിഹിതരായിരുന്നു.

കുന്നു. കേന്ദ്ര-സംസ്ഥാനാവിഷ്കൃത പദ്ധതികളെ സംയോജിപ്പിച്ചു കൊണ്ട് വിവിധ ഏജൻസികളുടെ കൂട്ടായ പ്രവർത്തനം സാധ്യമാക്കുകയെന്ന വികസന ദൗത്യം നിറവേറ്റുവാൻ ഒരു ചാലകശക്തിയായാണ് പ്രസ്തുതമിഷനുകൾ പ്രവർത്തിക്കുന്നത്.

### തദ്ദേശഭരണസ്ഥാപനങ്ങൾക്ക് ആസൂത്രണസമിതികൾ

തദ്ദേശഭരണസ്ഥാപനത്തിലെ പദ്ധതി ആസൂത്രണം, നിർവ്വഹണം, വിലയിരുത്തൽ എന്നീ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുവേണ്ട സഹായം നൽകുന്നതിലേയ്ക്കായി തദ്ദേശഭരണസ്ഥാപനതലത്തിൽ ആസൂത്രണസമിതികൾ രൂപീകരിച്ചത് ആദ്യത്തെ ചുവടുവയ്പാണ്. ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും സന്നദ്ധ പ്രവർത്തകരുടെയും കൂട്ടായ പ്രവർത്തനം ഉറപ്പുവരുത്തുന്ന രീതിയിലാണ് ഇതിന്റെ ഘടന രൂപകല്പന ചെയ്തിരിക്കുന്നത്. കൂടാതെ ഒമ്പതാം പദ്ധതി മുതൽ തുടർന്നുവന്ന വർക്കിംഗ് ഗ്രൂപ്പുകൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനുള്ള നടപടികളും ഉണ്ടായി.

### സാങ്കേതിക പിന്തുണ

ജനകീയാസൂത്രണപ്രവർത്തനങ്ങൾക്ക്ശാസ്ത്രീയ മാനം കൈവരുന്നതിന് വേണ്ട സാങ്കേതിക പിന്തുണ ജില്ലാ പ്ലാനിംഗ് ഓഫീസ്, ജില്ലാ ടൗൺ & കൺട്രി പ്ലാനിംഗ് ഓഫീസ്, ജില്ലാ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് ഓഫീസ് എന്നിവയിലൂടെ ഉറപ്പാക്കി. കൂടാതെ പെർഫോർമൻസ് ഓഡിറ്റ് യൂണിറ്റുകളുടെ സഹായത്തോടെ ആസൂത്രണ പ്രവർത്തനങ്ങളുടെ സമയബന്ധിതമായ പരിപോഷണവും ഉറപ്പുവരുത്തിയത് ആദ്യമായാണ്.

### അവസ്ഥാവിശകലനം അനിവാര്യം

വസ്തുതാപരമായ ആസൂത്രണത്തിന് അവസ്ഥാവിശകലനം അനിവാര്യമാണ്. ഒമ്പതാം പദ്ധതിക്ക് ശേഷമുള്ള കാലയളവിൽ അവസ്ഥാവിശകലനം വെറുമൊരു ചടങ്ങായി മാറി. ഇതിനൊരു മാറ്റം വരുത്താൻ ആസൂത്രണ മാർഗ്ഗരേഖ രണ്ട് ഘട്ടങ്ങളിലായി പുറപ്പെടുവിച്ചു - ആദ്യഘട്ടം സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുന്നത് സംബന്ധിച്ചും. രണ്ടാംഘട്ടം പദ്ധതി രൂപീകരണ നടപടികൾ സംബന്ധിച്ചും ഇതിലൂടെ എല്ലാ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും പദ്ധതി ആവിഷ്ക്കരണത്തിന് മുന്നോടിയായി സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കുമെന്ന് ഉറപ്പാക്കാനായി.

### പരിശീലനത്തിൽ നിന്ന് കാര്യശേഷി വികസനത്തിലേക്ക്

ഒമ്പതാം പദ്ധതിയിലെ ജനകീയാസൂത്രണത്തിന്റെ വിജയത്തിന് മറ്റൊരു കാരണം ചിട്ടയായ കാര്യശേഷി വികസനമായിരുന്നു. തുടർന്നുള്ള കാലയളവിൽ പരിശീലനം പരിപാടികളിൽ ഒതുങ്ങി. പതിമൂന്നാം പദ്ധതിയിൽ ജനകീയാസൂത്രണ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിന് പരിശീലനം എന്നതിലുപരി കാര്യശേഷി വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് കിലയും സ്റ്റേറ്റ് പ്ലാനിംഗ്ബോർഡും സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പും

നിരവധി മാതൃകകൾ കേരളത്തിലെ പഞ്ചായത്തുകൾ പ്രദാനം ചെയ്യുന്നു. ഇവ സംബന്ധിച്ച് പഞ്ചായത്തീരാജ് മാസികയിൽ ആരംഭിക്കുന്ന പരമ്പര മാതൃകാ പ്രവർത്തനം കാഴ്ചവച്ച പഞ്ചായത്തുകൾക്ക് അഗീകാരവും മറ്റ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് പ്രചോദനവും ആകട്ടെ!



*തിരുവനന്തപുരം ജില്ലയിലെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ പദ്ധതി അവലോകന യോഗത്തിൽ മന്ത്രി കെ.ടി. ജലീൽ സംസാരിക്കുന്നു.*

കൂട്ടായ പ്രവർത്തനം കാഴ്ചവച്ചു. നാളിതുവരെ 94 പരിപാടികളിലൂടെ പരിശീലിപ്പിച്ച മനുഷ്യദിനങ്ങൾ ഏകദേശം ഒരു ലക്ഷമാണ്. പരിശീലന പരിപാടികളെ തുടർന്ന് പദ്ധതി ആസൂത്രണത്തിന്റെ പുരോഗതി വിലയിരുത്തുകയും പിന്തുണാസംവിധാനങ്ങൾ ഉറപ്പുവരുത്തുകയും ചെയ്തു.

## സമയബന്ധിതആസൂത്രണവും നിർവ്വഹണവും

'പദ്ധതിആസൂത്രണത്തിന് കൂടുതൽ സമയം, നിർവ്വഹണത്തിന് കുറച്ച് സമയം' ഇതായിരുന്നു ജനകീയാസൂത്രണത്തെ കുറിച്ചുള്ള പരാതി. എന്നാൽ ഇതിനൊരു പരിഹാരം കാണാൻ പതിമൂന്നാം പദ്ധതിയിൽ കഴിഞ്ഞു. ആസൂത്രണ നടപടിക്രമങ്ങൾ ലഘൂകരിച്ചും ക്രിയാത്മകമാക്കിയും 2017 ജൂൺ 15-ാം തീയതി തന്നെ എല്ലാ തദ്ദേശഭരണസ്ഥാപനങ്ങളും പദ്ധതി അംഗീകാരം വാങ്ങിയത് ചരിത്രപരമായി. സമയബന്ധിതമായ പദ്ധതി നിർവ്വഹണം ഉറപ്പുവരുത്തുന്നതിന് സാമ്പത്തികവർഷത്തെ ഓരോ ത്രൈമാസങ്ങളിലും ശരാശരി 25 ശതമാനം വിനിയോഗവും അവസാനത്തെ ത്രൈമാസത്തിൽ പരമാവധി 30 ശതമാനം വിനിയോഗവും അവസാനത്തെ മാസത്തിൽ പരമാവധി 15 ശതമാനവും നിഷ്കർഷിച്ചത് സമയബന്ധിതമായ പദ്ധതി നിർവ്വഹണത്തിന് നിദാനമായി.

## ജില്ലാ വികസന പരിപ്രേക്ഷ്യം

ഭരണഘടനയുടെ അനുച്ഛേദം 243 ZD പ്രകാരം ജില്ലാ ആസൂത്രണ സമിതികളുടെ മുഖ്യ ചുമതലയാണ് ജില്ലയ്ക്ക് മൊത്തത്തിൽ ബാധകമായ ജില്ലാ പദ്ധതി തയ്യാറാക്കുകയെന്നത്. ഇത്തരുണത്തിൽ പതിമൂന്നാം പദ്ധതിയിൽ കേരള സർക്കാർ നടത്തിയ ശ്രമവും ശ്രദ്ധേയമാണ്. പ്രാദേശിക ആസൂത്രണത്തിൽ സമഗ്ര വികസന കാഴ്ചപ്പാട് നൽകാൻ ജില്ലാ ആസൂത്രണ സമിതി തയ്യാറാക്കിയ ജില്ലാ പദ്ധതിക്ക് കഴിഞ്ഞു.

## പ്രാദേശിക മാതൃകകൾ

ജനകീയാസൂത്രണത്തിലൂടെ നവകേരളം സാക്ഷാത്കരിക്കുന്നതിന് കേരള സർക്കാർ സ്വീകരിച്ച നടപടികൾ ഫലവത്താകും എന്നതിന് തെളിവാണ് പ്രാദേശികതല വികസന മാതൃകകൾ. അധികാരവികേന്ദ്രീകരണത്തിന്റെ അവിശ്വാസികളോടുള്ള മറുപടി കൂടിയാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ മാതൃകാപരമായ വികസന പ്രവർത്തനങ്ങൾ. കാർബൺ തുലിത പഞ്ചായത്ത്, ഫിലമന്റ് ബൾബ് രഹിത ഊർജ്ജ സുരക്ഷാ പഞ്ചായത്ത്, ടോട്ടൽ ക്വാളിറ്റി മാനേജ്മെന്റിലൂടെ ഐ.എസ്.ഒ. 9001:2008 സർട്ടിഫിക്കേഷൻ കരസ്ഥമാക്കിയ പഞ്ചായത്തുകൾ, സർക്കാർ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റിയ പഞ്ചായത്തുകൾ, പാലിയേറ്റീവ്കെയർ, ബഡ്സ് സ്കൂളുകൾ എന്നിവ കാര്യക്ഷമമാക്കി നടപ്പിലാക്കിയ പഞ്ചായത്തുകൾ, ആരോഗ്യ-ശുചിത്വ-മാലിന്യ സംസ്കരണ മേഖലകളിൽ ഫലപ്രദമായ ഇടപെടലുകൾ നടത്തിയ പഞ്ചായത്തുകൾ തുടങ്ങി നിരവധി മാതൃകകൾ കേരളത്തിലെ പഞ്ചായത്തുകൾ പ്രദാനം ചെയ്യുന്നു. ഇവ സംബന്ധിച്ച് പഞ്ചായത്തീരാജ് മാസികയിൽ ആരംഭിക്കുന്ന പരമ്പര മാതൃകാ പ്രവർത്തനം കാഴ്ചവച്ച പഞ്ചായത്തുകൾക്ക് അഗീകാരവും മറ്റ് തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾക്ക് പ്രചോദനവും ആകട്ടെ!

*ലേഖകൻ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ്ലോക്കൽ അഡ്മിനിസ്ട്രേഷനിൽ (കില) അസ്സോസിയേറ്റ് പ്രൊഫസറാണ്*
*ഫോൺ : 9447817042*



# ജനകീയ കൂട്ടായ്മയിലൂടെ നിത്യഹരിത വികസനത്തിലേക്ക് മീനങ്ങാടി ഗ്രാമപഞ്ചായത്ത്

**ബീന വിജയൻ**

**ലക്ഷ്യം കാർബൺ ന്യൂട്രൽ പഞ്ചായത്ത്**

നമ്മുടെ ഭൂമിയും ആകാശവും വെള്ളവും വായുവും പ്രകൃതി വിഭവങ്ങളും ലാഭം ചുരത്തുന്ന കാമധേനുക്കളായി മാറുന്ന ദുരമൂത്ത നവ ഉദാരവൽക്കരണ കാലഘട്ടത്തിൽ, ലാഭം മാത്രം മുഖമുദ്രയാക്കിയ കേവല വികസനമെന്ന കോർപ്പറേറ്റ് നയത്തിന് ബദലായി, സാമൂഹ്യ സുരക്ഷിതത്വത്തിന്റെ ജനകീയ കവചം തീർത്തുകൊണ്ട് 'ഉൾച്ചേർക്കൽ വികസനം' (Inclusive Development) എന്ന ശാസ്ത്രീയ സമീപനത്തിലൂടെ സന്തുലിതമായ ജീവസാഹചര്യം സൃഷ്ടിക്കാനാണ് മീനങ്ങാടി ഗ്രാമപഞ്ചായത്ത് ലക്ഷ്യമിടുന്നത്. നവകേരളത്തിനായി ജനകീയാസൂത്രണം എന്ന വികസന കാഴ്ചപ്പാടോടെ, സംസ്ഥാന സർക്കാർ നടപ്പിലാക്കുന്ന ഹരിത കേരളം, ലൈഫ്, ആർദ്രം, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം എന്നീ വികസന ദൗത്യത്തോട് ഇഴചേർന്ന്, പ്രാദേശിക വികസനം സാധ്യമാക്കാൻ, ജനകീയ കൂട്ടായ്മയിലൂടെ, ജലസുരക്ഷ, ഭക്ഷ്യസുരക്ഷ, പരിസ്ഥിതി സുരക്ഷ, ആരോഗ്യസുരക്ഷ, സാമ്പത്തിക സുരക്ഷ - ഇവ നേടിയെടുക്കുക എന്ന വെല്ലുവിളി ഏറ്റെടുക്കുന്നതിനുള്ള ശരിയായ പാതയിലൂടെയാണ് നാം ഇപ്പോൾ മുന്നോട്ടുപോകുന്നത്.

മനുഷ്യന്റെ സുഖദുഃഖങ്ങൾക്കും സ്വപ്നങ്ങൾ




ക്കും പ്രകൃതിയുടെ കരുതലുണ്ടായിരുന്ന കാലം അന്യമാകുമ്പോൾ ഭൂമിയിൽ ജീവന്റെ നിലനിൽപ്പുപോലും ഭീഷണിയിലാവുന്നു. ഇവിടെയാണ് പ്രകൃതിസൗഹൃദ വികസനത്തിന്റെ പ്രസക്തിയും പ്രാധാന്യവും. കാലാവസ്ഥാ വ്യതിയാനവും ആഗോളതാപനവും ആശങ്കകൾ ഉയർത്തുമ്പോൾ, നമ്മുടെ മണ്ണും വിണ്ണും സംരക്ഷിക്കാൻ ഹരിതകവചം - ഭൂമിക്കു തണൽ പദ്ധതിയിലൂടെ, ഫലവൃക്ഷ നഴ്സറി, ഔഷധത്തോട്ടങ്ങൾ, വഴിയോര പൂമരം, പുഴയോര വനവത്ക്കരണം, സുഗന്ധവ്യഞ്ജന കൃഷി തുടങ്ങി പ്രകൃതി സൗഹൃദ പദ്ധതികളിലൂടെ സുസ്ഥിര വികസനം സാധ്യമാക്കി കൃഷിയും പരിസ്ഥിതിയും സംരക്ഷിച്ച്, 2020 ഓടു കൂടി മീനങ്ങാടി ഇന്ത്യയിലെ ആദ്യ കാർബൺ ന്യൂട്രൽ പഞ്ചായത്തായി മാറാൻ ലക്ഷ്യമിടുന്നു.

വിവിധ ഗാർഹിക-കാർഷിക-വ്യാവസായിക പ്രവൃത്തികൾ വഴി പുറംതള്ളുന്ന കാർബണിന്റെ തോത് കുറച്ച് അന്തരീക്ഷ മലിനീകരണം നിയന്ത്രിച്ച് പ്ലാസ്റ്റിക് മാലിന്യ നിയന്ത്രണവും പുനരുപയോഗവും ഉറപ്പുവരുത്തി പ്രകൃതിസൗഹൃദ സുസ്ഥിര വികസനം സാധ്യമാക്കാനാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. 2017 ജൂൺ 5 ലോക പരിസ്ഥിതി ദിനത്തിൽ ധനകാര്യവകുപ്പ് മന്ത്രി ഡോ. ടി.എം. തോമസ് ഐസക്ക് കാർബൺ ന്യൂട്രൽ പദ്ധതിയുടെ ഉദ്ഘാടനം നിർവ്വഹിച്ചു.

സംസ്ഥാന സർക്കാരിന്റെ പൂർണ്ണ പിന്തുണയോടെ വിവിധ വകുപ്പുകളുടെയും ഏജൻസികളു

**മനുഷ്യന്റെ സുഖദുഃഖങ്ങൾക്കും സ്വപ്നങ്ങൾക്കും പ്രകൃതിയുടെ കരുതലുണ്ടായിരുന്ന കാലം അന്യമാകുമ്പോൾ ഭൂമിയിൽ ജീവന്റെ നിലനിൽപ്പുപോലും ഭീഷണിയിലാവുന്നു. ഇവിടെയാണ് പ്രകൃതി സൗഹൃദ വികസനത്തിന്റെ പ്രസക്തിയും പ്രാധാന്യവും.**



*അട്ടക്കൊല്ലി ജൈവപാർക്ക്*

ടെയും ഏകോപനത്തിലൂടെ നടപ്പിലാക്കുന്ന പദ്ധതിയുടെ പ്രാരംഭ പ്രവർത്തനമെന്ന നിലയിൽ, സാധ്യതാ പഠനം നടത്തുകയും നിലവിലുള്ള സ്ഥിതിഗതികൾ അടയാളപ്പെടുത്തി വിലയിരുത്തുകയും ചെയ്തു. എം.എസ്. സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ, തണൽ, കണ്ണൂർ സർവ്വകലാശാല ജന്തുശാസ്ത്ര വിഭാഗം, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ മിഷൻ, എൻ.എസ്.എസ്. യൂണിറ്റ്, കാർഷിക സർവ്വകലാശാല, കണ്ണൂർ എഞ്ചിനീയറിംഗ് കോളേജ് മെക്കാനിക്കൽ വിഭാഗം തുടങ്ങിയവയുടെ സാങ്കേതിക സഹായത്തോടെ മണ്ണിലെ കാർബണിന്റെ അളവ്, പഞ്ചായത്തിലെ ഊർജ്ജ ഉപഭോഗം, മാലിന്യ സംസ്കരണ സാധ്യതകൾ, ജൈവകൃഷി പ്രോത്സാഹനം തുടങ്ങിയ മേഖലകളിൽ പഠനം നടത്തി. അതിന്റെ അടിസ്ഥാനത്തിൽ ജൈവസമ്പത്തിന്റെയും ജൈവവൈവിധ്യത്തിന്റെയും സംരക്ഷണവും വ്യാപനവും ഗാർഹിക - ഗതാഗത വ്യാവസായിക മേഖലകളിൽ നിന്നുള്ള കാർബൺ ബഹിർഗമനത്തിന്റെ ലഘൂകരണം, മണ്ണ് ജൈവസംരക്ഷണ പ്രവർത്തനങ്ങൾ, ജൈവകൃഷി പ്രോത്സാഹനം, ശാസ്ത്രീയ മാലിന്യപരിപാലനം, കാലാവസ്ഥാ വ്യതിയാനത്തെ ചെറുക്കാനുള്ള സുസ്ഥിര വികസന പ്രവർത്തനങ്ങൾ എന്നിവയിലധിഷ്ഠിതമായ പ്രകൃതി സൗഹൃദ വികസനത്തിന്, 'മണ്ണറിഞ്ഞ് മനംനിറഞ്ഞ് പ്രകൃതിയോടൊപ്പം' എന്ന ആപ്തവാക്യത്തോടെ മീനങ്ങാടി ഗ്രാമപഞ്ചായത്ത് മുന്നേറുകയാണ്.

### കാർബൺ തുലിതത്തിലേക്ക്

മണ്ണിന്റെ ജൈവഘടനയും ഫലഭൂയിഷ്ഠതയും തിരിച്ചറിയുന്നതിനായി നടത്തിയ മണ്ണ് പരിശോധനയിൽ മണ്ണിന്റെ കാർബൺ ആഗിരണശേഷി കുറവാണെന്ന് കണ്ടെത്തിയിരുന്നു. മണ്ണിൽ ഓർഗാനിക് കാർബണിന്റെ അളവ് വർദ്ധിപ്പിക്കാനും കാർബൺ ആഗിരണശേഷി വർദ്ധിപ്പിക്കാനും ഉതകുന്ന കാർഷിക ഇടപെടലുകൾ ഇപ്പോൾ ഗ്രാമപഞ്ചായത്ത് നടത്തി വരികയാണ്. ഇതിനായി ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും ജൈവവളം പരമാവധി ഉപയോഗിക്കാൻ കൃഷിക്കാരെ ബോധവാന്മാരാക്കുകയും ചെയ്തുവരികയാണ്.

ഊർജ്ജ ഉപഭോഗത്തിലൂടെയുള്ള കാർബൺ ബഹിർഗമന തോത് കുറയ്ക്കാനും ഊർജ്ജകാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനുമായി നിലവിലുള്ള വൈദ്യുതോപകരണങ്ങൾക്ക് ബദലായി എൽ.ഇ.ഡി. ബൾബ് നിർമ്മിച്ച് പ്രചരിപ്പിക്കുന്നതിന് ഗ്രാമപഞ്ചായത്ത് തുടക്കം കുറിച്ച് കഴിഞ്ഞു. ഊർജ്ജ ഉപഭോഗം കുറയ്ക്കാനുള്ള പാചക സ്റ്റൗ, ഗാർഹിക ഊർജ്ജ ഉപഭോഗം കാര്യക്ഷമമാക്കാനുള്ള പദ്ധതികൾ എന്നിവ തുടർനാളുകളിൽ യാഥാർത്ഥ്യമാവും. മുഴുവൻ വീടുകളിലും സൗരോർജ്ജം ഉപയോഗിക്കുന്നതിനുള്ള പദ്ധതിയുടെ രൂപരേഖ തയ്യാറായി കഴിഞ്ഞു.

### നമുക്ക് നട്ടുപരിപാലിക്കാം നല്ല മരങ്ങളെ നല്ല നാളേക്കായി

മനുഷ്യന്റെ വിവിധ പ്രവർത്തനങ്ങളിലൂടെ പുറന്തള്ളപ്പെടുന്ന കാർബണിനെ വൃക്ഷങ്ങളിലേക്കും മണ്ണിലേക്കും സ്വാംശീകരിച്ച് അന്തരീക്ഷ

**വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ തയ്യാറുള്ള വ്യക്തികളുടെ ജീവിതകാലയളവിൽത്തന്നെ സാമ്പത്തിക നേട്ടം ലഭ്യമാക്കുക മാത്രമാണ് ഇതിനൊരു പോംവഴി. അത്തരമൊരു പദ്ധതിയാണ് കാർബൺ ന്യൂട്രൽ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ട്രീ ബാങ്കിംഗ്.**

ത്തിലെ കാർബണിന്റെ അളവ് നിയന്ത്രിക്കേണ്ടതുണ്ട്. ചിലയിനം വൃക്ഷങ്ങൾ വളരെ കാര്യക്ഷമമായി ഈ കർമ്മം നിറവേറ്റുന്നുണ്ട്. വീടുകളിലും പൊതുസ്ഥലങ്ങളിലുമൊക്കെ പരമാവധി വൃക്ഷങ്ങൾ നട്ട വളർത്തുക വഴി കാർബൺ തുലിത പദവി കൈവരിക്കാനാകും. നിലവിലുള്ള ഹരിതകവചത്തിനു പുറമെ 20 മുതൽ 30 ശതമാനം വരെ സസ്യലതാദികളുടെ വർദ്ധനവ് ഉറപ്പുവരുത്തി കാർബൺ ആഗിരണ ശേഷി ഉയർത്താനായി കാർബൺ ന്യൂട്രൽ പദ്ധതി വഴി 24 നഴ്സറികളിലായി കണിക്കൊന്ന, മണിമരുത്, നീർമരുത്, മഹാഗണി, നെല്ലി, മാതളം, പേര, ഉങ്ങ്, താന്നി, വേങ്ങ എന്നീ വൃക്ഷങ്ങളുടെ തൈകൾ ഉൽപ്പാദിപ്പിച്ചു. രണ്ട് തെങ്ങ് നഴ്സറികളിലായി 2500 തെങ്ങിൻതൈകൾ 3 വാർഡുകളിലായി എസ്.സി./എസ്.ടി ചെറുകിട നാമമാത്ര കർഷകർക്ക് ലഭ്യമാക്കി.

'ഹരിത കവചം ഭൂമിക്ക് തണൽ' പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കിയ 'പുണ്യവന'ത്തിലൂടെ പ്രകൃതിരമണീയമായ മാനികാവിലെ ദേവസ്വം ഭൂമിയിൽ 38 ഏക്കർ തരിശുഭൂമി ഇപ്പോൾ വൃക്ഷനിബിഡമാണ്. എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതിയിലൂടെ തയ്യാറാക്കിയ നേഴ്സറിയിൽ നിന്ന് തേന്മാവ്, അത്തി, അരയാൽ, പേരാൽ, നെല്ലി, ഞാവൽ തുടങ്ങിയ 114 ഇനം വൃക്ഷങ്ങൾ ഇവിടെ നട്ട് പരിപാലിച്ചു വരികയാണ്. അപൂർവ്വ ജനസ്സിൽപ്പെട്ട സസ്യങ്ങളെ ഉൾപ്പെടുത്തി നക്ഷത്ര വനവും ഈ പ്രദേശത്തെ ഹരിതാഭമാക്കുന്നു.

## നാട്ടുനന്മയുടെ ഉദാത്ത മാതൃക തീർക്കാൻ ട്രീ ബാങ്കിംഗ്

വൃക്ഷങ്ങൾ നട്ടുനനച്ച് പരിപാലിക്കുന്നത് ദീർഘകാല അടിസ്ഥാനത്തിൽ പാരിസ്ഥിതികമായും സാമ്പത്തികമായും സമൂഹത്തിനും വ്യക്തിക്കും പ്രയോജനപ്രദമായ ഒരു പ്രവർത്തനമാണെങ്കിലും വ്യക്തികളെ സംബന്ധിച്ച് വരുമാനം ലഭിക്കുവാനായി കാത്തിരിക്കേണ്ട കാലം അതിദീർഘമാണ്. ഒരു വ്യക്തിയുടെ ജീവിത കാലയളവിൽ ആ വ്യക്തിക്കു തന്നെ നേരിട്ടുള്ള സാമ്പത്തികനേട്ടം ലഭ്യമാകാത്തിടത്തോളം വൃക്ഷങ്ങൾ നട്ടുവളർത്തി സംരക്ഷിക്കുന്നത് ഒരു നഷ്ടകച്ചവടമായി മാത്രമേ പരിഗണിക്കുകയുള്ളൂ. വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കാൻ തയ്യാറുള്ള വ്യക്തികളുടെ ജീവിതകാലയളവിൽത്തന്നെ സാമ്പത്തിക നേട്ടം ലഭ്യമാക്കുക മാത്രമാണ് ഇതിനൊരു പോംവഴി. അത്തരമൊരു പദ്ധതിയാണ് കാർബൺ ന്യൂട്രൽ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ട്രീ ബാങ്കിംഗ്.

പഞ്ചായത്തിന്റെ പരിധിയിൽ വൃക്ഷങ്ങൾ നട്ടുവളർത്താൻ താൽപ്പര്യമുള്ളവരെ കണ്ടെത്തി അവർ നടുന്ന വൃക്ഷങ്ങളുടെമേൽ ഗ്രാമപഞ്ചായത്ത് പങ്കാളിത്ത ഉടമസ്ഥാവകാശം സ്ഥാപിച്ചുകൊണ്ട് പഞ്ചായത്തിന്റെ നേതൃത്വത്തിൽ സഹകരണ ബാങ്ക് മുഖാന്തരം ഗുണഭോക്താവിന് വാർഷിക ഗഡുക്കളായി പണം ലഭ്യമാക്കുക എന്നതാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്. ഇതിനായി സംസ്ഥാന സർക്കാർ 10 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

## അട്ടക്കൊല്ലി ജൈവപാർക്ക്

വൃക്ഷലതാദികൾ നട്ടുപരിപാലിച്ച് കാർബൺ ആഗിരണ ശേഷി വർദ്ധിപ്പിക്കുന്നതിനോടൊപ്പം ജൈവവൈവിധ്യ സംരക്ഷണം ഉറപ്പുവരുത്തി ആവാസവ്യവസ്ഥയുടെ കാവലാളാകുകയാണ് മീനങ്ങാടിയിലെ ജനത. ഹരിത കവച വ്യാപനം നടത്തുന്നതോടൊപ്പം ജൈവ വൈവിധ്യ പരിപാലനവും ഇവിടെ സാധ്യമാവുകയാണ്. മീനങ്ങാടി ടൗണിനോട് ചേർന്നുള്ള അട്ടക്കൊല്ലിയിലെ തലക്കുളവും കൈതക്കുട്ടവും സംരക്ഷിച്ച് ജലസംരക്ഷണത്തിന്റെയും ജൈവ വൈവിധ്യ പരിപാലനത്തിന്റെയും ഉത്തമ മാതൃക തീർക്കുകയാണ്. തൊഴിലുറപ്പ് പദ്ധതിയിലൂടെ കയർ ഭൂവസ്ത്രം വിരിച്ച് മണ്ണ് സംരക്ഷണ പ്രവർത്തനം ഉറപ്പുവരുത്തി വിവിധയിനം ചെടികൾ നട്ട് പരിപാലിച്ചുവരികയാണ്. വിവിധതരം പക്ഷികളുടെയും പൂമ്പാറ്റകളുടെയും കുളക്കോഴി, നീർക്കാക്ക, തവള തുടങ്ങിയ ജീവജാലങ്ങളുടെയും ആവാസകേന്ദ്രം കൂടിയാണ് ഇപ്പോൾ ഇവിടം.

## എന്റെ ഗ്രാമം - ശുചിത്വ ഗ്രാമം സമഗ്ര മാലിന്യപരിപാലനപരിപാടി

മാലിന്യങ്ങൾ അളവില്ലാതെ ഉണ്ടാക്കിയിട്ട് അവ നിർമ്മാർജ്ജനം ചെയ്യുന്നതിനുള്ള മാർഗ്ഗം തേടുകയല്ല വേണ്ടത്. മറിച്ച്, മാലിന്യങ്ങളുടെ അളവ് കുറയ്ക്കുകയാണ് ഉത്തരവാദിത്തമുള്ള ഒരു




വൃക്ഷലതാദികൾ നട്ടുപരിപാലിച്ച് കാർബൺ ആഗിരണ ശേഷി വർദ്ധിപ്പിക്കുന്നതിനോടൊപ്പം ജൈവ വൈവിധ്യ സംരക്ഷണം ഉറപ്പുവരുത്തി ആവാസ വ്യവസ്ഥയുടെ കാവലാളാകുകയാണ് മീനങ്ങാടിയിലെ ജനത.




കൾക്കും കുടിവെള്ള ലഭ്യത ഉറപ്പുവരുത്താൻ, പദ്ധതി വിഭാവനം ചെയ്യുന്നു. അതോടൊപ്പം ജലദൗർലഭ്യം നേരിടുന്ന ഈ കാലഘട്ടത്തിൽ, ലഭ്യമായ ജലത്തെ മെച്ചപ്പെട്ട രീതിയിൽ ഉപയോഗപ്പെടുത്തി ജലസംരക്ഷണം ഉറപ്പുവരുത്താൻ വാട്ടർ മാനേജ്മെന്റ് പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരികയാണ്. ഈ പരിപാടിയിലൂടെ നമ്മുടെ വീടുകളിൽ ഒരു തുള്ളി വെള്ളംപോലും നഷ്ടപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തും.

മണ്ണ് - ജല സംരക്ഷണ പ്രവർത്തനങ്ങളുടെ ഭാഗമായി പുഴയോരങ്ങളിൽ മുള നട്ടുപിടിപ്പിച്ചും മണ്ണൊലിപ്പ് തടയുന്നതിന് കയർ ഭൂവസ്ത്രം ഉപയോഗിച്ച് പുഴയോരങ്ങളിലും കുളങ്ങളുടെയും പാർശ്വഭിത്തി നിർമ്മിച്ച് ജൈവസമ്പന്നമാക്കി. തൊഴിലുറപ്പ് പദ്ധതിയിലൂടെ നിർമ്മിച്ച 422 കുളങ്ങളിൽ മത്സ്യകൃഷി പ്രോത്സാഹിപ്പിച്ചു വരുന്നു. ഇങ്ങനെ ജലാശയങ്ങൾ സംരക്ഷിച്ച്, കാവുകളുടെയും കേണികളുടെയും സംരക്ഷണം ഉറപ്പുവരുത്തി പ്രകൃതി സൗഹൃദ വികസനത്തിലേക്ക് മുന്നേറുകയാണ് മീനങ്ങാടി ഗ്രാമപഞ്ചായത്ത്.

ജനങ്ങൾക്ക് വേണ്ടി ജനങ്ങൾ തയ്യാറാക്കുന്ന ഈ ജനകീയ വികസന പരിപാടിയിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനതയുടേയുംസാന്നിദ്ധ്യവും സഹകരണവും ക്രിയാത്മക നിർദ്ദേശങ്ങളും ഉൾച്ചേർക്കപ്പെടുകയായിരുന്നു.

സമൂഹം പിൻതുടരേണ്ട രീതി എന്ന ബോധ്യം ജനങ്ങളിൽ ഉണ്ടാക്കിയെടുത്ത് സമഗ്ര മാലിന്യ പരിപാലന പരിപാടിയാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്. ഇതിനായി ജൈവമാലിന്യ സംസ്കരണത്തിന് തുമ്പൂർമുഴി മോഡൽ സംസ്കരണ പ്ലാന്റ് യാഥാർത്ഥ്യമായി കഴിഞ്ഞു. മിതമായ നിരക്കിൽ കർഷകർക്ക് ജൈവവളം വിതരണം ചെയ്യാനുള്ള മാനുഫാക്ചറിംഗ് യൂണിറ്റായി മാറുകയാണ് ഈ സംസ്കരണ പ്ലാന്റ്.

അജൈവ മാലിന്യപരിപാലനത്തിന്, മലിന്യനിർമ്മാർജ്ജന പ്രവർത്തനത്തിന്റെ പതാകവാഹകരായി ക്യാമ്പയിൻ പ്രവർത്തനത്തിലൂടെ പുതിയൊരു സംസ്കൃതി സാധ്യമാക്കി ജനകീയ കൂട്ടായ്മയിലൂടെ നാടിന്റെ ശുചിത്വം ഉറപ്പുവരുത്താൻ എന്റെ ഗ്രാമം ശുചിത്വ ഗ്രാമം എന്ന ലക്ഷ്യത്തോടെ ഹരിതകർമ്മസേന പ്രവർത്തന പന്ഥാവിലാണ്. പ്ലാസ്റ്റിക് എന്ന സമകാല ഭീഷണി ഫലപ്രദമായി നേരിടാൻ പ്ലാസ്റ്റിക് ഷ്രഡ്ഡിംഗ് യൂണിറ്റ് സജ്ജമായിക്കഴിഞ്ഞു.

പ്ലാസ്റ്റിക് നിയന്ത്രണ ബൈലോ പ്രകാരം ജനപങ്കാളിത്തത്തോടെ Reduce, Reuse, Recycle എന്ന ലക്ഷ്യ സാക്ഷാത്കാരത്തിലേക്ക് നടന്നടുക്കുകയാണ്. ആഘോഷവേളകൾ പ്രകൃതി സൗഹൃദമാക്കാൻ ഗ്രീൻ പ്രോട്ടോക്കോൾ യാഥാർത്ഥ്യമായി. ഉറവിട മാലിന്യ പരിപാലനത്തിനായി മൺപാത്ര കമ്പോസ്റ്റ്, ടേപ്പ് കമ്പോസ്റ്റ് എന്നിവ നടപ്പിലാക്കി വരികയാണ്.

## നീരുറവ സംരക്ഷണത്തിലൂടെ ജലസുരക്ഷയിലേക്ക്

വരൾച്ചയ്ക്ക് പരിഹാരമായി നിലവിലുള്ള കുടിവെള്ള സ്രോതസ്സുകൾ സംരക്ഷിച്ചുകൊണ്ട് കുടിവെള്ള പദ്ധതികൾ കാര്യക്ഷമമാക്കി കേരള ജലഅതോറിറ്റിയുമായി സഹകരിച്ച് മുഴുവനാളു

## ജനകീയ കൂട്ടായ്മയിലൂടെ ഒരുമയോടെ മികവിലേക്ക്

ജനങ്ങൾക്ക് വേണ്ടി ജനങ്ങൾ തയ്യാറാക്കുന്ന ഈ ജനകീയ വികസന പരിപാടിയിൽ ഗ്രാമപഞ്ചായത്തിലെ മുഴുവൻ ജനതയുടേയുംസാന്നിദ്ധ്യവും സഹകരണവും ക്രിയാത്മക നിർദ്ദേശങ്ങളും ഉൾച്ചേർക്കപ്പെടുകയായിരുന്നു. പദ്ധതിയുടെ സമഗ്രതയ്ക്കായി ചേർന്ന വിവിധതരം യോഗങ്ങളിൽ സ്ത്രീകൾ, കുട്ടികൾ, വയോജനങ്ങൾ, കർഷകർ, യുവാക്കൾ, വിഷയവിദഗ്ദ്ധർ തുടങ്ങി സമസ്ത മേഖലയിലുള്ളവരുടെയും സാന്നിദ്ധ്യം ഉറപ്പുവരുത്താൻ കഴിഞ്ഞു. ഡോ. ടി.എം. തോമസ് ഐസക്ക് ഉദ്ഘാടന കർമ്മം നിർവ്വഹിച്ച കാർബൺ ന്യൂട്രൽ പദ്ധതിയുടെ, നാളിതുവരെയുള്ള കർമ്മപഥത്തിൽ, 27 ഓളം യോഗങ്ങളിലായി 26,400 ആളുകളുടെ പ്രത്യക്ഷ സാന്നിദ്ധ്യവും സൃഷ്ടിപരമായ നിർദ്ദേശങ്ങളും ഉറപ്പുവരുത്താൻ കഴിഞ്ഞിട്ടുണ്ട്. ലഭ്യമായ വിഭവസ്രോതസ്സുകൾ ഉപയോഗപ്പെടുത്തി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും സമന്വയത്തിലൂടെ നാടിന്റെ പച്ചപ്പും മണ്ണിന്റെ നന്മയും വെള്ളത്തിന്റെയും വായുവിന്റെയും ശുദ്ധിയും വീണ്ടെടുക്കാനുള്ള ഒരു ജനകീയ യജ്ഞത്തിന് തുടക്കം കുറിക്കാൻ നിത്യഹരിത സുസ്ഥിര വികസനം സാധ്യമാക്കാൻ പ്രകൃതിയോടൊപ്പം വികസന ഗാഥ രചിച്ച് നമുക്ക് ഒരുമയോടെ മികവിലേക്ക് മുന്നേറാം.

*ലേഖിക മീനങ്ങാടി ഗ്രാമ പഞ്ചായത്ത് പ്രസിഡന്റാണ്*




**ജനോന്മുഖ ഡിജിറ്റലൈസേഷൻ പൂർണ്ണതയിലേക്ക്**

# അയ്മനം

## സദ്ഭരണ മാതൃക പഞ്ചായത്ത്

**എ.കെ.ആലിച്ചൻ**

അയ്മനം സദ്ഭരണ പഞ്ചായത്തായി ലോകത്തിനുതന്നെ മാതൃകയാകുകയാണ്. ഒരു സർക്കാർ ആഫീസ് എങ്ങനെ പ്രവർത്തിക്കണം എന്നതിനു നേർക്കാഴ്ചയാവുകയാണ് അയ്മനം. ജനങ്ങളുടെ സൗകര്യത്തിനായി 9 മണിക്കുതന്നെ ആഫീസ് തുറന്ന് പ്രവർത്തിക്കുന്നു.

മികച്ച സേവനം ലഭിക്കുക എന്നത് ജനങ്ങളുടെ അവകാശമാണ്. ഇത് സാക്ഷാത്കരിക്കേണ്ടത് ഭരണസമിതിയുടെയും ജീവനക്കാരുടെയും പ്രാഥമിക ചുമതലയാണ്. അത് ഉറപ്പാക്കുന്നതിന്റെ ഭാഗമായി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തി ISO 9001-2015 സാക്ഷ്യപത്രം കരസ്ഥമാക്കി. എല്ലാ സേവനങ്ങൾക്കും ആവശ്യമായ ചെക്ക്‌ലിസ്റ്റ് അപേക്ഷയോടൊപ്പം നൽകുന്നു. കൈപ്പറ്റ് രസീതിൽ സൂചിപ്പിക്കുന്ന സമയത്ത് സേവനം ലഭിച്ചില്ല എങ്കിൽ അപേക്ഷകനു പരാതിപ്പെടുന്നതിലേക്ക് പ്രസിഡന്റ്, സെക്രട്ടറി, ഡപ്യൂട്ടി ഡയറക്ടർ, വിജിലൻസ് എന്നിവരുടെ ഫോൺനമ്പരുകൾ ചെക്ക് ലിസ്റ്റിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. സേവനലഭ്യത സംബന്ധിച്ച് ഫ്രണ്ട് ആഫീസ് അസിസ്റ്റന്റ് മുതൽ സെക്രട്ടറി വരെയുള്ളവരുടെ പെരുമാറ്റം ഉൾപ്പെടെയുള്ള ഘടകങ്ങൾക്ക് മാർക്ക് ഇടുന്ന ഫീഡ്ബാക്ക് ഫോറവും ലഭ്യമാണ്. സേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇങ്ങനെ ലഭിക്കുന്ന ഫീഡ്ബാക്ക് ഫോറങ്ങൾ എല്ലാ ചൊവ്വാഴ്ചയും നടക്കുന്ന സ്റ്റാഫ് മീറ്റിംഗിൽ വിശകലനം ചെയ്ത് പരാതികൾക്കും നിർദ്ദേശങ്ങൾക്കും മേൽ ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

പൗരനു പഞ്ചായത്തുമായി ബന്ധപ്പെട്ട പരാതികൾ, അഭിപ്രായങ്ങൾ എന്നിവ അറിയിക്കുന്നതിനും ആപ്പ് മുഖേന സാധ്യമാണ്.

## അയ്മനം സമ്പൂർണ്ണ ഡിജിറ്റൽ പഞ്ചായത്തിലേക്ക്

ജനങ്ങളുടെ പ്രശ്നങ്ങളും ആവശ്യകതയും മുൻകൂട്ടി അറിയുകയും ആവശ്യകതയ്ക്കനുസരിച്ച് പദ്ധതികൾ വിഭാവനം ചെയ്യുകയുമാണ് ഒരു ഗ്രാമപഞ്ചായത്തിന്റെ വികസനത്തിന് ഏറ്റവും ആവശ്യമായ ഘടകം. പഞ്ചായത്തിലെ മുഴുവൻ ജനങ്ങളുടെയും സമഗ്രവിവരങ്ങൾ ഉൾപ്പെടുത്തി വിശദമായ ഡാറ്റാബേസ് തയ്യാറാക്കാനും അതിൽ നിന്നും പദ്ധതി രൂപീകരണത്തിനുള്ള വിശദമായ റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിനുമായി ഒരു ഡിജിറ്റൽ സർവ്വേ നടത്തുന്ന പദ്ധതി നടന്നുവരികയാണ്. ഈ പ്രക്രിയയിൽ ഡാറ്റാ ശേഖരിക്കുന്നതിനോടൊപ്പം പ്രധാനമാണ് അത് ക്രോഡീകരിക്കുന്നതും. ഇതിനായി ഒരു ഓൺലൈൻ സോഫ്റ്റ്‌വെയർ എന്ന ആശയം പ്രാവർത്തികമാക്കാൻ തൃശ്ശൂർ ആസ്ഥാനമായ ടോഗിൾ ടെക്കനോളജീസ് എന്ന സ്റ്റാർട്ടപ്പ് സ്ഥാപനം പഞ്ചായത്തിനെ സഹായിക്കാൻ

**സ്മാർട്ട് ഗ്രാമ പഞ്ചായത്ത്**

സന്നദ്ധമാകുകയും ഡാറ്റാ ശേഖരിക്കുന്നതിനുള്ള വിശദമായ 12 പേജുള്ള ഫോറങ്ങൾ തയ്യാറാക്കുകയും ചെയ്തു. ഒരു വ്യക്തിയുടെ പ്രാഥമിക വിവരങ്ങളായ പേര്, കെട്ടിട നമ്പർ, റേഷൻ കാർഡ് നമ്പർ, ഭവനത്തിന്റെ ഫോട്ടോ എന്നിവയും ഗൂഗിൾ മാപ്പ് ഉപയോഗിച്ച് ലൊക്കേഷൻ ജിയോടാഗിംഗ് ഉൾപ്പെടെയുള്ള മൊബൈൽ ആപ്ലിക്കേഷനും വാർഡിലെ വിവരങ്ങളും സംബന്ധിച്ച റിപ്പോർട്ടുകൾ പഞ്ചായത്ത് ജീവനക്കാർക്കും ഭരണസമിതിക്കും ലഭ്യമാകുന്ന തരത്തിലേക്ക് മാറ്റാവുന്ന വിധമാണ് സോഫറ്റ് വെയർ രൂപകല്പന ചെയ്തിരിക്കുന്നത്. അർഹതപ്പെട്ടവർക്ക് സഹായങ്ങൾ എത്തിക്കുന്നതിനും പഞ്ചായത്തിനു പദ്ധതി രൂപീകരണത്തിനായുള്ള വിവരങ്ങൾ മുൻകൂട്ടി ലഭിക്കുന്നതിനും പൊതുജനങ്ങൾക്ക് സർക്കാരിന്റെയും പഞ്ചായത്തിന്റെയും വിവിധ സേവനങ്ങളും സഹായങ്ങളും പൊതുവിവരങ്ങളും വിരൽതുമ്പിൽ ലഭിക്കുന്നതിനും ഇതിലൂടെ സാദ്ധ്യമാകും.

## ക്ലീൻ അയ്മനം പദ്ധതി

വൃത്തിയും സുന്ദരവുമായ ഗ്രാമം എന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിലേക്ക് അയ്മനം ഗ്രാമ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നിന്നും ഗ്രാമപഞ്ചായത്തിലെ റോഡുകളിലെ വശങ്ങളിൽ വളർന്നു നിൽക്കുന്ന കാട്ടുകൾ വെട്ടുന്നതിനു കാട്ടുവെട്ടുയന്ത്രം ഉപയോഗിച്ച് എല്ലാ ദിവസവും ഓരോ വഴികൾ വൃത്തിയാക്കുന്നു. പഞ്ചായത്ത് ജംഗ്ഷനും റോഡും എന്നും പ്രഭാതത്തിൽ ശുചീകരിച്ചുവരുന്നു. പഞ്ചായത്തിലെ പ്രധാന വഴികൾ പൂച്ചെടികൾ വച്ച് മോടിപിടിപ്പിക്കുന്നതിനു ലക്ഷ്യമിടുന്നു

## തോടുകളുടെ നവീകരണം

അയ്മനം ഗ്രാമപഞ്ചായത്തിലെ തൊഴിലുറപ്പ്(എംജിഎൻആർഇജിഎസ്സ്) പദ്ധതി പ്രകാരം 110 കിലോമീറ്ററോളം തോടുകളുടെ കരകൾ ഉൾപ്പെടെ വൃത്തിയാക്കുകയും, തോട്ടിലേക്ക് ചാഞ്ഞ് നിൽക്കുന്ന മരങ്ങളുടെ ശിഖരങ്ങൾ എന്നിവ വെട്ടിമാറ്റി നീരൊഴുക്ക് സുഗമമാക്കി. മീനച്ചിലാർ - മീനന്തറയാർ ജനകീയകൂട്ടായ്മയിൽ വലിയ തോടുകളായ പരിപ്പ് തോട്, മാഞ്ചിറ തോട് എന്നിവ ജെസിബി ഉപയോഗിച്ച് ആഴംകൂട്ടുന്ന പ്രവർത്തി വിജയകരമായി പൂർത്തീകരിച്ചു.





## സ്മാർട്ട് ഗ്രാമപഞ്ചായത്ത് മൊബൈൽ ആപ്പ്

പഞ്ചായത്ത് അറിയിപ്പുകൾ, ഗ്രാമസഭ വിവരങ്ങൾ, തൊഴിലുറപ്പ് വിവരങ്ങൾ, സേവനങ്ങൾ സംബന്ധിച്ച വിവരങ്ങൾ, അപേക്ഷ ഫോറങ്ങൾ, ജനപ്രതിനിധികളുടെ വിവരങ്ങൾ, പഞ്ചായത്തിലെ ഇതരസ്ഥാപനങ്ങളുടെ വിവരങ്ങൾ, തുടങ്ങിയവ പൊതുജനങ്ങൾക്ക് വിരൽത്തുമ്പിൽ ലഭിക്കുന്നതിന് ഒരു മൊബൈൽ ആപ്ലിക്കേഷൻ സജ്ജമാക്കിയിട്ടുണ്ട്. പൗരനു പഞ്ചായത്തുമായി ബന്ധപ്പെട്ട പരാതികൾ, അഭിപ്രായങ്ങൾ എന്നിവ അറിയിക്കുന്നതിനും ആപ്പ് മുഖേന സാധ്യമാണ്. ആപ്പ് ഗൂഗിൾ പ്ലേസ്റ്റോറിൽ 'സ്മാർട്ട് പഞ്ചായത്ത്' എന്ന പേരിൽ സ്മാർട്ട് ഫോണിൽ ഡൗൺ ലോഡ് ചെയ്യാവുന്നതാണ്.

## സിസി ക്യാമറ നിരീക്ഷണത്തിൽ

അയ്മനം ഗ്രാമപഞ്ചായത്ത് ആഫീസ് പ്രവർത്തനങ്ങൾ സുതാര്യവും അഴിമതിരഹിതവുമാക്കുന്നതിന് വേണ്ടി ആഫീസും പരിസരവും പരിപൂർണ്ണമായി ക്യാമറ നിരീക്ഷണത്തിലാണ്. അതോടൊപ്പം പ്രധാന കവലകളിലും മാലിന്യം നിക്ഷേപിക്കുന്നത് തടയുന്നതിനു വേണ്ടി ക്യാമറകൾ സ്ഥാപിച്ചിട്ടുണ്ട്.

## വനിത പോലീസ് സേവനം എല്ലാ ചെവ്വാഴ്ചകളിലും

വനിതകൾക്ക് പരാതിയുമായി പോലീസ് സ്റ്റേഷൻ കയറി ഇറങ്ങുന്ന ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനും വനിതകളുടെ പരാതി സ്വീകരിക്കുന്നതിനും എല്ലാ ചൊവ്വാഴ്ചകളിലും വനിതാ പോലീസിന്റെ സേവനം പഞ്ചായത്ത് ആഫീസിൽ ലഭ്യമാണ്.

## ജാഗ്രത സമിതികൾ

ഗ്രാമപഞ്ചായത്ത് തലത്തിലും വാർഡുതലത്തിലും ജാഗ്രത സമിതികൾ പ്രവർത്തിച്ചു വരുന്നു. സ്ത്രീകൾക്കും കുട്ടികൾക്കും പരാതികൾ നൽകുന്നതിനും ആവശ്യമുള്ള പക്ഷം കൗൺസിലിംഗ് നൽകുന്നതിനും എം.എസ്.ഡബ്ല്യു ബിരുദധാരിയായ വനിതയെ നിയമിച്ചിട്ടുണ്ട്. നിയമപരമായി നടപടി ആവശ്യമുള്ള പരാതികളിൽ നിയമസഹായം നൽകുന്നതിലേക്ക് പഞ്ചായത്തുതല കമ്മിറ്റിയിൽ വനിത വക്കീലിന്റെ സേവനം ലഭ്യമാണ്.

## ഗ്രാമീണ കോടതി

വ്യവഹാര രഹിത പഞ്ചായത്ത് എന്ന ലക്ഷ്യവുമായി പഞ്ചായത്തിൽ ഗ്രാമീണ കോടതി പ്രവർത്തനം ആരംഭിച്ചു. പഞ്ചായത്തിലെ ജനങ്ങളുടെ കോടതി കേസുകളും പോലീസ് കേസുകളും പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെയാണ് ഗ്രാമീണകോടതിക്ക് തുടക്കം കുറിച്ചിട്ടുള്ളത്. സാധാരണ പരാതികൾ പരിഹരിക്കുന്നതിന് പഞ്ചായത്തുതലത്തിൽ പരാതി പരിഹാര സമിതി പ്രവർത്തിക്കുന്നുണ്ട്. ഇതിനു പുറമെ കോടതികളിലും പോലീസ് സ്റ്റേഷനുകളിലും സമർപ്പിച്ചിട്ടുള്ളതും സങ്കീർണ്ണ നിയമപ്രശ്നങ്ങൾ ഉള്ളതുമായ പരാതികൾ രമ്യമായി പരിഹരിക്കുക എന്ന ലക്ഷ്യത്തോടെയാണ് നിയമ വിദഗ്ധർ അടങ്ങുന്ന ഗ്രാമീണ കോടതി പ്രവർത്തിക്കുന്നത്. റിട്ടേർഡ് ജഡ്ജി റാങ്കിൽ കുറയാത്തവർ ഈ പരാതി കേൾക്കുകയും സമവായത്തിലൂടെ തീർപ്പു കൽപ്പിക്കുന്നതുമാണ്.




*സി.സി.ടിവി സംവിധാനം*

## ജീവനക്കാരുടെ ഹാജർ ബോർഡ്

ജീവനക്കാരുടെ പേര്, തസ്തിക, മൊബൈൽ നമ്പർ, ഹാജർ, ഫീൽഡ് പരിശോധനയ്ക്ക് പോയി എങ്കിൽ എപ്പോൾ വരും എന്നത് ഉൾപ്പെടെ പൊതുജനങ്ങളുടെ അറിവിലേക്ക് ഹാജർ ബോർഡിൽ വിവരങ്ങൾ പ്രദർശിപ്പിച്ചിരിക്കുന്നു.

## കുടുംബശ്രീ ഹെൽപ്പ് ഡെസ്ക്ക് -സ്നാക്ക്സ് ബാർ

ഫ്രണ്ട് ആഫീസിനോട് ചേർന്ന് തന്നെ കുടുംബശ്രീ ഗ്രൂപ്പ് തൊഴിൽ സംരംഭമായി പഞ്ചായത്തിൽ വരുന്ന ഒരു പൗരനു വേണ്ടുന്ന എല്ലാ സഹായങ്ങളും നൽകുന്നതിലേക്കായി കുടുംബശ്രീ ഹെൽപ്പ് ഡെസ്ക്ക്-സ്നാക്ക്സ് ബാർ

വനിതകളുടെ പരാതി സ്വീകരിക്കുന്നതിന് എല്ലാ ചൊവ്വാഴ്ചകളിലും വനിതാ പോലീസിന്റെ സേവനം പഞ്ചായത്ത് ആഫീസിൽ ലഭ്യമാണ്.







**കുടുംബശ്രീയുടെയും സന്നദ്ധ സംഘടനകളുടെയും സന്മനസ്സുള്ള വരുടെയും സഹകരണത്തോടെ, പണമില്ലാത്ത തിനാൽ ഭക്ഷണം കഴിക്കാതിരിക്കുന്ന വർക്ക് സൗജന്യമായി ഭക്ഷണം കഴിക്കുന്നതിനു ള്ള സൗകര്യം കുടുംബശ്രീ നടത്തുന്ന പഞ്ചായത്ത് ആഫീസിലെ ക്യാന്റീനിൽ ഉണ്ടായിരിക്കുന്നതാണ്.**

തുടങ്ങിയിട്ടുണ്ട്. അപേക്ഷകൾ പൂരിപ്പിക്കുന്ന തിനു 10 രൂപയാണ് നിരക്ക്. ഹരിത കേരളം പദ്ധതിയുടെ ഭാഗമായി ഗ്രാമനിവാസികൾക്ക് സൗജന്യ പച്ചക്കറി വിത്തുകൾ നൽകുന്നതിനും സംവിധാനം ഒരുക്കിയിട്ടുണ്ട്.

### വിശപ്പ് രഹിത പഞ്ചായത്ത്

പണം ഇല്ല എന്ന കാരണത്താൽ വിശക്കുന്ന വയറുമായി ഒരാളും പഞ്ചായത്തിൽ ഉണ്ടാകരുത് എന്ന ലക്ഷ്യവുമായിട്ടാണ് വിശപ്പ് രഹിത പഞ്ചായത്ത് പദ്ധതി ആരംഭിക്കുന്നത്. കുടുംബശ്രീയുടെയും സന്നദ്ധ സംഘടനകളുടെയും സന്മനസ്സുള്ളവരുടെയും സഹകരണത്തോടെ, പണമില്ലാത്തതിനാൽ ഭക്ഷണം കഴിക്കാതിരിക്കുന്ന വർക്ക് സൗജന്യമായി ഭക്ഷണം കഴിക്കുന്നതിനുള്ള സൗകര്യം കുടുംബശ്രീ നടത്തുന്ന പഞ്ചായത്ത് ആഫീസിലെ ക്യാന്റീനിൽ ഉണ്ടായിരിക്കുന്നതാണ്.

## മാലിന്യനിർമ്മാർജ്ജന പദ്ധതികൾ



അയ്മനം ഗ്രാമപഞ്ചായത്തിലെ വാർഡുകളിൽ യൂസർ ഫീ ഈടാക്കി ഹരിത കർമസേന ജൈവ അജൈവ മാലിന്യങ്ങൾ ഗൃഹങ്ങളിൽ നിന്നും ശേഖരിക്കുന്നു. ഇവ തരംതിരിച്ച് കുടയംപടി, അമ്പാടി, കല്ലുമട, ചീപ്പുങ്കൽ എന്നിവിടങ്ങളിൽ ശുചിത്വമിഷൻ മുഖേന സ്ഥാപിക്കുന്ന കംപോസ്റ്റിംഗ് പ്ളാന്റിലേക്കും അവിടുന്ന് പുത്തൻ തോട്ടിൽ നിർമ്മിക്കുന്ന മെറ്റീരിയൽ റിക്കവറി സെന്ററിലേക്കും മാറ്റുന്നതാണ്.








*ലേഖകൻ അയ്മനം ഗ്രാമ പഞ്ചായത്ത് പ്രസിഡന്റാണ്*




പീലിക്കോട് ഗ്രാമപഞ്ചായത്തിനെ ഇന്ത്യയിലെ പ്രഥമ ഫിലമെന്റ് ബൾബ് രഹിത പഞ്ചായത്തായി മുഖ്യമന്ത്രി പിണറായി വിജയൻ പ്രഖ്യാപിക്കുന്നു.

പ്രകാശിക്കുന്ന വിജയഗാഥ

# പിലിക്കോട് ഗ്രാമപഞ്ചായത്ത് ഊർജ്ജയാനം

## ഇന്ത്യയിലെ പ്രഥമ ഫിലമെന്റ് ബൾബ് രഹിത പഞ്ചായത്ത്

ശ്രീധരൻ ടി.വി.

1949ൽ രൂപീകൃതമായ പിലിക്കോട് ഗ്രാമപഞ്ചായത്തിന് (കാസർകോഡ് ജില്ല) നിരന്തരമായ പ്രവർത്തനങ്ങളിലൂടെ സംസ്ഥാനത്തെ മികവുറ്റ പഞ്ചായത്തുകളോടൊപ്പം ഇടം പിടിക്കാൻ ഇതിനകം സാധിച്ചിട്ടുണ്ട്. നാളിതുവരെ ഭരണസാരഥ്യം വഹിച്ച ഭരണകർത്താക്കൾക്ക് ജനപങ്കാളിത്തത്തോടെ ഒട്ടനവധി അനുകരണീയമായ വികസന മാതൃകൾക്ക് രൂപം നല്കാൻ കഴിഞ്ഞിട്ടുണ്ട്.

കേരളത്തിനാവശ്യമായ വൈദ്യുതിയുടെ 30% മാത്രമേ നമുക്കിവിടെ ഉല്പാദിപ്പിക്കാൻ കഴിയുന്നുള്ളൂ. ഉല്പാദിപ്പിക്കുന്നതിന്റെ നല്ലൊരു ഭാഗം പ്രസരണ ചോർച്ചയിലൂടെയും ഊർജ്ജക്ഷമത കുറഞ്ഞ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിലൂടെയും പാഴായി പോകുന്നു. മറ്റു സംസ്ഥാനങ്ങളിൽ നിന്നും ഉയർന്ന വിലയ്ക്ക് വൈദ്യുതി വാങ്ങിയാണ് നമ്മുടെ സംസ്ഥാനം ആവശ്യം നിറവേറ്റുന്നത്. ജനസംഖ്യാ വർദ്ധനവും പാർപ്പിടങ്ങളുടെ എണ്ണത്തിലുണ്ടായ പെരുപ്പവും വലുപ്പത്തിലും പുതുമയിലും വന്ന മാറ്റവും ഉപകരണങ്ങളുടെ വൈവിധ്യത്തിലും വൈപുല്യത്തിലും വന്ന വർദ്ധനവും ഊർജ്ജ ഉപഭോഗത്തിൽ വൻ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. നവീന ഉപഭോഗ വസ്തുക്കൾ പുതിയൊരു ഉപഭോക്തൃ സംസ്കാരത്തിനു തന്നെ കാരണമായി. ഇതാകട്ടെ നിലവിലുള്ള ഊർജ്ജ പ്രതിസന്ധിയെ കൂടുതൽ സങ്കീർണ്ണമാക്കി. പ്രകൃതി വിഭവങ്ങളുടെ മേലുള്ള സമ്മർദ്ദത്തിന്റെ ശക്തി വർദ്ധിച്ചു. ഇനി വരുന്ന തലമുറയുടെ ജീവിതത്തെ തന്നെ ചോദ്യം ചെയ്യുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിലേക്ക് എത്തിച്ചു. ഇതിനെ ചെറുക്കാൻ പ്രാദേശികമായി എന്തുചെയ്യാം എന്ന അന്വേഷണമാണ് പിലിക്കോടിനെ "ഊർജ്ജയാനം" പരിപാടിയിലേക്ക് നയിച്ചത്.

### ഊർജ്ജയാനം ലക്ഷ്യങ്ങൾ

- പഞ്ചായത്തിലെ ജനതയുടെ വൈദ്യുതി ഉപഭോഗവും വൈദ്യുതി സംരക്ഷണവും വ്യക്തിനിഷ്ഠമായ തലത്തിൽ നിന്നും സാമൂഹ്യതല

പ്രകൃതി വിഭവങ്ങളുടെ മേലുള്ള സമ്മർദ്ദത്തിന്റെ ശക്തി വർദ്ധിച്ചു. ഇനി വരുന്ന തലമുറയുടെ ജീവിതത്തെ തന്നെ ചോദ്യം ചെയ്യുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിലേക്ക് എത്തിച്ചു. ഇതിനെ ചെറുക്കാൻ പ്രാദേശികമായി എന്തു ചെയ്യാം എന്ന അന്വേഷണമാണ് പിലിക്കോടിനെ "ഊർജ്ജയാനം" പരിപാടിയിലേക്ക് നയിച്ചത്.

ത്തിലേക്ക് പരിവർത്തനം ചെയ്യുക.

- സാങ്കേതിക അറിവുകളെ പ്രദേശത്തെ ജനതയുടെ തിരിച്ചറിവുകളാക്കി മാറ്റി , ശീലവ്യതിയാനത്തിലൂടെ ഊർജ്ജസംരക്ഷണ പ്രവർത്തനങ്ങളാക്കി മാറ്റുക.
- ഊർജ്ജ ധൂർത്തിൽ നിന്നും ഊർജ്ജ മിതവ്യയത്തിലേക്ക് തദ്ദേശീയരുടെ ജനാവബോധം വളർത്തുക.
- പഞ്ചായത്തിലെ ജനതയുടെ വൈദ്യുത ഉപഭോഗത്തിലെ പൊതു സ്വഭാവം ജനകീയ പങ്കാളിത്തത്തോടെ പഠനവിധേയമാക്കുക.
- ഊർജ്ജ സംരക്ഷണത്തിന് ബഹുജന പങ്കാളിത്തത്തോടെയുള്ള ബോധവല്ക്കരണം.
- പിലിക്കോട് ഗ്രാമപഞ്ചായത്തിനെ സമ്പൂർണ്ണ ഇൻകാഡിസെന്റ് ബൾബ് രഹിത പഞ്ചായത്തായി മാറ്റുക.
- 2018ൽ പൊതുസ്ഥാപനങ്ങളിലെ വിളക്കുകളും തെരുവുവിളക്കുകളും സമ്പൂർണ്ണമായി എൽ.ഇ.ഡി സംവിധാനത്തിലേക്ക് മാറ്റുക.
- ഘട്ടംഘട്ടമായി സൗരവൈദ്യുതിയുടെ വ്യാപനം.
- പരിസ്ഥിതി സംരക്ഷണത്തിലധിഷ്ഠിതമായ ഊർജ്ജസംരക്ഷണം.
- വിഭവങ്ങളുടെ മിതവ്യയത്തിലൂടെ ഊർജ്ജ സംരക്ഷണം.

പഞ്ചായത്തിലെ കുടുംബങ്ങളുടെ നിലവിലുള്ള വൈദ്യുതി ഉപഭോഗം, വൈദ്യുതി ഉപയോഗത്തിലെ ശീലങ്ങൾ, ഉപകരണങ്ങളുടെ കാര്യക്ഷമത, ഊർജ്ജം ലാഭകരമായി ഉപയോഗിക്കുന്നതിനെ കുറിച്ചുള്ള കാഴ്ചപ്പാട് തുടങ്ങിയവ സംബന്ധിച്ച വസ്തുനിഷ്ഠവും സമഗ്രവുമായ വിവരങ്ങൾ ശേഖരിച്ചും അപഗ്രഥിച്ചും മാത്രമേ ഈ മേഖലയുമായുള്ള ഏതൊരു പ്രവർത്തനവും മുന്നോട്ടു കൊണ്ടുപോകാനാവൂ. ഈ കാഴ്ചപ്പാടോടു കൂടി തന്നെയാണ് ഈ മേഖലയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) കേരള ഘടകവുമായി ബന്ധപ്പെടാനും ഈ പ്രവർത്തനത്തിന് ദിശാബോധം നേടിയെടുക്കാനും ശ്രമിച്ചത്. പഞ്ചായത്തിന്റെ അഭ്യർത്ഥന ഇ.എം.സി അംഗീകരിക്കുകയും ഒന്നാം ഘട്ടമെന്ന നിലയിൽ ഊർജ്ജ സംരക്ഷണത്തിന്റെ വിവിധ സങ്കേതങ്ങളെ കുറിച്ച് പഞ്ചായത്തിലെ സാമൂഹ്യ പ്രവർത്തകരും വൈദ്യുതി വകുപ്പ് ഉദ്യോഗസ്ഥരും ജനപ്രതിനിധികളും അടങ്ങുന്ന അമ്പത് പേർക്ക് ക്ലാസ്സ് നല്കി. ഈ ക്ലാസ്സ് തന്നെയാണ് ഊർജ്ജയാനത്തിന്റെ ആവേശമായി മാറിയത്.

## ആസൂത്രണവും നടത്തിപ്പും

ചിട്ടയായ ആസൂത്രണവും തയ്യാറെടുപ്പുമാണ് ഇത്തരം ഒരു ക്യാമ്പയിൻ പരിപാടിയുടെ വിജയകരമായ നടത്തിപ്പിന് ആധാരം. ഇതിനായി രൂപപ്പെടുത്തിയ കോർ കമ്മിറ്റി നിരന്തരമായി യോഗം ചേർന്ന് പരിപാടികൾ സമയബന്ധിതമായി ആസൂത്രണം ചെയ്യുകയും ഭരണസമിതി അതത് ഘട്ടങ്ങളിൽ ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. താഴെ പറയുന്ന തീരുമാനങ്ങളാണ് മുഖ്യമായും കൈക്കൊണ്ടത്.

1. വിപുലമായ ജനബോധന പരിപാടി നടത്തുക.
2. ഊർജ്ജ ഉപഭോഗം സംബന്ധിച്ചും വീടുകളിൽ ഉപയോഗിക്കുന്ന വൈദ്യുതി ഉപകരണങ്ങളെ സംബന്ധിച്ചും മറ്റ് ഊർജ്ജ ഉപാധികളെ സംബന്ധിച്ചും വിശദമായ സർവേ ഓരോ വീട് അടിസ്ഥാനത്തിലും നടത്തുക.
3. വ്യാപകമായ പ്രചരണപരിപാടികൾ ആസൂത്രണം ചെയ്തു നടപ്പിലാക്കുക.

സമഗ്രമായ ജനബോധനത്തിലൂന്നിയ പ്രവർത്തനങ്ങൾ മാത്രമേ ശാശ്വത ഗുണം ചെയ്യൂ എന്ന തിരിച്ചറിവിൽ നിന്നാണ് റിസോഴ്സ് ഗ്രൂപ്പിനെ വിപുലീകരിക്കുകയും ശാക്തീകരിക്കുകയും ചെയ്യുന്ന പ്രവർത്തനത്തിന് ആക്കം ലഭിച്ചത്. ഊർജ്ജയാനത്തിന്റെ സംഘടന പശ്ചാത്തലം ശക്തമാക്കാൻ നടത്തിയ പ്രധാന പ്രവർത്തനങ്ങളെ ഇങ്ങനെ ചുരുക്കാം.

- സാമൂഹിക പ്രവർത്തകരെയും സാങ്കേതിക വിദഗ്ദരെയും ഉൾപ്പെടുത്തി നടത്തിയ റിസോഴ്സ് ടീം വിപുലീകരണം. ഇ.എം.സിയിൽ നിന്ന് പരിശീലനം ലഭിച്ച 50 പേർക്ക് പുറമേ 50 പേർക്ക് കൂടി അധിക പരിശീലനം നല്കി.
- പഞ്ചായത്ത് തലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കാൻ രൂപീകരിച്ച കോർ ടീം.
- വാർഡുതല ഊർജ്ജയാന സമിതികളുടെ രൂപീകരണം.
- രാഷ്ട്രീയ പാർട്ടികൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ പ്രതിനിധികൾക്കായുള്ള പ്രത്യേക യോഗങ്ങൾ.
- അയൽസഭാ തലത്തിൽ വ്യാപകമായ ഊർജ്ജ സദസുകൾ, ക്ലാസ്സുകൾ, പ്രചരണങ്ങൾ, വാട്സാപ് കൂട്ടായ്മ (പഞ്ചായത്ത് തലം), ഗ്രാമസഭകൾ, ഗൃഹ സന്ദർശനപരിപാടി, വൈദ്യുതോപകരണങ്ങളുടെ ക്ഷമതക്കുറവ്, ശീലങ്ങളിലൂടെ ചോരുന്ന വൈദ്യുതി എന്നിവയെകുറിച്ചുള്ള സായാഹ്ന ചർച്ചകൾ.
- മീറ്റർ റീഡിംഗ് നടത്തുന്നതിനുള്ള പ്രായോഗിക പരിശീലന കളരി.

## ജനകീയ സർവ്വെ

പഞ്ചായത്തിലെ ജനതയുടെ നിലവിലുള്ള വൈദ്യുതി ഉപയോഗത്തിന്റെ നിജസ്ഥിതി വസ്തു

നിഷ്ഠമായി പഠിക്കുകയും പോരായ്മകൾ കണ്ടെത്തുകയും ചെയ്തത് ജനകീയ സർവ്വെ പരിപാടിയിലൂടെയാണ്.

## ജനകീയ സർവ്വെ പരിശീലനവും ഊർജ്ജ സെമിനാറും

ജനകീയ സർവ്വെ പരിശീലനത്തിൽ അയൽസഭകളെയും മറ്റും പ്രതിനിധികരിച്ച് തെരെഞ്ഞെടുക്കപ്പെട്ട 351 പേർ പങ്കെടുത്തു. ജനകീയ സർവ്വെ പരിശീലനവും ഊർജ്ജസെമിനാറും കെ.എസ്.ഇ.ബി ഡയറക്ടർ ഡോ:വി.ശിവദാസൻ ഉദ്ഘാടനം ചെയ്തു. ഇ.എം.സി ഡയറക്ടർ ധരേശൻ ഉണ്ണിത്താൻ സാങ്കേതിക കാര്യങ്ങളെ കുറിച്ച് പൊതു അവതരണം നടത്തി. ക്ലാസ്സുകളെ തുടർന്ന് പങ്കാളികൾ ചെറുഗ്രൂപ്പുകളായി മാറി സർവ്വേ ഫോറം ഉപയോഗിച്ച് നേരിട്ട് വീടുകൾ സന്ദർശിച്ച് സർവ്വെ നടത്തി. സർവ്വെയുടെ സാങ്കേതികമായ സവിശേഷതകളും സങ്കീർണ്ണതകളും സർവ്വെ ചെയ്യുമ്പോൾ സ്വീകരിക്കേണ്ട തന്ത്രങ്ങളും അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ബോധ്യപ്പെടാൻ വീട് സന്ദർശിച്ചുള്ള ഈ അനുഭവം സഹായകമായി.

## വിപുലമായ വിവരശേഖരണം

ശരാശരി 5 പേരടങ്ങിയ 125 ടീമുകൾ രണ്ട് ദിവസങ്ങളിലായി സർവ്വേ പ്രവർത്തനം നടത്തി. വീടിനകത്തെ വിവിധ വൈദ്യുതോപകരണങ്ങൾ, അവയുടെ ഉപയോഗക്രമം, ദുരുപയോഗത്തിന്റെ വഴികൾ, വയറിംഗിലെ അപാകതകൾ ഇവയൊക്കെ സർവ്വേ ടീം വിലയിരുത്തി. വീട്ടുടമയുമായി ആശയവിനിമയം നടത്തി.

സർവ്വേ പ്രവർത്തനം ഒരു വിവരശേഖരണ പ്രവർത്തനത്തിനപ്പുറം ഊർജ്ജസംരക്ഷണത്തിനായുള്ള ഒരു ബഹുജന വിദ്യാഭ്യാസ പരിപാടിയായി മാറി. വൈദ്യുതോർജ്ജം ലാഭിക്കാനുള്ള വ്യത്യസ്ത മാർഗ്ഗങ്ങളെ കുറിച്ചും ഇതിന്റെ ദുരുപയോഗം എങ്ങനെയെല്ലാം ഉണ്ടാകുന്നു എന്നതിനെ കുറിച്ചും ആശയ കൈമാറ്റം ഈ സർവ്വേയുടെ ഭാഗമായി ഉണ്ടായി.

## സർവ്വെ ക്രോഡീകരണം

സർവ്വെ ഫലങ്ങൾ കോർ കമ്മിറ്റിയിലും വാർഡ് ഊർജ്ജയാനം സമിതികളിലും സജീവമായി ചർച്ചചെയ്യപ്പെട്ടു. ഊർജ്ജ ഗ്രാമസഭയിൽ വൈദ്യുതിയുടെ പാഴ്ച്ചെലവിന്റെ കാണാപ്പുറം ചർച്ചയായി. ദൈനംദിന ജീവിതത്തിൽ ശ്രദ്ധിക്കേണ്ട ഊർജ്ജ മര്യാദകളും ശീലങ്ങളും വ്യക്തിക്കും കുടുംബത്തിനും മാത്രമല്ല സമൂഹത്തെയാകെ മാറ്റിമറിക്കുമെന്നുള്ള ബോധമണ്ഡലത്തിന്റെ



*2016-17 ലെ ഊർജ്ജ സംരക്ഷണ അവാർഡ് പഞ്ചായത്ത് പ്രസിഡന്റ് ടി.വി.ശ്രീധരൻ ഏറ്റുവാങ്ങുന്നു.*

തെളിച്ചം തന്നെയാണ് ഊർജ്ജയാനം സമ്മാനിച്ചത്. വീടുകളിൽ ഉപയോഗിക്കുന്ന സീറോ വാട്ട് ബൾബ് യഥാർത്ഥത്തിൽ സീറോ അല്ല എന്നും 10 വാട്ട് വരെ വൈദ്യുതി അതിന് ആവശ്യമാണെന്നും ജനം തിരിച്ചറിഞ്ഞു. 0.1 വാട്ടിന്റെ എൽ.ഇ.ഡി ബൾബ് ഒരു 10 W ന്റെ സ്ഥാനത്ത് 100 എണ്ണം കത്തിക്കാമെന്നതും പുത്തൻ അറിവായി. സാധാരണ ഫിലമെന്റ് ബൾബ് അത് ഉപയോഗിക്കുന്ന വൈദ്യുതിയുടെ 2% മാത്രമേ പ്രകാശമായി മാറ്റുന്നുള്ളൂ. ബാക്കി മുഴുവൻ ചൂടാക്കി മാറ്റുകയാണ്. എന്നാൽ എൽ.ഇ.ഡി ബൾബുകളാകട്ടെ 80%വും പ്രകാശമാക്കി മാറ്റുന്നു. ഈ തിരിച്ചറിവാണ് ഫിലമെന്റ് ബൾബിന് പകരം എൽ.ഇ.ഡി ബൾബ് എന്ന ആശയം ചിറകു വെയ്പ്പിച്ചത്. ഗൃഹസന്ദർശനത്തിലൂടെ ഫിലമെന്റ് ബൾബുകൾ ഓരോന്നായി മാറ്റപ്പെട്ടു. പഞ്ചായത്ത് ഓഫീസ് കേന്ദ്രത്തിലും അയൽസഭാ കേന്ദ്രങ്ങളിലും അവ സംഭരിക്കപ്പെട്ടു.

പിലിക്കോട് ഗ്രാമ പഞ്ചായത്തിലെ ജനതയുടെ വൈദ്യുതി ഉപയോഗം 2016 മാർച്ചിൽ നിന്ന് 2017 മാർച്ചിലേക്കെത്തുമ്പോൾ 101694 യൂണിറ്റ് കുറയ്ക്കാൻ കഴിഞ്ഞു എന്ന് കെ.എസ്.ഇ.ബി പിലിക്കോട് സെക്ഷനിൽ നിന്നും ലഭിച്ച കണക്ക് സൂചിപ്പിക്കുന്നു. ഊർജ്ജായനം പരിപാടിയുടെ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തി ഇ.എം.സി യുടെ 2016-17 ലെ ഊർജ്ജക സംരക്ഷണ അവാർഡിന് സമർപ്പിച്ച പ്രൊപ്പോസൽ പരിഗണിക്കപ്പെട്ടു. ഇൻസ്റ്റിറ്റ്യൂഷൻ /സംഘടനകൾ വിഭാഗത്തിലെ ഈ ഊർജ്ജ സംരക്ഷണ അവാർഡ് പ്രവർത്ത

ശരാശരി 5 പേരടങ്ങിയ 125 ടീമുകൾ രണ്ട് ദിവസങ്ങളിലായി സർവ്വേ പ്രവർത്തനം നടത്തി. വീടിനകത്തെ വിവിധ വൈദ്യുതോപകരണങ്ങൾ, അവയുടെ ഉപയോഗക്രമം, ദുരുപയോഗത്തിന്റെ വഴികൾ, വയറിംഗിലെ അപാകതകൾ ഇവയൊക്കെ സർവ്വേ ടീം വിലയിരുത്തി.

ഊർജ്ജ ഗ്രാമസഭയിൽ വൈദ്യുതിയുടെ പാഴ്ച്ചെല വിന്റെ കാണാപ്പുറം ചർച്ചയായി. ദൈനംദിന ജീവിതത്തിൽ ശ്രദ്ധിക്കേണ്ട ഊർജ്ജ മര്യാദകളും ശീലങ്ങളും വ്യക്തിക്കും കുടുംബത്തിനും മാത്രമല്ല സമൂഹത്തെയാകെ മാറ്റിമറിക്കുമെന്നുള്ള ബോധമണ്ഡലത്തിന്റെ തെളിച്ചം തന്നെയാണ് ഊർജ്ജയാനം സമ്മാനിച്ചത്.

നങ്ങളുടെ അംഗീകാരമായി മാറി.

**രണ്ടാം ഘട്ടം**

ഊർജ്ജയാനം രണ്ടാം ഘട്ട പരിപാടിയുടെ ലക്ഷ്യങ്ങൾ.

1. മുഴുവൻ വീടുകളിലെയും ഫിലമെന്റ് ബൾബുകൾ മാറ്റുകയും പകരം സബ്സിഡി നിരക്കിൽ ഇ എം സി നല്കുന്ന എൽ ഇ ഡി ബൾബുകൾ സ്ഥാപിക്കുകയും ചെയ്യുക വഴി ഫിലമെന്റ് ബൾബ് രഹിത പഞ്ചായത്താക്കി മാറ്റുകയും അതു വഴി വൻതോതിൽ വൈദ്യുതി ഉപയോഗം കുറയ്ക്കുകയും ചെയ്യുക.
2. ഇ എം സി യുടെ നേതൃത്വത്തിൽ പഞ്ചായത്തിലെ എല്ലാ സർക്കാർ ആഫീസുകളും ഊർജ്ജ ക്ഷമതാ ആഫീസുകളാക്കി മാറ്റുന്നതിന്റെ ഭാഗമായി പ്രസ്തുത സ്ഥാപനങ്ങളിൽ എൽ ഇ ഡി ബൾബുകളും ഫൈവ് സ്റ്റാർ ഫാൻ ഉൾപ്പെടെയുള്ള ഉപകരണങ്ങളും ലഭ്യമാക്കുക.
3. തെളിച്ചം, സുരക്ഷ, ഹരിതം പദ്ധതിയുടെ ഭാഗമായി ഒന്നാം ഘട്ടത്തിൽ ഇ എം സി നല്കുന്ന 200 തെരുവു വിളക്കുകളുടെ വിതരണം.

ഫിലമെന്റ് ബൾബ് രഹിത പഞ്ചായത്താക്കി മാറ്റാനുള്ള ദ്രുതഗതിയിലുള്ള കർമ്മപരിപാടിക്കാണ് പിന്നീട് ഊർജ്ജയാനം സമിതിയുടെ ശ്രദ്ധ പതിഞ്ഞത്. വീട് കയറിയുള്ള സ്ക്വാഡ് പ്രവർത്തനം, ഫിലമെന്റ് ബൾബുകളുള്ള വീട് കണ്ടെത്തൽ, ഫിലമെന്റ് ബൾബ് സ്വമേധയാ മാറ്റിവെയ്ക്കാനുള്ള ബോധവത്കരണം. ബോധവത്കരണ പ്രവർത്തനത്തിന്റെ ഫലമായി ഫിലമെന്റ് ബൾബ് മാറ്റിവെച്ചോ എന്ന പരിശോധന അയൽക്കൂട്ടതലത്തിൽ ഫിലമെന്റ് ബൾബ് രഹിത അയൽക്കൂട്ടം എന്ന ആശയം ഉറപ്പുവരുത്തൽ, ഫിലമെന്റ് ബൾബ് രഹിത വാർഡ് പ്രഖ്യാപനം, എൽ.ഇ.ഡി ബൾബ് നൽകാൻ സ്പോൺസർമാരെ കണ്ടെത്തൽ എന്നിങ്ങനെ അടുക്കും ചിട്ടയുമുള്ള പ്രവർത്തനങ്ങളിലൂടെയാണ് ഫിലമെന്റ് ബൾബ് രഹിത പഞ്ചായത്ത് എന്ന ആശയം പ്രാവർത്തികമാക്കാൻ സാധിച്ചത്. ഇ.എം.സിയിൽ നിന്ന് 16500 എൽ.ഇ.ഡി ബൾബുകൾ ഈ ആവശ്യത്തിലേക്കായി ലഭിക്കുകയുണ്ടായി. കെ.എസ്.ഇ.ബി വഴി 8900 എൽ.ഇ.ഡി ബൾബുകൾ ലഭിച്ചു. സ്പോൺസർമാരിലൂടെയും കുടുംബങ്ങൾ സ്വന്തം നിലയ്ക്കും 14500 ലധികം എൽ.ഇ.ഡി ബൾബുകൾ സ്ഥാപിച്ചു. 40000 എൽ.ഇ.ഡി ബൾബുകളാണ് ദക്ഷത കുറഞ്ഞ ബൾബുകളുടെ സ്ഥാനത്തേക്ക് കടന്നുവന്നത്.

2018 ഏപ്രിൽ 12 ന് മുഖ്യമന്ത്രി പിണറായി വിജയൻ പിലിക്കോട് ഗ്രാമപഞ്ചായത്തിനെ ഇന്ത്യയിലെ ആദ്യ ഫിലമെന്റ് ബൾബ് രഹിത പഞ്ചായത്തായി പ്രഖ്യാപിച്ചു.

പഞ്ചായത്തിലെ എല്ലാ ഓഫീസുകളും സ്ഥാപനങ്ങളും ഹരിത കാര്യാലയങ്ങളായി (ഗ്രീൻ ഓഫീസ്) മാറ്റപ്പെടുകയാണ്. ഈ പ്രവർത്തനത്തിന്റെ ഉദ്ഘാടനം നടത്തിയത് റവന്യു വകുപ്പ് മന്ത്രി ഇ.ചന്ദ്രശേഖരനാണ്. എല്ലാ ഓഫീസുകളിലേക്കും എൽ.ഇ.ഡി വിളക്കുകളും ദക്ഷത കുറഞ്ഞ വൈദ്യുത ഉപകരണങ്ങൾക്ക് പകരം ദക്ഷത കൂടിയ ഉപകരണങ്ങളും വിതരണം ചെയ്യുകയുണ്ടായി. എല്ലാ സ്ഥാപനങ്ങളിലെയും ഫാനുകളുടെ കണക്കെടുത്ത് അവയ്ക്ക് പകരം ഫൈവ് സ്റ്റാർ റേറ്റഡ് എഫിഷൻസി ഫാനുകൾ സൗജന്യമായി വിതരണം ചെയ്യുകയും പഴയ ഫാനുകൾ തിരിച്ചു വാങ്ങുകയും ചെയ്തു. ഇ.എം.സി ഇതിനായുള്ള ഫാനുകളും എൽ.ഇ.ഡി വിളക്കുകളും സൗജന്യമായി ലഭ്യമാക്കി.

വീടുകളിൽ പഴയ ഫാനുകൾക്കു പകരം 5 സ്റ്റാർ റേറ്റഡ് സീലിങ്ങ് ഫാനുകൾ മാറ്റിവെയ്ക്കാനുള്ള ശ്രമം നടന്നുവരുന്നു. സബ്സിഡി നിരക്കിലാണ് ഈ ഫാനുകൾ വിതരണം ചെയ്യുന്നത്. ആദ്യപടിയായി 1000 ഫാനുകൾ വിതരണത്തിന് സജ്ജമായിട്ടുണ്ട്. വിദ്യാർഥികളിൽ തന്നെ ഊർജ്ജ സംരക്ഷണ മൂല്യങ്ങൾ വളർത്തിയെടുക്കുക എന്നതാണ് ഊർജ്ജ സാക്ഷരതയുള്ള ഭാവി സമൂഹത്തിനെ വളർത്തിയെടുക്കാനുള്ള ഏറ്റവും നല്ല മാർഗ്ഗം. ഈ ലക്ഷ്യം മുന്നിൽ കണ്ടുകൊണ്ട് ജൂൺ 5ന് എല്ലാ വിദ്യാലയങ്ങളിലും ഊർജ്ജ ക്ലബ്ബ് രൂപീകരിച്ച് വിവിധങ്ങളായ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു. മാതൃക പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുന്ന വിദ്യാലയത്തിനും കുട്ടികൾക്കും പ്രോത്സാഹന സമ്മാനം കൊടുക്കുവാനും പരിപാടിയുണ്ട്. വിദ്യാലയങ്ങളിലും കുട്ടികളുടെ വീട്ടിലും ഊർജ്ജ മാനേജർ എന്ന നിലയിൽ കുട്ടികളുടെ ഉത്തരവാദിത്തം അവരെ ബോധ്യപ്പെടുത്തുന്നതും ഗുണകരമാണെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട്.

കേരളത്തിലെ മുൻസിപ്പാലിറ്റികളും കോർപ്പറേഷനുകളും ഗ്രാമപഞ്ചായത്തുകളും ഫിലമെന്റ് ബൾബ് രഹിത ആശയം പ്രാവർത്തികമാക്കിയാൽ ലോക രാജ്യങ്ങൾക്ക് നല്കുന്ന ഒരു മാതൃകാപാഠമായിരിക്കും അത്. പിലിക്കോട് ആരംഭിച്ച ഈ ശ്രമത്തിന് കേരള ഗ്രാമങ്ങളിലെല്ലാം അനുരണനങ്ങൾ ഉണ്ടായി കാണുന്നതിൽ അഭിമാനമുണ്ട്. ഒപ്പം ആഹ്ലാദവും.

*ലേഖകൻ പിലിക്കോട് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റാണ്.*



പൊതുവിദ്യാഭ്യാസം
ജനാവകാശം

# വിദ്യാധനസമ്പന്നം ഉണ്ണികുളം

ബിനോയ് ഇ.ടി.

നമ്മുടെ രാജ്യത്ത് 73 -ാം ഭരണഘടനാ ഭേദഗതിയിലൂടെ നിലവിൽ വന്ന പഞ്ചായത്ത് രാജിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തി കേരളത്തിൽ അധികാരവികേന്ദ്രീകരണം ഫലപ്രദമായി നടപ്പിലാക്കുന്നതിന് ശ്രമങ്ങൾ നടന്നുവരികയാണല്ലോ. ഗ്രാമപഞ്ചായത്തുകൾക്ക് ലഭ്യമായ അധികാരങ്ങളും ചുമതലകളും തിരിച്ചറിഞ്ഞ് വിവിധ മേഖലകളിൽ ഫലപ്രദമായി ജനകീയ പങ്കാളിത്തത്തോടെ വികസന മാതൃകകൾ സൃഷ്ടിക്കുന്നതിന് ഉണ്ണികുളം ഗ്രാമപഞ്ചായത്തിന് കഴിഞ്ഞിട്ടുണ്ട്.

ഉണ്ണികുളം ഗ്രാമപഞ്ചായത്തിൽ 12 എൽപി സ്കൂളുകളും 7 യുപി സ്കൂളുകളും 2 ഹയർ സെക്കണ്ടറി സ്കൂളുകളും അടക്കം 21 വിദ്യാലയങ്ങളുണ്ട്. ഇതിൽ 10 എണ്ണം എയ്ഡഡ് സ്ക്കൂളുകളും 11 എണ്ണം സർക്കാർ സ്ക്കൂളുകളുമാണ്. ഇതിൽ ഏകദേശം 6000ത്തിൽ അധികം വിദ്യാർത്ഥികൾ പഠിക്കുന്നു. അതോടൊപ്പം തന്നെ 46 അംഗൻവാടികളും പ്രവർത്തിക്കുന്നുണ്ട്.

പൊതു വിദ്യാലയ സംരക്ഷണം എന്ന ലക്ഷ്യത്തോടെ വിദ്യാഭ്യാസ മേഖലയിൽ നിലവിലുള്ള പ്രശ്നങ്ങൾ, പരിമിതികൾ, സാധ്യതകൾ എന്നിവ ഗ്രാമസഭ ഉൾപ്പെടെയുള്ള ജനകീയ സംവിധാനങ്ങളിലൂടെ കണ്ടെത്തി വിദശമായി ചർച്ച




ചെയ്ത് പഞ്ചായത്തുതല സമഗ്ര വിദ്യാഭ്യാസ പരിപാടി തയ്യാറാക്കി നടപ്പിലാക്കി വരികയാണ് ഉണ്ണികുളം

## സമീപനം

1. വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങളും ഭൗതിക സാഹചര്യങ്ങളും മെച്ചപ്പെടുത്തുക.
2. പഠന നിലവാരം ഉയർത്തുക .
3. വിദ്യാഭ്യാസ മേഖല ആധുനികവൽക്കരിക്കുക.
4. വിദ്യാർത്ഥികളിൽ പാരമ്പര്യം, പൈതൃകം, പ്രകൃതിസ്നേഹം ഇവ വളർത്തുക.
5. കൃത്യമായ ശുചിത്വ സംവിധാനവും ശുചിത്വ ശീലവും വളർത്തുക.
6. ഭാഷകൾ സംസാരിക്കാൻ കഴിയുന്ന നിലവാരത്തിലേക്ക് ഭാഷാപഠന നിലവാരം ഉയർത്തുക.
7. ബാലസൗഹൃദ തദ്ദേശഭരണ പ്രക്രിയയിൽ കുട്ടികളുടെ പങ്കാളിത്തം ഉറപ്പാക്കുക. ഇതിന്റെ ഭാഗമായി പഞ്ചായത്തുതലത്തിൽ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വിദ്യാഭ്യാസ മേഖലയിൽ പുത്തനുണർവ്വ് സൃഷ്ടിക്കാൻ സഹായിച്ചിട്ടുണ്ട്.

അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം തന്നെയാണ് പൊതു വിദ്യാലയങ്ങളുടെ പ്രധാന പോരായ്മ എന്നു മനസിലാക്കി കൊണ്ട് സർക്കാർ, പഞ്ചായത്ത്, എംപി, എം എൽ എ എന്നിവരുടെ സഹകരണത്തോടെ എല്ലാ സർക്കാർ വിദ്യാലയങ്ങൾക്കും കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞു. ഒരേ സമയം സർക്കാർ സ്കൂളുകളായിരിക്കുകയും എന്നാൽ വാടക സ്ഥലത്ത് പ്രവർത്തിക്കുകയും ചെയ്യുന്ന 3 സ്കൂളുകൾ പഞ്ചായത്തിന് വെല്ലുവിളിയായിരുന്നു. ഇതിൽ ഒരു വിദ്യാലയത്തിന് ഉദാരമതികളുടെയും പഞ്ചായത്തിന്റെയും പ്രവർത്തനഫലമായി സ്വന്തം സ്ഥലം വാങ്ങുവാനും എസ് എസ് എ, പഞ്ചായത്ത് ഫണ്ട് ഉപയോഗിച്ച് കെട്ടിടം നിർമ്മിച്ച് നല്ല രീതിയിൽ പ്രവർത്തിപ്പിക്കുവാനും കഴിഞ്ഞു. രണ്ടാമത്തെ വിദ്യാലയത്തെ പഞ്ചായത്തിന്റെ തന്നെ നേതൃത്വത്തിൽ ഏറ്റെടുത്ത് ജനകീയ കമ്മിറ്റി രൂപീകരിച്ച് പൊതുജനങ്ങളിൽ നിന്നും സർക്കാർ ഇതര ഏജൻസികളിൽ നിന്നും ധന സമാഹരണം നടത്തി ലോകോത്തര നിലവാരത്തിൽ പുനർനിർമ്മിക്കുന്ന പ്രവർത്തനം നടന്നു വരുന്നു. ഇത് കേരളത്തിൽ ഒരു ഉണ്ണികുളം മോഡൽ ആയി മാറുമെന്ന് ഭരണസമിതി പ്രതീക്ഷിക്കുന്നു.

ഇതോടൊപ്പം തന്നെ വിദ്യാലയങ്ങളുടെ ഭൗതികാവശ്യങ്ങൾക്കായി ഫണ്ട് മാറ്റി വയ്ക്കുന്നു. ലാബ് ഉപകരണങ്ങൾ, കമ്പ്യൂട്ടർ, എൽ സി ഡി പ്രൊജക്റ്ററുകൾ, സൗണ്ട് സിസ്റ്റം, ഫർണിച്ചറുകൾ, ബ്ലാക്ക് ബോർഡ്, ഉച്ചഭക്ഷണ പാത്രങ്ങൾ, സ്പോർട്സ് ഉപകരണങ്ങൾ, ചപ്പൽ റാക്ക് മുതലായവ ആവശ്യാനുസരണം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

കുട്ടികളുടെ ഗ്രാമസഭയിൽ ഉയർന്നു വന്ന ഒരു പരാതി ഹൈടെക്ക് ക്ലാസ്മുറികൾ വലിയ ക്ലാസുകളിൽ മാത്രമേ നൽകുന്നുള്ളൂ ചെറിയ ക്ലാസുകൾ പരിഗണിക്കപ്പെടുന്നില്ല എന്നായിരുന്നു. ഇതു പരിഗണിച്ച് 2017-2018 സാമ്പത്തിക വർഷത്തിൽ പഞ്ചായത്തിൽ വിദ്യാലയങ്ങളിലെ എല്ലാ ഒന്നാം ക്ലാസുകളെയും "ഒന്നാം ക്ലാസ് ഒന്നാന്തരം" എന്ന പദ്ധതിയിലൂടെ ഹൈടെക്ക് ക്ലാസ്മുറികൾ ആക്കാൻ ഭരണസമിതി തീരുമാനിച്ചു. സർക്കാരിന്റെ പ്രത്യേക അനുമതി ലഭ്യമായി. ഇതിന് 36 ലക്ഷം രൂപ പഞ്ചായത്ത് ചെലവഴിച്ചു. ക്ലാസ്മുറികൾ മനോഹരമായി പുതുക്കി പണിതു, ആൻഡ്രോയ്ഡ് ടിവി സ്ഥാപിച്ചു. അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും എഴുതാൻ ആവശ്യമായ ബോർഡുകൾ നല്കി, സൈഡ് റാക്ക്, ചപ്പൽ റാക്ക്, ഫാൻ, വാഷ് ബെയ്സിൻ ഉൾപ്പെടെ ക്ലാസ് മുറിയിൽ വേണ്ട എല്ലാ ഉപകരണങ്ങളും അതോടൊപ്പം ബാലസാഹിത്യ കൃതികളും ആവശ്യാനുസരണം ലഭ്യമാക്കി. വിദ്യാർത്ഥികൾക്ക് പൂർണ്ണമായും വ്യത്യസ്തമായ അന്തരീക്ഷം ക്ലാസ് മുറികളിൽ സൃഷ്ടിക്കാൻ സാധിച്ചു.

ഇതോടനുബന്ധിച്ചുതന്നെ 2018-2019 വർഷത്തിൽ എല്ലാ രണ്ടാം ക്ലാസുകളെയും ഹൈടെക്കാക്കുന്ന പദ്ധതി പഞ്ചായത്ത് ആവിഷ്കരിച്ച് ഡി പി സി യിൽ സമർപ്പിച്ച് അംഗീകാരം വാങ്ങി. സർക്കാർ അനുമതിയോടെ എല്ലാ രണ്ടാം ക്ലാസുകളെയും വരും വർഷങ്ങളിൽ 3,4,5 എന്ന

അടിസ്ഥാനസൗകര്യങ്ങളുടെ അഭാവം തന്നെയാണ് പൊതു വിദ്യാലയങ്ങളുടെ പ്രധാന പോരായ്മ എന്നു മനസിലാക്കി കൊണ്ട് സർക്കാർ, പഞ്ചായത്ത്, എംപി, എം എൽ എ എന്നിവരുടെ സഹകരണത്തോടെ എല്ലാ സർക്കാർ വിദ്യാലയങ്ങൾക്കും കെട്ടിടം നിർമ്മിക്കാൻ കഴിഞ്ഞു.

തോതിൽ ഹൈടെക്കാക്കി പഞ്ചായത്തിലെ വിദ്യാലയങ്ങളെ പൂർണ്ണമായും ആധുനികരീതിയിൽ എത്തിക്കാൻ പഞ്ചായത്ത് ഉദ്ദേശിക്കുന്നു. അതോടൊപ്പം തന്നെ എം.കെ. രാഘവൻ എം.പി.യുടെ പ്രധാൻമന്ത്രി സൻസദ് ആദർശ് യോജന പഞ്ചായത്ത് എന്ന രീതിയിൽ കോർപ്പറേറ്റ് കമ്പനികളുടെ സി എസ് ആർ ഫണ്ട് ഉൾപ്പെടെ വിദ്യാഭ്യാസ മേഖലയിലേക്ക് ലഭ്യമാകുന്നതിനുള്ള പ്രൊജക്ടുകൾ സമർപ്പിക്കുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നു.

കേരളത്തിൽ സർക്കാരിന്റെ നേതൃത്വത്തിൽ നടക്കുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങളുടെ ഫലമായി സ്വകാര്യവിദ്യാലയങ്ങളിൽ നിന്നും പൊതുവിദ്യാലയങ്ങളിലേക്കുള്ള വിദ്യാർത്ഥികളുടെ ഒഴുക്ക്, മെച്ചപ്പെട്ട പഠനനിലവാരം വിദ്യാർത്ഥികൾക്ക് ലഭ്യമാകാതിരുന്നാൽ നിലക്കും എന്ന തിരിച്ചറിവാണ് പഠന നിലവാരം മെച്ചപ്പെടുത്തുന്ന പദ്ധതികൾ ആവിഷ്കരിക്കാൻ പഞ്ചായത്തിനെ പ്രേരിപ്പിച്ചത്. ഇതിനായി സമഗ്ര വിദ്യാഭ്യാസ പരിപാടി എന്ന പേരിൽ 2016-2017 വർഷം മുതൽ ഗണിത ലാബ്, ഇംഗ്ലീഷ് തിയേറ്റർ ക്ലബ്, സയൻസ് ഫെസ്റ്റ്, ഭാഷാ ക്ലബുകൾ, കൃഷിപാഠം, സ്കൂൾ ലൈബ്രറി നിലവാരം ഉയർത്തൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി. ഗണിത ക്ലബുകളുടെ രൂപീകരണത്തിനായി പഞ്ചായത്തിലെ വിദ്യാലയങ്ങളിലെ ഗണിത അദ്ധ്യാപകർക്ക് പഞ്ചായത്ത് തലത്തിൽ പരിശീലനം നല്കി. ഗണിതം രസകരമായി പഠിപ്പിക്കുന്നതിനുള്ള ടീച്ചിംഗ് എയ്ഡ് നിർമ്മാണം, രീതിശാസ്ത്രം എന്നിവ പഠിപ്പിച്ചു. തുടർന്ന് ഓരോ സ്കൂളിലും പിടിഎയുടെ സഹായത്തോടെ പദ്ധതി നടപ്പിലാക്കി കുട്ടികളെ ഗണിതത്തിലേക്ക് ആകർഷിക്കാനും പഠനം രസകരവും അതേസമയം മൂല്യവത്താക്കാനും സാധിച്ചു.

## ഇംഗ്ലീഷ് തിയേറ്റർ ക്ലബ്

ഇംഗ്ലീഷ് ഭാഷാ പഠനത്തിലെ പോരായ്മകൾ പരിഹരിക്കുന്നതിനുള്ള ഇടപെടലിലൂടെ കുട്ടികളെ ഭയമില്ലാതെ ഭാഷ സംസാരിക്കുന്നതിനുള്ള അവസരം സൃഷ്ടിക്കുന്നതാണ് ഈ പദ്ധതി. ഇംഗ്ലീഷ് അദ്ധ്യാപകർക്ക് പഞ്ചായത്ത് തലത്തിൽ പരിശീലനം നല്കി ഒന്നാം ഘട്ടമായി ക്ലാസ് തലത്തിൽ പാഠപുസ്തകങ്ങളിലെ ഭാഗങ്ങൾ ഉപയോഗിച്ച് സ്ക്രിപ്റ്റുകൾ തയ്യാറാക്കി കുട്ടികളെ കൊണ്ട് അഭിനയിപ്പിച്ചും ഇതിലെ വിജയികളെ സ്കൂൾ തലത്തിലും തുടർന്ന് പഞ്ചായത്ത് തലത്തിലും മത്സരങ്ങൾ നിരന്തരം സംഘടിപ്പിച്ച് ഇതിലൂടെ പാഠഭാഗങ്ങൾ ഹൃദിസ്ഥമാക്കാനും അതോടൊപ്പം ഇംഗ്ലീഷ് സംസാരിച്ച് അഭിനയിക്കുന്നതിലൂടെ അനായാസം ഇംഗ്ലീഷ് സംസാരിക്കാനും ഇംഗ്ലീഷിൽ ആശയവിനിമയം നടത്താനും പഠിപ്പിച്ചു.

## സയൻസ് ഫെസ്റ്റ്

പഞ്ചായത്തിലെ യുപി സ്കൂൾ വിദ്യാർത്ഥികൾക്കായാണ് ഈ പരിപാടി സംഘടിപ്പിച്ചത്. ആദ്യഘട്ടത്തിൽ അദ്ധ്യാപകർക്ക് പഞ്ചായത്ത് തലത്തിൽ പരിശീലനം നല്കി കൃഷി, പ്ലാസ്റ്റിക്ക് സംസ്കരണം, ജലസംരക്ഷണം, മാലിന്യസംസ്കരണം, മൃഗസംരക്ഷണം എന്നിങ്ങനെയുള്ള മേഖലകളിൽ വിദ്യാർത്ഥികൾ അദ്ധ്യാപകരുടെ മേൽനോട്ടത്തിൽ പ്രൊജക്ടുകൾ തയ്യാറാക്കി ഇത്തരം പ്രൊജക്ടുകൾ ക്ലാസ് തലത്തിലും സ്കൂൾ തലത്തിലും പഞ്ചായത്ത് തലത്തിലും പരിശോധിച്ച് മികച്ചവയെ കണ്ടെത്തി സമ്മാനങ്ങൾ നൽകി. ഇതിലൂടെ സ്വയം പ്രൊജക്ടുകൾ തയ്യാറാക്കി ഗവേഷണാത്മക പഠനം എന്ന ലക്ഷ്യത്തിലേക്ക് വിദ്യാർത്ഥികളെ എത്തിക്കാൻ കഴിഞ്ഞു.

## കൃഷി പാഠം

ഈ പദ്ധതിയോടനുബന്ധിച്ച് പഞ്ചായത്തു തല ശിൽപശാല നടത്തി കൃഷി നാട്ടറിവുകൾ, ജൈവകൃഷി, ജൈവവളങ്ങളുടെയും ജൈവ കീടനാശിനികളുടെയും നിർമ്മാണം, മണ്ണ് പരിശോധന തുടങ്ങിയ അറിവുകൾ വിദ്യാർത്ഥികൾക്ക്

സമഗ്ര വിദ്യാഭ്യാസ പരിപാടി എന്ന പേരിൽ 2016-2017 വർഷം മുതൽ ഗണിത ലാബ്, ഇംഗ്ലീഷ് തിയേറ്റർ ക്ലബ്, സയൻസ് ഫെസ്റ്റ്, ഭാഷാ ക്ലബുകൾ, കൃഷിപാഠം, സ്കൂൾ ലൈബ്രറി നിലവാരം ഉയർത്തൽ തുടങ്ങിയ പദ്ധതികൾ നടപ്പിലാക്കി.



പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി സംസ്ഥാന സർക്കാരും തദ്ദേശ സ്ഥാപനങ്ങളും വളരെ താൽപര്യത്തോടെ നടത്തുന്ന ഇടപെടലുകൾ വിജയം കണ്ടുകൊണ്ടിരിക്കുന്ന കാഴ്ച സന്തോഷകരമാണ്. നമ്മുടെ നാടിന്റെ സംസ്കാരം നില നിർത്താൻ പൊതുവിദ്യാലയങ്ങൾ നിലനിന്നേ മതിയാവൂ. ഈ നാട് ഇങ്ങനെ തന്നെ നിലനിൽക്കാൻ വേണ്ടിയുള്ള ഈ പോരാട്ടത്തിൽ ഉണ്ണികുളം പഞ്ചായത്ത് മുൻപിലുണ്ടാകും.




പകർന്നു നൽകി. പഞ്ചായത്ത്, കൃഷി ഓഫീസ് ഉദ്യോഗസ്ഥർ മണ്ണ് പരിശോധന ഉൾപ്പെടെ എല്ലാത്തിനും നേതൃത്വം നൽകി ഓരോ സ്കൂളിലും കൃഷി നടത്തുകയും വിളവെടുപ്പ് ഉത്സവങ്ങൾ സംഘടിപ്പിക്കുകയും ചെയ്തു. പഞ്ചായത്തിലെ മുഴുവൻ വിദ്യാർത്ഥികൾക്കും പച്ചക്കറി വിത്ത് (6500 പാക്കറ്റ്) സൗജന്യമായി നൽകി. ഇതിലൂടെ പഴയ കാല കാർഷിക സമൃദ്ധിയുടെയും കൃഷിയുടെയും അറിവുകൾ കുട്ടികൾക്ക് സ്വായത്തമാക്കാൻ കഴിഞ്ഞു.

### ഭാഷാ ക്ലബ്ബുകൾ

മലയാളം, ഇംഗ്ലീഷ്, ഹിന്ദി എന്നീ ഭാഷകൾ അനായാസമായി കൈകാര്യം ചെയ്യുന്നതിന് വേണ്ടി ഭാഷാ ക്ലിനിക്കുകൾ ഓരോ സ്കൂളിലും സ്ഥാപിച്ചു. ഭാഷാപഠനത്തിനാവശ്യമായ പുസ്തകങ്ങൾ സ്കൂളുകൾക്കു നൽകി. സ്കൂൾ ഒന്നിന് 13000 രൂപയുടെ പുസ്തകം എന്ന രീതിയിൽ.

എല്ലാ സ്കൂൾ തലത്തിലും ഉപയോഗശേഷം വലിച്ചെറിയുന്ന പേനകൾ പെൻ ബിൻ ഡേ എന്ന പേരിൽ വിദ്യാർത്ഥികളിലൂടെ ശേഖരിക്കുകയും അന്നേ ദിവസം തന്നെ എല്ലാ വിദ്യാർത്ഥികൾ ക്കും ഒരു മഷി പേന വിതരണം ചെയ്യുകയും ചെയ്തു. സ്കൂളുകൾക്ക് ആവശ്യമായ ടോയ്‌ലറ്റുകൾ, ശുചിത്വ സംവിധാനങ്ങൾ എർപ്പെടുത്തി.

പഞ്ചായത്തിലെ പട്ടിജാതിയിൽപ്പെട്ട മുഴുവൻ എസ് സി ഹൈസ്കൂൾ വിദ്യാർത്ഥികൾക്കും സൈക്കിൾ വിതരണം നടത്തി. പ്രൊഫഷണൽ പഠനം നടത്തുന്ന എല്ലാ വിദ്യാർത്ഥികൾക്കും ലാപ്‌ടോപ്പ് വിതരണം ചെയ്തു. പഠനോപകരണങ്ങൾ, പാവപ്പെട്ട വിദ്യാർത്ഥികൾക്കു പഠനമുറി എന്നിവയും നൽകി.

വിദ്യാർത്ഥികളും യുവജനങ്ങളും അംഗങ്ങളായ ലൈബ്രറികൾ മെച്ചപ്പെടുത്തുന്നതിനായി ലൈബ്രറികൾക്ക് ഫർണിച്ചറുകളും പുസ്തകങ്ങളും നൽകി. 2018 - 2019 വാർഷിക പദ്ധതിയിൽ ലൈബ്രറികളെ വിവര വിജ്ഞാന കേന്ദ്രങ്ങളാക്കുന്നതിനുള്ള പദ്ധതികൾ ( വൈ ഫൈ സംവിധാനമുൾപ്പെടെ) തയ്യാറാക്കിയിട്ടുണ്ട്. വിദ്യാർത്ഥികൾ അംഗങ്ങളായ ക്ലബ്ബുകൾക്ക് സ്പോർട്സ് ഉപകരണങ്ങൾ വിതരണം ചെയ്തു. 60 ക്ലബുകൾക്ക് ഇത്തരത്തിൽ സഹായം ലഭ്യമാക്കി. ഇതിലൂടെ യുവജനങ്ങളുടെയും വിദ്യാർത്ഥികളുടെയും ശാക്തീകരണവും കോർഡിനേഷനും പഞ്ചായത്ത് തലത്തിൽ നടപ്പിലായി.

തൽപ്പരരായ മുഴുവൻ വിദ്യാർത്ഥികൾക്കും യോഗാ പരിശീലനം 2018-2019 വാർഷിക പദ്ധതിയിലൂടെ നടപ്പിലാക്കുന്നതിന് തുടക്കമിട്ടു. ഇത് വിദ്യാർത്ഥികളുടെ ശാരീരികവും മാനസികവുമായ ആരോഗ്യവും സമ്മർദ്ദരഹിതമായ ജീവിതവും ലഭ്യമാക്കാനുതകുമെന്ന് പഞ്ചായത്ത് കരുതുന്നു. ഒരു കാര്യം ഉറപ്പിക്കാൻ കഴിയും. പൊതുവിദ്യാഭ്യാസ സംരക്ഷണത്തിനായി സംസ്ഥാന സർക്കാരും തദ്ദേശ സ്ഥാപനങ്ങളും വളരെ താൽപര്യത്തോടെ നടത്തുന്ന ഇടപെടലുകൾ വിജയം കണ്ടുകൊണ്ടിരിക്കുന്ന കാഴ്ച സന്തോഷകരമാണ്. നമ്മുടെ നാടിന്റെ സംസ്കാരം നില നിർത്താൻ പൊതുവിദ്യാലയങ്ങൾ നിലനിന്നേ മതിയാവൂ. ഈ നാട് ഇങ്ങനെ തന്നെ നിലനിൽക്കാൻ വേണ്ടിയുള്ള ഈ പോരാട്ടത്തിൽ ഉണ്ണികുളം പഞ്ചായത്ത് മുൻപിലുണ്ടാകും.

*ലേഖകൻ ഉണ്ണികുളം ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്*



ഇവിടെ പ്ലാസ്റ്റിക്ക് മാലിന്യമല്ല

# ഇരവിപേരൂരിൽ പ്ലാസ്റ്റിക്കിന്റെ പുതുവഴികൾ

**അഡ്വ. രാജീവ് എൻ.**

പ്ലാസ്റ്റിക്ക് മാലിന്യസംസ്ക്കരണ രംഗത്ത് രാജ്യത്തിന് മാതൃകയായ പദ്ധതിയാണ് ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് നടപ്പാക്കി വരുന്ന പ്ലാസ്റ്റിക്ക് റോഡ്. 2011-12 കാലത്ത് നടപ്പാക്കിയ ജൈവമാലിന്യ സംസ്ക്കരണ സംവിധാനങ്ങളുടെ വിജയത്തെ തുടർന്നാണ് അജൈവ മാലിന്യ സംസ്കരണത്തെ സംബന്ധിച്ച പദ്ധതിയിലേക്ക് പഞ്ചായത്ത് കടക്കുന്നത്. പ്ലാസ്റ്റിക് മാലിന്യ സംസ്കരണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് ശുചിത്വമിഷൻ എം പാനൽ ചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്ന് ടെണ്ടർ ക്ഷണിച്ചാണ് 2.10 ലക്ഷം രൂപ വരുന്ന പ്ലാസ്റ്റിക്ക് ഷ്രെഡ്ഡിംഗ് യൂണിറ്റ് 2012-13ൽ സ്ഥാപിച്ചത്. പ്ലാസ്റ്റിക്ക് സംഭരണത്തിനായി സ്ക്കൂൾ-അങ്കണവാടികളിലായി ഡസ്റ്റ് ബിന്നുകൾ സ്ഥാപിച്ച് ശുചിയായ പ്ലാസ്റ്റിക്ക് സംഭരിക്കുന്നതിനുള്ള സംവിധാനം ഒരുക്കി. പ്രചരണ പരിപാടികൾ എന്ന നിലയിൽ പ്രത്യേകം ഗ്രാമസഭ വിളിക്കുകയും അങ്കണവാടി -ആശാ പ്രവർത്തകർ പ്രവർത്തനപരിപാടി വിശദീകരിക്കുന്ന നോട്ടീസ് വിതരണം നടത്തുകയും ചെയ്തു. ഇത്തരത്തിൽ ശുചിയാക്കിയ പ്ലാസ്റ്റിക്ക് സംഭരിച്ച് യൂണിറ്റിൽ എത്തിക്കുന്നതിനും ഷ്രെഡ്ഡ് ചെയ്യുന്നതിനുമായി 5 കുടുംബശ്രീ പ്രവർത്തകരെ ഉൾപ്പെടുത്തി "ഹരിത പ്ലാസ്റ്റിക്ക്" എന്ന ഗ്രൂപ്പ് രൂപീകരിച്ചു. ഗ്രൂപ്പിനുള്ള പരിശീലനം, മെഷീൻ



വിതരണം ചെയ്ത സ്ഥാപനവും കുടുംബശ്രീ ജില്ലാമിഷനും ഏറ്റെടുത്തു. പൊടിച്ച പ്ലാസ്റ്റിക് വാങ്ങുന്നതിനായി ചില ചെറുകിട വ്യവസായ യൂണിറ്റുകൾ തയ്യാറായെങ്കിലും എല്ലാത്തരത്തിലുമുള്ള പ്ലാസ്റ്റിക്കും ഏറ്റെടുക്കാത്തത് ബുദ്ധിമുട്ടുണ്ടാക്കി. ഈ സാഹചര്യത്തിലാണ് പ്ലാസ്റ്റിക്ക് റോഡ് എന്ന വെബ്സൈറ്റിനെകുറിച്ചും ചെന്നൈ കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഡോ. രാജഗോപാൽ വാസുദേവനെ കുറിച്ചും അറിഞ്ഞ് വിവരങ്ങൾ ശേഖരിച്ചത്. ലഭിച്ച വിവരങ്ങൾ പൊതുമരാമത്ത് വകുപ്പിന്റെ സാങ്കേതിക അനുമതിക്ക് സമർപ്പിച്ച് അനുമതി ലഭ്യമാക്കിയാണ് 2013 ഫെബ്രുവരിയിൽ പരീക്ഷണാടിസ്ഥാനത്തിൽ പൊടിച്ച പ്ലാസ്റ്റിക്ക് ഉപയോഗിച്ച് 100 മീറ്റർ റോഡ് ടാർ ചെയ്തത്. സാങ്കേതിക വിവരങ്ങളുടെ കുറവുമൂലം കോൺട്രാക്ടർമാരുടെയും എൻജിനീയർ വിഭാഗത്തിന്റേയും എതിർപ്പ് ഈ പ്രവർത്തനത്തിന് തടസ്സം ഉണ്ടാക്കിയെങ്കിലും പരിഹരിക്കപ്പെട്ടു. പ്ലാസ്റ്റിക്ക് ഉപയോഗിച്ചുള്ള റോഡ് ടാറിംഗിനെ സംബന്ധിച്ച് വിവരങ്ങൾ ലഭ്യമായെങ്കിലും പ്രായോഗിക തലത്തിൽ കണ്ടുപഠിക്കാൻ കഴിയാത്തത് എൻജിനീയറിംഗ് വിഭാഗത്തിന് വെല്ലുവിളിയായിരുന്നു. എന്നാൽ പരീക്ഷണാടിസ്ഥാനത്തിൽ നടത്തിയ ടാറിംഗ് വിജയം കണ്ടതിനാൽ പദ്ധതിയുടെ വ്യാപനത്തിനുള്ള ആത്മവിശ്വാസം ലഭിച്ചു.

ടാറിംഗിന് ആവശ്യമായി വരുന്ന ബിറ്റുമിന്റെ 8 ശതമാനം കുറവുചെയ്ത് പകരം പ്ലാസ്റ്റിക്ക് പൊടി കലർത്തുന്നതാണ് സാധാരണ രീതി. എന്നാൽ മരങ്ങളുടെ തണലും മറ്റുമുള്ള റോഡുകളിലെ മേൽപ്പരപ്പിനും നീരൊഴുക്കുള്ള റോഡുകളിലെ ആദ്യ ലയറിനും ബിറ്റുമിന്റെ അളവു കുറയ്ക്കാതെ പ്ലാസ്റ്റിക് കലർത്തുന്നത് ഫലം ചെയ്യുന്നുണ്ടെന്നാണ് അനുഭവം. ഇത്തരത്തിൽ ചെയ്യുന്ന പ്ലാസ്റ്റിക്ക് റോഡിന്റെ ബില്ല് തയ്യാറാക്കുമ്പോൾ അളവിൽ കുറവു ചെയ്ത ബിറ്റുമിന്റെ വില ഒഴിവാക്കേണ്ടതാണ്. കൂടാതെ 165 ഡിഗ്രി സെൽഷ്യസിൽ ചൂടായ മെറ്റലിനോടൊപ്പം പ്ലാസ്റ്റിക്ക് പൊടി ചേർക്കുന്ന സമയം ടാറിലേക്കുള്ള തീ ഒഴിവാക്കിയില്ലെങ്കിൽ പ്ലാസ്റ്റിക്ക് മിശ്രിതം കത്തുന്നതിനും അന്തരീക്ഷ മലിനീകരണത്തിനും ഇടയാക്കുന്നതാണ്.

2012 മുതൽ 2018 മാർച്ചുവരെയുള്ള കാലത്ത് 7320 കിലോ പ്ലാസ്റ്റിക്ക് മാലിന്യം സംഭരിച്ച് പൊടിക്കുകയും അതിൽ 6600 കിലോ വിവിധ വാർഡുകളിൽ 5.5 കിലോമീറ്റർ വരുന്ന റോഡ് ടാറിംഗിനായി ഉപയോഗിക്കുകയും ചെയ്തു. ഇത്തരത്തിൽ പ്ലാസ്റ്റിക്ക് മാലിന്യത്തിന്റെ ശാസ്ത്രീയമായ സംസ്കരണം കൊണ്ടുള്ള ഗ്രാമപഞ്ചായത്തിന്റെ വരുമാനം 69000 രൂപയാണ്. കൂടാതെ പൊതുമരാമത്ത് വകുപ്പ് പ്ലാസ്റ്റിക്ക് റോഡ് നടപ്പാക്കാനായി ഉത്തരവ് പുറപ്പെടുവിച്ച തിന്റെ അടിസ്ഥാനത്തിൽ വിവിധ ഡിവിഷണൽ ഓഫീസുകളുമായി ബന്ധപ്പെട്ട് പ്ലാസ്റ്റിക്ക് കിലോയ്ക്ക് 20 രൂപ നിരക്കിൽ വിൽപന നടത്തിയതിൽ വെച്ച് 32000 രൂപയും വരുമാനം ലഭിച്ചിട്ടുണ്ട്.

ഇരവിപേരൂർ ഗ്രാമപഞ്ചായത്തിന് പ്രധാനമന്ത്രിയുടെ പൊതുഭരണ അവാർഡ് ലഭിച്ചതിന് ഇടയാക്കിയ 10 പദ്ധതികളിൽ പ്രധാനപ്പെട്ടത് പ്ലാസ്റ്റിക്ക് റോഡാണ്. ദേശീയ ജൈവവൈവിധ്യ ബോർഡ്, സി എം എഫ് ആർ ഐ, എസ്സ് എ ജി വൈ മുതലായ ദേശീയ അവാർഡുകൾ നേടുന്നതിന് ഈ പദ്ധതി വിലയിരുത്തപ്പെട്ടിട്ടുണ്ട്. പൊതുഭരണ അവാർഡിന് ഇടയാക്കിയ പഞ്ചായത്തിന്റെ പദ്ധതികൾ രാജ്യത്ത് 12 സംസ്ഥാനങ്ങൾ അനുകരിക്കുന്നതിനായി തെരഞ്ഞെടുത്തതിൽ പ്ലാസ്റ്റിക്ക് റോഡും ഉൾപ്പെടും. 2015 ൽ സംസ്ഥാന ആസൂത്രണ ബോർഡ് മാതൃകാ പദ്ധതി എന്ന നിലയിൽ പ്ലാസ്റ്റിക്ക് റോഡ് തിരഞ്ഞെടുക്കുകയും സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളും അനുകരിക്കുന്നതിനായി സംസ്ഥാന സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുമുണ്ടായി. 2018 ഏപ്രിലിൽ ആഫ്രിക്കയിൽ നിന്നുള്ള 9 രാജ്യങ്ങളിലെ പ്രതിനിധികൾ പ്ലാസ്റ്റിക്ക് റോഡ് പ്രവർത്തനം കണ്ടുപഠിക്കുന്നതിനായി പഞ്ചായത്ത് സന്ദർശിച്ചിരുന്നു.

*ഇരവിപേരൂർ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റാണ് ലേഖകൻ*

# കാട്ടാക്കട ഗ്രാമപഞ്ചായത്ത് സംസ്ഥാനത്ത് ഒന്നാമത്

**2018–19 പദ്ധതി അംഗീകാരത്തിൽ ഒന്നാമത്**

**എസ്. അജിത**



ഒരു ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രാധാന്യമർഹിക്കുന്നത് അതിന്റെ വാർഷികപദ്ധതി തയ്യാറാക്കലാണ്. സാധാരണഗതിയിൽ ഒരു സാമ്പത്തിക വർഷത്തെ പദ്ധതി രൂപീകരിച്ച് അംഗീകാരം നേടി നിർവ്വഹണം ആരംഭിക്കുമ്പോൾ ആ വർഷത്തിന്റെ പകുതിയോളം സമയം കഴിഞ്ഞിരിക്കും. പിന്നീട് നിർവ്വഹണത്തിന് ലഭിക്കുന്നത് കേവലം അഞ്ചോ ആറോ മാസങ്ങൾ മാത്രമാണ്. ഇത് പദ്ധതികളുടെ ഗുണനിലവാരത്തെ ബാധിക്കുന്നുവെന്നത് നിരന്തരം കേൾക്കുന്ന പരാതിയും ഒരു പരിധിവരെ ശരിയുമായിരുന്നു. ഈ പ്രവണതയ്ക്ക് അറുതിവരുത്തുന്നതിനുള്ള ശ്രമം സർക്കാരിന്റെ പ്രഖ്യാപിതനയത്തിന്റെ ഭാഗമായി പതിമൂന്നാം പഞ്ചവത്സര പദ്ധതിയുടെ ആദ്യ വർഷത്തിൽ തന്നെ ആരംഭിച്ചിരുന്നു. അതിന്റെ ഫലമായി 2017-18 വർഷത്തെ പദ്ധതികൾക്ക് സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ അംഗീകാരം നേടാൻ കഴിഞ്ഞിരുന്നില്ലെങ്കിലും ജൂൺ മാസം പകുതിയോടെ അംഗീകാര പ്രക്രിയ എല്ലാ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും പൂർത്തിയാക്കുകയും പദ്ധതി നിർവ്വഹണത്തിന് ഇദംപ്രഥമമായി ഒൻപത് മാസത്തിലേറെ സമയം ലഭിക്കുന്ന സാഹചര്യവും ഉണ്ടായി. അതിന്റെ ഊർജ്ജം ഉൾക്കൊണ്ട് 2018-19 ലെ വാർഷികപദ്ധതിക്ക് 2017-18 സാമ്പത്തിക വർഷം തന്നെ അംഗീകാരം ലഭിക്കണമെന്ന ഇച്ഛാശക്തിയോടെ 2018-19 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകി 2017 നവംബറിൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു.

സർക്കാർ ഉത്തരവ് സമയബന്ധിതമായി നടപ്പിലാക്കണമെന്നും സംസ്ഥാനത്ത് പദ്ധതി

**സർക്കാർ ഉത്തരവ് സമയബന്ധിതമായി നടപ്പിലാക്കണമെന്നും സംസ്ഥാനത്ത് പദ്ധതി രൂപീകരണം പൂർത്തിയാക്കുന്ന ആദ്യ ഗ്രാമപഞ്ചായത്തിലൊന്നായി കാട്ടാക്കട ഗ്രാമപഞ്ചായത്ത് മാറണമെന്നും കക്ഷിരാഷ്ട്രീയ ഭേദമന്യെ ഗ്രാമപഞ്ചായത്ത് സമിതി ഒറ്റക്കെട്ടായി തീരുമാനമെടുത്തു.**




രൂപീകരണം പൂർത്തിയാക്കുന്ന ആദ്യ ഗ്രാമപഞ്ചായത്തിലൊന്നായി കാട്ടാക്കട ഗ്രാമപഞ്ചായത്ത് മാറണമെന്നും കക്ഷിരാഷ്ട്രീയ ഭേദമെന്യേ ഗ്രാമപഞ്ചായത്ത് സമിതി ഒറ്റക്കെട്ടായി തീരുമാനമെടുത്തു. തുടർന്ന് 2017 ഡിസംബർ മാസം തന്നെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും യോഗം ചേർന്നു. അതിനെ തുടർന്ന് അതേമാസം തന്നെ ചേർന്ന ആദ്യ വർക്കിംഗ് ഗ്രൂപ്പ് യോഗത്തിൽ സ്റ്റാറ്റസ് റിപ്പോർട്ട് പരിഷ്കരിക്കുകയും പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കുകയും ചെയ്തു. പദ്ധതി നിർദ്ദേശങ്ങൾ, നിർവ്വഹണ ഉദ്യോഗസ്ഥതലത്തിലും വിഷയവിദഗ്ധ സമിതിയിലും പഞ്ചായത്തുതല ആസൂത്രണ സമിതിയിലും തുടർന്ന് ചേർന്ന ഗ്രാമപഞ്ചായത്ത് സമിതിയിലും നിരവധി ചർച്ചകൾക്കും ഭേദഗതികൾക്കും വിധേയമാക്കി കരട് പദ്ധതി നിർദ്ദേശങ്ങൾ തയ്യാറാക്കുകയുണ്ടായി.

അതോടൊപ്പം, 2018 ജനവരി 29 ന് വാർഷിക പദ്ധതി മാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചു. കരട് നിർദ്ദേശങ്ങൾ ചർച്ചചെയ്യുന്നതിനും കൂടുതൽ നിർദ്ദേശങ്ങൾക്കുമായി 2018 ഫെബ്രുവരി ആദ്യവാരം 2018-19 വർഷത്തെ പദ്ധതി രൂപീകരണ ഗ്രാമസഭകളും ഊരുകൂട്ടയോഗവും ചേരുകയുണ്ടായി. അതിനുശേഷം ഗ്രാമസഭകളും ഊരുകൂട്ടവും അംഗീകരിച്ച പദ്ധതി നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിനായി2018 ഫെബ്രുവരി 16 ന് എല്ലാ വർക്കിംഗ് ഗ്രൂപ്പുകളും യോഗം ചേരുകയും നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് കരട് പദ്ധതിരേഖയ്ക്ക് രൂപം നൽകുകയുമുണ്ടായി. കരട് പദ്ധതി രേഖ വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും ഗ്രാമപഞ്ചായത്ത് സമിതിയും ചർച്ച ചെയ്യുകയും 2018 ഫെബ്രുവരി 27 ന് പദ്ധതി രേഖ അന്തിമമാക്കുന്നതിനുള്ള വികസന സെമിനാർ കൂട്ടുന്നതിന് തീരുമാനിക്കുകയും ചെയ്തു. അതേസമയംതന്നെ നിർവ്വഹണ ഉദ്യോഗസ്ഥർ പ്രോജക്ടുകളുടെ ഡാറ്റാ എൻട്രി ആരംഭിച്ചിരുന്നു.

അഞ്ചു ദിവസംകൊണ്ട് എഴുപതോളം പ്രവൃത്തികളുടെ എസ്റ്റിമേറ്റെടുക്കുകയും എസ്റ്റിമേറ്റെടുക്കുന്ന വേളയിൽതന്നെ ഡാറ്റാ എൻട്രി ചെയ്യുന്ന പ്രവൃത്തിയും നടത്തിയ നിർവ്വഹണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനിയറുടെ പ്രവത്തനം വളരെ ശ്ലാഘനീയമാണ്. വികസന സെമിനാർ ചേരുന്നതിന് മുൻപ് തന്നെ കരട് പദ്ധതി രേഖയിൽ ഉൾപ്പെട്ട പ്രവൃത്തികളുടെ ഡാറ്റാ എൻട്രി എല്ലാ നിർവ്വഹണ ഉദ്യോഗസ്ഥരും പൂർത്തിയാക്കിയിരുന്നു. തുടർന്ന് 2018 ഫെബ്രുവരി 2 ന് വികസനസെമിനാർ യോഗം ചേരുകയും പദ്ധതി രേഖയ്ക്ക് അന്തിമരൂപം നൽകുകയും ചെയ്തു. 2018 ഫെബ്രുവരി 28 രാവിലെ ചേർന്ന സ്റ്റാന്റിംഗ് കമ്മിറ്റികളും അന്നേദിസവം ഉച്ചയ്ക്കുചേർന്ന ഗ്രാമപഞ്ചായത്ത് സമിതിയും അന്തിമ പദ്ധതിരേഖ അംഗീകരിച്ചു. അന്നേദിവസം വൈകുന്നേരം വർക്കിംഗ് ഗ്രൂപ്പുകൾ യോഗം ചേരുകയും നിർവ്വഹണ ഉദ്യോഗസ്ഥൻ ഡാറ്റാ എൻട്രി ചെയ്ത പ്രോജക്ടുകൾ പരിശോധിച്ച് അന്തിമരൂപം നൽകുകയും ചെയ്തു. ഗ്രാമപഞ്ചായത്തിന്റെ എല്ലാ പ്രവർത്തന ങ്ങൾക്കും തിരുവനന്തപുരം ജില്ലാ ആസൂത്രണസമിതിയുടെ കലവറയില്ലാത്ത സഹായം ലഭ്യമായിരുന്നു. തുടർന്ന് പദ്ധതി അംഗീകാരത്തിന് അയയ്ക്കുന്നതിനുള്ള സോഫ്റ്റ്‌വെയറിനുള്ള കാത്തിരിപ്പായിരുന്നു. മാർച്ച് 2-ാം തീയതി രാത്രി സോഫ്റ്റ്‌വെയർ ലഭ്യമായ അറിയിപ്പ് ആസൂത്രണ സമിതിയിൽ നിന്നും ലഭ്യമായ നിമിഷം അംഗീകാരത്തിനായി ഓൺലൈനായി സമർപ്പിക്കുകയും അടുത്ത ദിവസം രാവിലെ രേഖകൾ ആസൂത്രണ സമിതിക്ക് സമർപ്പിക്കുകയും ചെയ്തു. 2018 മാർച്ച് 3 ന് ഗ്രാമപഞ്ചായത്തിന്റെ 147 പ്രോജക്ടുകളടങ്ങിയ 2018-19 വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിക്കുന്നു. ചരിത്ര നിമിഷം..... കാട്ടാക്കട ഗ്രാമപഞ്ചായത്ത് ചരിത്രത്തിലേക്ക്.... ഒരു വർഷത്തെ പ്രോജക്ടിന് തൊട്ടു മുൻ വർഷം അംഗീകാരം നേടണമെന്ന സർക്കാർ നയം പ്രാവർത്തികമാക്കിയ സംസ്ഥാനത്തെ ആദ്യ തദ്ദേശ ഭരണ സ്ഥാപനം എന്ന ഖ്യാതി കാട്ടാക്കട ഗ്രാമപഞ്ചായത്തിന്....... ആ ചരിത്ര നിമിഷത്തിന് സാക്ഷ്യം വഹിക്കാൻ ഗ്രാമപഞ്ചായത്ത് സമിതി അംഗങ്ങൾ കക്ഷിഭേദമന്യേ ആസൂത്രണ സമിതി യോഗത്തിൽ ഹാജരുണ്ടായിരുന്നു. ഇച്ഛാശക്തിയും ഒത്തൊരുമയോടെയുള്ള പ്രവർത്തനവുമുണ്ടെങ്കിൽ എന്തും പ്രവർത്തികമാക്കാമെന്നതിന് നേർസാക്ഷ്യം...

ചരിത്ര നിമിഷം..... കാട്ടാക്കട ഗ്രാമപഞ്ചായത്ത് ചരിത്രത്തിലേക്ക്.... ഒരു വർഷത്തെ പ്രോജക്ടിന് തൊട്ടു മുൻ വർഷം അംഗീകാരം നേടണമെന്ന സർക്കാർ നയം പ്രാവർത്തികമാക്കിയ സംസ്ഥാനത്തെ ആദ്യ തദ്ദേശ ഭരണ സ്ഥാപനം എന്ന ഖ്യാതി കാട്ടാക്കട ഗ്രാമപഞ്ചായത്തിന്.......

*ലേഖിക കാട്ടാക്കട ഗ്രാമപഞ്ചായത്ത് പ്രസിഡന്റാണ്*



**വേസ്റ്റിൽ നിന്നും വരുമാനം**

# പ്ലാസ്റ്റിക്കിനെതിരെ അഴിയൂരിന്റെ പോരാട്ടം

**ടി. ഷാഹുൽ ഹമീദ്**

കോഴിക്കോട് ജില്ലയിൽ ജനസാന്ദ്രത ഏറ്റവും കൂടുതൽ ഉള്ള ഒരു തീരദേശ ഗ്രാമപഞ്ചായത്താണ് അഴിയൂർ. വെറും 947 ച. കിമീറ്ററിൽ 32,000 പേർ ജീവിക്കുന്നു. 7 വാർഡുകൾ, 2 മൽസ്യ ഗ്രാമങ്ങൾ ഉൾപ്പെടെ 5 കി.മീറ്റർ നീളത്തിൽ തീരദേശം അഴിയൂരിന്റെ പ്രത്യേകതയാണ് ഹരിത കേരളം മിഷന്റെ പ്രവർത്തനങ്ങളിൽ പ്രചോദനം ഉൾക്കൊണ്ടുകൊണ്ട്, പ്രകൃതിക്ക് ഭീഷണിയായ പ്ലാസ്റ്റിക്കിനെതിരെ സന്ധിയില്ലാ യുദ്ധം നയിച്ച് വേറിട്ട പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് വിജയഗാഥ സൃഷ്ടിക്കുവാൻ അഴിയൂർ ഗ്രാമപഞ്ചായത്തിന് ചുരുങ്ങിയ 6 മാസം കൊണ്ട് സാധിച്ചു.

### ഹരിത കർമ്മസേന

പ്രകൃതിക്ക് വിനാശം ഉണ്ടാക്കുന്ന പ്ലാസ്റ്റിക്കിനെതിരെ മുന്നിൽ നിന്ന് പ്രവർത്തിക്കുന്നത് 15 അംഗ ഹരിതകർമ്മസേനയാണ്. വേറിട്ട മാതൃകയിലാണ് ഹരിത കർമ്മസേനയെ തെരഞ്ഞെടുത്തത്. താത്പര്യമുള്ള വനിതകൾക്ക് സാമൂഹ്യാധിഷ്ഠിത പരിശീലനം നൽകി. ആത്മസമർപ്പണം ചെയ്യാൻ തയ്യാറുള്ള ചുറുചുറുക്കുള്ള 15 അംഗ ഹരിത കർമ്മസേനയെ തെരഞ്ഞെടുത്തു. വിഇഒയുടെ നേതൃത്വത്തിൽ തുടർപരിശീല

പഞ്ചായ ത്തിലെ മുഴുവൻ പ്ലാസ്റ്റിക്കുകളും ഇല്ലായ്മ ചെയ്യുവാനും ഉപയോഗിച്ച പ്ലാസ്റ്റിക്കുകളെ പുനരുപ യോഗത്തിന് സജ്ജമാക്കുവാനുമുള്ള ചരിത്രപരമായ ഉത്തരവാദിത്തം എണ്ണയിട്ട യന്ത്രം പോലെ നിറവേറ്റുന്ന ഹരിത കർമ്മസേനയ്ക്ക് താങ്ങും തണലുമായി പഞ്ചായത്ത് നിലകൊണ്ടു.



നം സംഘടിപ്പിച്ച് പഞ്ചായത്തിലെ മുഴുവൻ വീടുകളിലും സ്ഥാപനങ്ങളിലും മാസത്തിൽ ഒരു തവണ സന്ദർശനം നടത്തി പ്ലാസ്റ്റിക് ശേഖരിക്കുകയും പഞ്ചായത്ത് തയ്യാറാക്കിയ വേർതിരിവ് കേന്ദ്രത്തിൽ എത്തിച്ച് നല്ല വൃത്തിയുള്ള പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡിംഗ് യൂണിറ്റിൽ എത്തിച്ച് പൊടിക്കുകയാണ് ഹരിതകർമ്മസേന പ്രവർത്തകർ ചെയ്യുന്നത്. പഞ്ചായ ത്തിലെ മുഴുവൻ പ്ലാസ്റ്റിക്കുകളും ഇല്ലായ്മ ചെയ്യുവാനും ഉപയോഗിച്ച പ്ലാസ്റ്റിക്കുകളെ പുനരുപയോഗത്തിന് സജ്ജമാക്കുവാനുമുള്ള ചരിത്രപരമായ ഉത്തരവാദിത്തം എണ്ണയിട്ട യന്ത്രം പോലെ നിറവേറ്റുന്ന ഹരിത കർമ്മസേനയ്ക്ക് താങ്ങും തണലുമായി പഞ്ചായത്ത് നിലകൊണ്ടതോടെ 14,000 കിലോ പ്ലാസ്റ്റിക്കുകൾ പൊടിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകാൻ സാധിച്ചു. 1,10,000 രൂപ ഈ ഇനത്തിൽ 6 മാസം കൊണ്ട് ലഭിച്ചു.



## പഞ്ചായത്തിന്റെ സഹായം

അഴിയൂരിനെ പ്ലാസ്റ്റിക് രഹിത ഗ്രാമപഞ്ചായത്താക്കുന്നതിന് താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തി.

- പ്രത്യേക ഗ്രാമസഭകൾ സംഘടിപ്പിച്ച് പ്ലാസ്റ്റിക്കിനെതിരെ അവബോധം സൃഷ്ടിച്ചു.
- പ്ലാസ്റ്റിക് വേസ്റ്റ് മാനേജ്മെന്റ് ബൈല ഉണ്ടാക്കി. 50 മൈക്രോണിന് താഴെയുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾ നിരോധിച്ചു. കുട്ടികളിൽ അവബോധം ഉണ്ടാക്കുവാൻ കുട്ടികളുടെ ഗ്രാമസഭ സംഘടിപ്പിച്ചു. വ്യാപാരികളുടെ മേഖല യോഗങ്ങൾ സംഘടിപ്പിച്ച് പിന്തുണനേടി.
- ഹരിതകർമ്മസേന രൂപീകരിച്ച് 6 മാസക്കാലം ഓണറേറിയം പ്ലാൻഫണ്ടിൽ നിന്ന് നൽകി. യൂണിഫോമും മറ്റ് അടിസ്ഥാന സൗകര്യങ്ങളും ഒരുക്കി. 13 ലക്ഷം രൂപയ്ക്ക് മിനി എംആർഎഫ് നിർമ്മിച്ച് ക്ലീൻ കേരള കമ്പനിക്ക് നൽകി.
- തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വീടുകളിൽ വളക്കുഴി നിർമ്മിച്ച് നൽകി. മുഴുവൻ വീടുകൾക്കും സ്ഥാപനങ്ങൾക്കും സ്മാർട്ട് ശുചിത്വ കാർഡ് വിതരണം ചെയ്തു. മാലിന്യ സംസ്കരണത്തിന്റെ തോതനുസരിച്ച് വീടുകളെ തരംതിരിച്ചു. പ്ലാസ്റ്റിക് കത്തിച്ചവർക്കെതിരെ കർശന നടപടി സ്വീകരിച്ചു.
- തീരദേശവാസികളെ ബോധവൽക്കരിക്കുന്നതിനായി തീരദേശ ഗ്രാമസഭ സംഘടിപ്പിച്ചു.
- വീടുകൾക്ക് മാസത്തിൽ 20 രൂപയും മറ്റ് സ്ഥാപനങ്ങൾക്ക് 30രൂപയും യൂസർഫീ ചുമത്തി.
- പഞ്ചായത്ത് സ്വന്തമായി ഒരു മൊബൈൽ ആപ്പ് ഉണ്ടാക്കി ജനങ്ങളിൽ നിന്ന് പരാതികളും അഭിപ്രായങ്ങളും സ്വീകരിച്ചു.
- പുഴയോരസഭ സംഘടിപ്പിച്ചു.
- മാലിന്യത്തിൽ നിന്ന് സ്വാതന്ത്ര്യം എന്ന ആശയം മുൻനിർത്തി 18 വാർഡുകളിലും പ്രത്യേക പരിപാടികൾ സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി ജനകീയ ചിത്രരചന ക്യാമ്പ് സംഘടിപ്പിച്ചു.
- സ്റ്റാന്റിംഗ് കമ്മിറ്റിയുടെ (ആരോഗ്യം, വിദ്യാഭ്യാസം) നേതൃത്വത്തിൽ ഹരിത കർമ്മസേനയെ മോണിറ്റർ ചെയ്യുവാനുള്ള പ്രത്യേക സംവിധാനം ഉണ്ടാക്കി.
- അജൈവ മാലിന്യങ്ങൾ കേരള സ്ക്രാപ്പ് മർ

ച്ചന്റ്സ് അസോസിയേഷനമായി ചേർന്ന് റീസൈക്കിൾ ചെയ്യുന്നു.

## ക്ലീൻ കേരള കമ്പനി

പ്ലാസ്റ്റിക് നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ സക്രിയമായിരുന്ന അഴിയൂരിന് നവ ഊർജ്ജം ലഭിച്ചത് ക്ലീൻ കേരള കമ്പനിയുടെ സഹായം ലഭിച്ചതിന് ശേഷമാണ്. അഴിയൂരിലെ ഷ്രെഡ്ഡിംഗ് യൂണിറ്റിനെ ക്ലീൻ കേരള കമ്പനിയുടെ കളക്ഷൻ സെന്ററായി അംഗീകരിച്ചു. ജനങ്ങളിൽ അവബോധം സൃഷ്ടിച്ച് മെമ്പർമാരുടെ പിന്തുണയും സഹായവും ഉറപ്പ് വരുത്തിയാണ് ഈ മഹിതമായ പ്രവർത്തനം സംഘടിപ്പിച്ചത്. വിവിധ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, പരിസ്ഥിതി പ്രവൃത്തകർ എന്നിവർ ഈ ശ്രേഷ്ഠമായ പ്രവൃത്തി നേരിൽ കാണാൻ എത്തി. മറ്റ് ഹരിതകർമ്മസേന അംഗങ്ങളും കൂട്ടമായി ഇവിടെ എത്തി. കോഴിക്കോട് ജില്ലാകളക്ടർ യു.വി.ജോസ് നേരിട്ടെത്തി ഹരിതകർമ്മസേനയെ അഭിനന്ദിച്ചു.

## റോഡ് പ്രവൃത്തിക്ക് പ്ലാസ്റ്റിക്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തികളിൽ പ്ലാസ്റ്റിക് പൊടിച്ചത് കൂടി ചേർത്ത് റോഡ് ടാറ് ചെയ്യണം എന്ന വന്നതോടെ പ്ലാസ്റ്റിക് പൊടിക്കുന്ന യൂണിറ്റുകൾക്ക് നല്ല കാലം സമാഗതമായി. മലപ്പുറം, കണ്ണൂർ, കോഴിക്കോട് എന്നീ ജില്ലകളിലെ മിക്ക തദ്ദേശ



സ്വയംഭരണ സ്ഥാപനങ്ങളിലെ റോഡ് പ്രവൃത്തിക്കും അഴിയൂരിൽ നിന്ന് പ്ലാസ്റ്റിക്ക് പൊടിച്ച് നൽകിയിട്ടുണ്ട്. കൂടാതെ VLCC ഊരാളുങ്കൽ ലേബർ കോൺട്രാക്റ്റ് സൊസൈറ്റി ചെയ്യുന്ന എല്ലാ റോഡ് പ്രവൃത്തികൾക്കും അഴിയൂരിൽ നിന്നാണ് പ്ലാസ്റ്റിക്കുകൾ എടുക്കുന്നത്. പ്ലാസ്റ്റിക് പൊടിച്ചത് ആവശ്യമുള്ളവർ ക്ലീൻ കേരള കമ്പനിക്കാണ് പണം അടയ്ക്കേണ്ടത്. പണം അടച്ച് കഴിഞ്ഞാൽ കമ്പനി പഞ്ചായത്തിന് വർക്ക് ഓർഡർ നൽകും. അത് ലഭിച്ചാൽ പഞ്ചായത്ത് മുൻഗണന അനുസരിച്ച് പ്ലാസ്റ്റിക് പൊടിച്ച് സപ്ളൈ ചെയ്യുന്നതാണ്. നേരിട്ട് വണ്ടിയുമായി വന്നാൽ പ്ലാസ്റ്റിക് പൊടിച്ചത് കൊണ്ട് പോകാവുന്നതാണ്.

## ഭാവി പ്രവർത്തനം

ഗ്രീൻ പ്രോട്ടോകോൾ പൂർണ്ണമായും നടപ്പിലാക്കുന്നതിന് വേണ്ടി പ്രത്യേക യൂണിറ്റുകൾ സജ്ജമാക്കുന്നതാണ്. ഹരിതകർമ്മസേനയെ ഉപയോഗിച്ച് ഹരിതകല്യാണം പദ്ധതി നടപ്പിലാക്കുന്നതാണ്. കല്യാണങ്ങളിൽ പൂർണ്ണമായും പ്ലാസ്റ്റിക് ഒഴിവാക്കി പ്രകൃതിക്ക് ഹാനികരമല്ലാത്ത രീതിയിൽ സംഘടിപ്പിക്കുവാനുള്ള സഹായം ചെയ്ത് അത്തരം കല്യാണങ്ങൾക്ക് ഹരിത കല്യാണം എന്ന രീതിയിൽ സർട്ടിഫിക്കറ്റ് നൽകുവാനും സ്റ്റീൽ പ്ലേറ്റ്, ഗ്ലാസ്സ് എന്നിവ വഴി വാർഡുതലങ്ങളിൽ ഗ്രീൻ പ്രോട്ടോകോൾ യൂണിറ്റ് ഉണ്ടാക്കുവാനും പദ്ധതികൾ ആവിഷ്കരിച്ചു. കൂടാതെ വീടുകളിലെ മുഴുവൻ അജൈവമാലിന്യങ്ങളും ശേഖരിക്കുന്ന തലത്തിലേക്ക് ഹരിതകർമ്മസേനയെ സജ്ജമാക്കുന്നതാണ്. വാഹനം, ഓഫീസ്,കമ്പ്യൂട്ടർ എന്നിവ ഘട്ടംഘട്ടമായി ഹരിതകർമ്മ സേനയ്ക്ക് ലഭ്യമാക്കുന്നതാണ്.



*കോഴിക്കോട് ജില്ലാകളക്ടർ യു.വി. ജോസ് ഷ്രെഡ്ഡിംഗ് യൂണിറ്റ് സന്ദർശിക്കുന്നു.*

പ്ലാസ്റ്റിക് നിർമ്മാർജ്ജന പ്രവർത്തനങ്ങളിൽ സക്രിയമായിരുന്ന അഴിയൂരിന് നവ ഊർജ്ജം ലഭിച്ചത് ക്ലീൻ കേരള കമ്പനിയുടെ സഹായം ലഭിച്ചതിന് ശേഷമാണ്. അഴിയൂരിലെ ഷ്രെഡ്ഡിംഗ് യൂണിറ്റിനെ ക്ലീൻ കേരള കമ്പനിയുടെ കളക്ഷൻ സെന്ററായി അംഗീകരിച്ചു.ജനങ്ങളിൽ അവബോധം സൃഷ്ടിച്ച് മെമ്പർ മാരുടെ പിന്തുണയും സഹായവും ഉറപ്പ് വരുത്തിയാണ് ഈ മഹിതമായ പ്രവർത്തനം സംഘടിപ്പിച്ചത്.

*ലേഖകൻ അഴിയൂർ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയാണ്*

# കില ന്യൂസ്



*ലൈംഗിക ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ കിലയിൽ സംഘടിപ്പിച്ച ദ്വിദിന ശില്പശാല*

## ലൈംഗിക ന്യൂനപക്ഷങ്ങളുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യാൻ കിലയിൽ ശില്പശാല

ലൈംഗിക ന്യൂനപക്ഷങ്ങളുടെ ആവശ്യങ്ങളും അവകാശങ്ങളും സംസ്ഥാനത്തെ തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ പദ്ധതികളിൽ ഉൾപ്പെടുത്താനും അവബോധം സൃഷ്ടിക്കാനും കില രണ്ടു ദിവസത്തെ ശില്പശാല സംഘടിപ്പിച്ചു. മാനവ വൈവിധ്യ സൗഹൃദ പഞ്ചായത്തുകളുടെ നിർമ്മിതിക്കായി സെന്റർ ഫോർ ഡെവലപ്മെന്റ് സ്റ്റഡീസ് തയ്യാറാക്കിയ രേഖയും ശില്പശാല ചർച്ച ചെയ്തു. ലൈംഗിക ന്യൂനപക്ഷങ്ങളും വിദഗ്ദ്ധരുമാണ് ശില്പശാലയിൽ പങ്കെടുത്തത്. നൂറ്റാണ്ടുകളായി പീഡനം അനുഭവിച്ചുകൊണ്ടിരിക്കുന്ന ഈ വിഭാഗത്തെ മുഖ്യ ധാരയിലേക്കു കൊണ്ടുവരാനാണ് കില ലക്ഷ്യമിടുന്നത്. എല്ലാ അവകാശങ്ങളും നിഷേധിക്കപ്പെട്ട ഇക്കൂട്ടരിൽ പ്രധാനപ്പെട്ട വിഭാഗമായ ട്രാൻസ്ജെന്റർ ഇന്റർ സെക്സ്(ടി.ജി.ഐ) വിഭാഗത്തെ അംഗീകരിച്ചുകൊണ്ട് സംസ്ഥാന സർക്കാർ പോളിസി നടപ്പിലാക്കിവരുന്നു. ഈ സാഹചര്യത്തിലാണ് ലൈംഗിക-ലിംഗത്വ ന്യൂനപക്ഷങ്ങളെ കൂടി ഉൾക്കൊള്ളിച്ചുകൊണ്ട് ഈ വിഭാഗങ്ങളുടെ ആവശ്യങ്ങളെ തദ്ദേശസ്വയംഭരണ വ്യവസ്ഥയ്ക്കുള്ളിൽ ഉൾപ്പെടുത്താൻ ശ്രമിക്കുന്നത്.

## ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്ക് ഐ.എസ്.ഒ പരിശീലനം

തൃശ്ശൂർ ജില്ലയിലെ മുഴുവൻ ഗ്രാമപഞ്ചായത്തുകളും ഐ.എസ്.ഒ നിലവാരത്തിലേക്കു ഉയർത്തുന്നതിനുള്ള ഏകദിന പരിശീലനം കിലയിൽ സംഘടിപ്പിച്ചു. ജില്ലയിലെ എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരും ഓഡിറ്റ് സൂപ്പർ വൈസർമാരുമാണ് പരിശീലന പരിപാടിയിൽ പങ്കെടുത്തത്. ജില്ലയിലെ 86 ഗ്രാമപഞ്ചായത്തുകളിൽ ഇരുപതെണ്ണത്തിനു മാത്രമേ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടാൻ കഴിഞ്ഞിട്ടുള്ളൂ. 2018-19 വർഷത്തിൽ തന്നെ അവശേഷിക്കുന്ന ഗ്രാമപഞ്ചായത്തുകൾ, കിലയുടേയും പഞ്ചായത്ത് വകുപ്പിന്റെയും നേതൃത്വത്തിൽ ഐ.എസ്.ഒ സർട്ടിഫിക്കേഷൻ നേടുവാനാണുദ്ദേശിക്കുന്നത്. പഞ്ചായത്തുകളുടെ 2018-19 വാർഷിക പദ്ധതി, മഴക്കാല ആരോഗ്യ ജാഗ്രതാപരിപാടി, കുടിശ്ശിക നികുതി പിരിവ്, പഞ്ചായത്തുകളിൽ സോഫ്റ്റ് വെയർ വിന്യാസം എന്നിവ സംബന്ധിച്ച് അവലോകനവും നടത്തി. പദ്ധതി പ്രവർത്തനങ്ങളിലും നികുതി പിരിവിലും കഴിഞ്ഞ സാമ്പത്തിക വർഷം മികവു പുലർത്തിയ ഗ്രാമപഞ്ചായത്തുകളെ അനുമോദിച്ചു.

## സമഗ്രവികസനത്തിനു പത്ത് മിഷനുകളുമായി തോളൂർ ഗ്രാമപഞ്ചായത്ത്

സുസ്ഥിരവികസനപദ്ധതി ശാസ്ത്രീയമായി ആവിഷ്ക്കരിച്ചു നടപ്പാക്കുന്ന ഗ്രാമപഞ്ചായത്തായി മാറാൻ തോളൂർ ഗ്രാമപഞ്ചായത്തിന്റെ ശ്രമം. സംസ്ഥാന സർക്കാരിന്റെ നാലുമിഷനുകൾക്കു പുറമെ പത്തു മിഷനുകൾ കൂടി ഏറ്റെടുത്തു നടപ്പാക്കാനാണ് പഞ്ചായത്ത് ലക്ഷ്യമിടുന്നത്. ഇതുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കിലയിൽ ഏകദിന പരിശീലനം സംഘടിപ്പിച്ചു. ആസൂത്രണസമിതി അംഗങ്ങൾ, നിർവഹണ ഉദ്യോഗസ്ഥർ, സി.ഡി.എസ് മെമ്പർമാർ, കോർഡിനേറ്റർമാർ എന്നിവരാണ് പരിശീലനത്തിൽ പങ്കെടുത്തത്.

നന്മ, ഹരിതസമൃദ്ധി, ഭക്ഷ്യസമൃദ്ധി, ഹരിതശ്രീ, ഗ്രീൻ തോളൂർ -ക്ലീൻ തോളൂർ, ഗ്രാമപൊലി, മുത്തശ്ശിമാവും മാമ്പഴക്കൂട്ടങ്ങളും നന്മയുടെ നാട്ടുവീഥികൾ, നാട്ടറിവ്, നമ്മൾ മുന്നോട്ട്, എന്നിവയാണ് പത്തു മിഷനുകൾ. പത്തു മിഷനുകൾക്കുവേണ്ടി പ്രത്യേകം പ്രത്യേ



*തൃശ്ശൂർ ജില്ലയിലെ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരുടെ ഏകദിന പരിശീലനപരിപാടി കിലയിൽ പഞ്ചായത്ത് ഡയറക്ടർ പി.മേരിക്കുട്ടി ഐ.എ.എസ് ഉദ്ഘാടനം ചെയ്യുന്നു*




*തോളൂർ ഗ്രാമപഞ്ചായത്തിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കിലയിൽ സംഘടിപ്പിച്ച ഏകദിനപരിശീലനം*

കം തയ്യാറാക്കിയ ലോഗോകൾ കില ഡയറക്ടർ പ്രകാശനം ചെയ്തു. നടപ്പാക്കാൻ പോകുന്ന വികസനപദ്ധതികളുടെ കർമ്മപദ്ധതി ജനസമക്ഷം അവതരിപ്പിച്ചാണ് നിർവഹണത്തിലേക്ക കടക്കുക.

## സംസ്ഥാനത്ത് ചൂടു കൂടും; പശ്ചിമതീരത്ത് മഴ കുറയും

സംസ്ഥാനത്ത് ചൂടിന്റെ തോത് 2050 ആകുമ്പോഴേക്കും 2 ഡിഗ്രി കണ്ട് വർദ്ധിക്കുമെന്ന ബംഗളൂരുവിലെ നാഷ്ണൽ ഡയറി ഇൻസ്റ്റിറ്റ്യൂട്ടിലെ സീനിയർ സയന്റിസ്റ്റ് ഡോ. എ. മുകുന്ദ് പറഞ്ഞു. പശ്ചിമഘട്ടത്തിൽ ഇതിന്റെ വർദ്ധന 2 മുതൽ 4.5 ഡിഗ്രിവരെയായിരിക്കും. പശ്ചിമതീരങ്ങളിൽ മഴയുടെ ലഭ്യതയും കുറയും. കാലാവസ്ഥാവ്യതിയാനവുമായി ബന്ധപ്പെട്ട് കില സംഘടിപ്പിച്ച മൃഗപരിപാലനവും ക്ഷീരവികസനവും എന്ന വിഷയത്തെക്കുറിച്ചുള്ള ഏകദിന ശില്പശാലയിൽ സംസാരിക്കുകയായിരുന്ന അദ്ദേഹം. ഇന്ത്യയിൽ ഏഴു കോടി കുടുംബങ്ങൾ ഒരു പശുവിനെയോ ഒരു എരുമയെയോ വളർത്തുന്നവരാണെന്ന് അദ്ദേഹം പറഞ്ഞു.

വിവിധ ജില്ലകളിൽനിന്നുള്ള തദ്ദേശസ്ഥാപനങ്ങളിലെ മൃഗപരിപാലനവും ക്ഷീരവികസനവുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് കൺവീനർമാർ, ചെയർപേഴ്സൺമാർ, വെറ്ററിനറി ഡോക്ടർമാർ, ഡയറി ഡെവലപ്മെന്റ് ഓഫീസർമാർ എന്നിവരാണ് ശില്പശാലയിൽ പങ്കെടുത്തത്.

വേനലിലെ അത്യുഷ്ണവും താപക്കാറ്റും ജീവിതത്തിന്റെ വിവിധ മേഖലകളിൽ ഏൽപ്പിക്കുന്ന ആഘാതങ്ങളെ നേരിടുന്നതിന തദ്ദേശസ്ഥാപനങ്ങളെ സജ്ജരാക്കാനാണ് ശില്പശാല. ആരോഗ്യം, കൃഷി, മൃഗസംരക്ഷണം തുടങ്ങിയ മേഖലകളിലാണ് വേനലിന്റെ കെടുതികളേറെയും. ഇവയെക്കുറിച്ചു മനസ്സിലാക്കി തദ്ദേശസ്ഥാപനങ്ങളുടെ തുടർപ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുകയാണ് ശില്പശാലയുടെ ലക്ഷ്യം. കാലാവസ്ഥാവ്യതിയാനവും തദ്ദേശസ്ഥാപനങ്ങളും എന്ന വിഷയത്തെ അടിസ്ഥാനമാക്കി കില നടത്തുന്ന സെമിനാറുകളുടെയും ശില്പശാലകളുടെയും പരമ്പരയിലെ മൂന്നാമത്തെ പരിപാടിയാണിത്

## തമിഴ്നാട്ടിൽനിന്നുള്ള ഉദ്യോഗസ്ഥസംഘം കിലയിൽ

കേരളത്തിലെ പഞ്ചായത്ത് രാജ് സംവിധാനത്തെക്കുറിച്ചും അതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചും കൂടുതൽ മനസ്സിലാക്കുന്നതിന തമിഴ്നാട്ടിൽനിന്നുള്ള ഉദ്യോഗസ്ഥസംഘം നാലു ദിവസത്തെ സന്ദർശനത്തിന കിലയിലെത്തി. തമിഴ്നാട്ടിലെ ഗ്രാമവികസന ഇൻസ്റ്റിറ്റ്യൂട്ടിലെ ഫാക്കൽറ്റികളും പഞ്ചായത്തു വകുപ്പിലെ അസിസ്റ്റന്റ് ഡയറക്ടർമാരുമടങ്ങുന്ന സംഘത്തിൽ 29 പേരുണ്ടായിരുന്നു. കേരളത്തിലെ ജനാധിപത്യ അധികാരവികേന്ദ്രീകരണം, പഞ്ചായത്ത് സ്ഥാപനങ്ങളിലെ ധനവികേന്ദ്രീകരണം, പഞ്ചായത്തുകളിലേക്ക വിട്ടുകിട്ടിയ സ്ഥാപനങ്ങളുടെ പ്രവർത്തനം, പങ്കാളിത്ത ആസൂത്രണം, കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ, ബാലസൗഹൃദ തദ്ദേശഭരണം തുടങ്ങിയ വിഷയങ്ങളിലായിരുന്ന പരിശീലനം.

## കിലയിൽ വ്യത്യസ്തതരം മുളകളുടെ ശേഖരം ഒരുക്കുന്നു

കേരള വനഗവേഷണ സ്ഥാപനത്തിന്റെ മേൽനോട്ടത്തിൽ കില കാമ്പസിൽ വ്യത്യസ്തതരം മുളകളുടെ ശേഖരം ഒരുക്കുന്നു. കിലയിൽ പരിശീലനത്തിനെത്തുന്ന ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കും കർഷകർക്കും ഇന്ത്യയിലെ വിവിധ തരം മുളകളെ അടുത്തറിയാനുള്ള അവസരമൊരുക്കുകയാണ് ലക്ഷ്യമെന്ന് കില ഡയറക്ടർ ഡോ. ജോയ് ഇളമൺ പറഞ്ഞു. കേരള കലാമണ്ഡലത്തിലും കേരള പോലീസ് അക്കാദമിയിലും ഇത്തരം പ്രവർത്തന ങ്ങൾക്കു ഉടൻ തുടക്കമിടുമെന്ന കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ മെമ്പർ സെക്രട്ടറിയും കെ.എഫ്.ആർ.ഐ ഡയറക്ടറുമായ ഡോ. എസ്. പ്രദീപ് കുമാർ അറിയിച്ചു. ഡോ. എ.വി. രഘു പദ്ധതികൾക്കു നേതൃത്വം നൽകും.



*നാലുദിവസത്തെ സന്ദർശനത്തിന കിലയിലെത്തിയ തമിഴ് നാട്ടിലെ ഉദ്യോഗസ്ഥസംഘത്തിന സംഘടിപ്പിച്ച പരിശീലന പരിപാടി.*

# വാർത്തകൾ വിശേഷങ്ങൾ

## മുനിസിപ്പൽ കോർപ്പറേഷനുകളിൽ പ്രത്യേക ഓഡിറ്റ്

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കെട്ടിട നിർമ്മാണ അപേക്ഷകളിൽ സമയബന്ധിതമായി നടപടി പൂർത്തീകരിക്കുന്ന തിനും മാലിന്യ സംസ്കരണപ്രവർത്തനങ്ങൾ ഫലപ്രദമായി നടപ്പാക്കുന്നതിനും വേണ്ടി സർക്കാർ നൽകിയിരുന്ന നിർദ്ദേശം യഥാവിധി പാലിക്കപ്പെടുന്നുണ്ടോ എന്ന് ഉറപ്പുവരുത്താനുള്ള നടപടികളുടെ ആദ്യഘട്ടമായി സംസ്ഥാനത്തെ ആറ് മുനിസിപ്പൽ കോർപ്പറേഷനുകളിലും മേഖല പെർഫോമൻസ് ഓഡിറ്റ് വിഭാഗം പ്രത്യേക ഓഡിറ്റ് നടത്തി 2018 ജൂലൈ 24 ന് സമാഹൃത റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുന്നതിന് നിർദ്ദേശം പുറപ്പെടുവിച്ച് ഉത്തരവായി.

(സ.ഉ.(സാധാ)നം. 1898/2018/തസ്വഭവ, തീയതി 10.07.2018)

## പെൻഷൻ - പുതിയ അപേക്ഷകൾക്ക് ഡാറ്റാ എൻട്രി അനുവദിച്ചു

നിലവിലുള്ള സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ മഹിളാപ്രധാൻ/എസ്.എ.എസ് ഏജന്റുമാർ മുഖേന പരിശോധിക്കുന്നതിനും പുതിയ അപേക്ഷകൾ ഡാറ്റാ എൻട്രി ചെയ്യുന്നതിനും അനുമതി നൽകിയും ചില അർഹതാ മാനദണ്ഡങ്ങൾ കൂടി ഉൾപ്പെടുത്തിയും ഉത്തരവ് പുറപ്പെടുവിച്ചു.

(സ.ഉ.(എം.എസ്)നം. 241/2018/ധന, തീയതി 06.07.2018)

## പെൻഷൻ - തെറ്റായി സസ്പെൻഡ് ചെയ്യപ്പെട്ടവരെ പുനഃസ്ഥാപിക്കാം

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെറ്റായി സസ്പെൻഡ് ചെയ്ത സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ പെൻഷൻ പുന:സ്ഥാപിച്ചു നൽകുന്നതിലേക്ക് നിർദ്ദേശങ്ങൾ പുറപ്പെടുവിച്ച് ഉത്തരവായി.

(സ.ഉ.(കൈ)നം. 233/2018/ധന, തീയതി 27.06.2018)

## ലൈഫ് - ഒന്നാം ഗഡു ജൂലൈ 31 നകം

ലൈഫ് മിഷൻ പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തെരഞ്ഞെടുത്ത അർഹതപ്പെട്ട ഭൂമിയുള്ള ഭവനരഹിതരായ എല്ലാ ഗുണഭോക്താക്കൾക്കും ഭവനനിർമ്മാണ അനുമതിപത്രം നൽകി ഭവനനിർമ്മാണത്തിനുള്ള ആദ്യ ഗഡു സാമ്പത്തിക സഹായ വിതരണം ജൂലൈ 31 നകം പൂർത്തിയാക്കേണ്ടതാണെന്ന് നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചു. കൂടാതെ ഭൂമിയുള്ള ഭവനരഹിതരുടെ പ്രശ്നം പൂർണ്ണമായി പരിഹരിക്കാനാവുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ഭൂരഹിത-ഭവനരഹിതരുടെ ഭവന നിർമ്മാണം കൂടി ആരംഭിക്കുന്നതിനുള്ള നിർദ്ദേശങ്ങളും പുറപ്പെടുവിച്ചു.

(സർക്കുലർ നം. 416/ഡി.ബി1/2018/തസ്വഭവ, തീയതി 26.06.2018)

## കോടതി സമ്മൻസ് ധിക്കരിച്ചാൽ നടപടി

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ എതിർകക്ഷിയാക്കി ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള കേസുകളിൽ, കോടതിയിൽ ഹാജരാകാനുള്ള സമ്മൻസ് ലഭിച്ച ശേഷവും ഹാജരാകാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കെതിരെ വകുപ്പുതല ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് നിർദ്ദേശം നൽകി സർക്കുലർ പുറപ്പെടുവിച്ചു.

(സർക്കുലർ നം. 358/ഡി.എ2/2018/തസ്വഭവ, തീയതി 02.07.2018)

## ഡോക്ടർമാരെ നിയമിക്കുന്നതിന് നിർദ്ദേശം പുറപ്പെടുവിച്ചു

സംസ്ഥാനത്തെ പ്രാഥമികാരോഗ്യ കേന്ദ്രം, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിലെ ഉച്ച കഴിഞ്ഞുള്ള പ്രവർത്തനത്തിന് ഡോക്ടർമാർ, പാരാ മെഡിക്കൽ സ്റ്റാഫ് എന്നിവരെ നിയമിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകി സർക്കുലർ പുറപ്പെടുവിച്ചു.

(സർക്കുലർ നം. 210/ഡി ബി 2/18/തസ്വഭവ, തീയതി 02.07.2018)

## അനധികൃത നിർമ്മാണം ക്രമവത്കരിക്കുന്നതിനുള്ള സമയപരിധി നീട്ടി

അനധികൃത നിർമ്മാണം റഗുലറൈസ് ചെയ്യുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്നതിനുള്ള സമയപരിധി 2018 നവംബർ 16 വരെ ദീർഘിപ്പിച്ച് ബന്ധപ്പെട്ട ചട്ടങ്ങളിൽ ഭേദഗതി വരുത്തി.

(വാല്യം 7, നമ്പർ 1661, SRO 422/2018, തീയതി 22.06.2018,
വാല്യം 7, നമ്പർ 1662, SRO 423/2018, തീയതി 22.06.2018)

**തദ്ദേശസ്വയംഭരണവകുപ്പുമായി ബന്ധപ്പെട്ട സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ ഗസറ്റ് വിജ്ഞാപനങ്ങൾ എന്നിവയുടെ പൂർണരൂപം www.lsgkerala.gov.in, www.dop.lsgkerala.gov.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്**




# ഫ്ലെക്സിൽ മറഞ്ഞ കേരളം

**ഡോ. വട്ടവിള വിജയകുമാർ**

കേരളമിന്ന് ദൈവത്തിന്റെ സ്വന്തം നാടല്ല, ഫ്ലെക്സ് ബോർഡുകളുടെ നാടാണ്. കാലം കനിഞ്ഞു നൽകിയ പ്രകൃതിഭംഗിക്കുമേൽ കാഴ്ചയ്ക്ക് മറയിട്ട ബോർഡുകളെ കൊണ്ട് നിറഞ്ഞ നാട്. ഒരുകാലത്ത് വിപണി മാത്രം കയ്യാളിയിരുന്ന ഈ പരസ്യബോർഡുകൾക്ക് ഇന്ന് ആവശ്യക്കാരേറെയാണ്. രാഷ്ട്രീയക്കാരും ആരാധനാലയങ്ങളും സാംസ്കാരിക സ്ഥാപനങ്ങളും വിശേഷങ്ങൾ പൊതുജനങ്ങളെ അറിയിക്കാൻ, അവരുടെ ശ്രദ്ധ പിടിച്ചുപറ്റാൻ പരമ്പരാഗത സംവിധാനങ്ങൾ വിട്ട് ഫ്ലെക്സ് സംസ്കാരത്തിലേക്ക് തിരിഞ്ഞപ്പോഴാണ് നാടാകെ പരസ്യബോർഡുകളെ കൊണ്ട് നിറഞ്ഞത്. ഇന്ന് പത്താം ക്ലാസിൽ എ പ്ലസ് കിട്ടിയവർ മാത്രമല്ല പന്ത്രണ്ടിൽ ബി കിട്ടിയവനും പി എസ് സി പരീക്ഷയിൽ ജയിച്ച് ക്ലർക്കായവനും ഫ്ലെക്സ് ബോർഡുകളിൽ സ്ഥാനം പിടിച്ച് കവലകളിൽ തൂങ്ങുന്നത് കാണുമ്പോൾ ഫ്ലെക്സ് എന്ന പ്ലാസ്റ്റിക് പരസ്യപ്പലക നമ്മെ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ടെന്ന് മനസിലാക്കാം.

വർണങ്ങൾകൊണ്ടും വൈവിധ്യംകൊണ്ടും അക്ഷരപ്പൊലിമകൊണ്ടും ദൃശ്യചാരുതകൊണ്ടും നമ്മുടെ കാഴ്ചയെ മറച്ചുകൊണ്ട് ഉയർന്നുനിൽക്കുന്ന ഈ പരസ്യപ്പലകകൾ വിപണിക്ക് അനിവാര്യമായിരിക്കാം. പക്ഷെ ഇത്തരം പ്ലാസ്റ്റിക് ബോർഡുകൾ കേരളത്തിന്റെ കാഴ്ചയെ മറയ്ക്കുക മാത്രമല്ല മണ്ണിനെ നശിപ്പിക്കുകയും പരിസരത്തെ മലിനമാക്കുകയും ചെയ്യുന്നു എന്ന സത്യം നാമറിയുന്നില്ല.

പൂർണതകൊണ്ടും വശ്യതകൊണ്ടും തെളിമയാർന്ന മുദ്രണംകൊണ്ടും കച്ചവടക്കാരുടെ പ്രിയപ്പെട്ടതായി മാറിയ ഈ ഫ്ലെക്സ് സംസ്കാരത്തിന് വലിയൊരു ചരിത്രമില്ല എന്നതാണ് സത്യം. എന്നാൽ ജന്മംകൊണ്ട് തന്നെ പ്രശസ്തിയിലേക്കുയർന്ന ഈ പരസ്യബോർഡുകൾക്ക് ഇനിയും നിയന്ത്രണം കൊണ്ടുവന്നില്ലെങ്കിൽ കേരളം ഫ്ലെക്സ് ബോർഡുകളുടെ കാഴ്ചബംഗ്ലാവായി മാറും എന്ന കാര്യത്തിൽ തർക്കമില്ല. മാത്രമല്ല അതീവഗുരുതരങ്ങളായ പാരിസ്ഥിതിക പ്രശ്നങ്ങൾ ഉണ്ടാക്കുകയും ചെയ്യും.

ഇന്ന് പത്താം ക്ലാസിൽ എ പ്ലസ് കിട്ടിയവർ മാത്രമല്ല പന്ത്രണ്ടിൽ ബി കിട്ടിയവനും പി എസ് സി പരീക്ഷയിൽ ജയിച്ച് ക്ലർക്കായവനും ഫ്ലെക്സ് ബോർഡുകളിൽ സ്ഥാനം പിടിച്ച് കവലകളിൽ തൂങ്ങുന്നത് കാണുമ്പോൾ ഫ്ലെക്സ് എന്ന പ്ലാസ്റ്റിക് പരസ്യപ്പലക നമ്മെ എത്രമാത്രം സ്വാധീനിച്ചിട്ടുണ്ടെന്ന് മനസിലാക്കാം.



നമ്മൾ ഒരുപക്ഷെ ഇമവെട്ടാതെ നോക്കി കാണുന്ന ഫ്ലെക്സ് ബോർഡുകളുടെ നിർമ്മാണത്തിന് ഉപയോഗിക്കുന്നത് നാമെന്നും ഭയപ്പാടോടെ കാണുന്ന പോളിവിനൈൽക്ലോറൈഡ് എന്ന രാസസംയുക്തമാണ്. ചെലവു കുറഞ്ഞതും എന്നാൽ ഗുണമേന്മ ഏറെയുള്ളതും- ഇതാണ് ഫ്ലെക്സ് സംസ്കാരം തഴച്ചുവളരാൻ കാരണം. പിവിസി അഥവാ പോളിവിനൈൽക്ലോറൈഡ് എന്ന രാസസംയുക്തത്തിന്റെ നിർമ്മാണത്തിന് വൻതോതിൽ ആവശ്യമുള്ള ഒരു വാതകമാണ് ക്ലോറിൻ. പാരിസ്ഥിതിക ദുരന്തമുണ്ടാക്കുന്നതിൽ ഏറെ മുന്നിൽ നിൽക്കുന്ന വിഷവാതകമാണ് ക്ലോറിനെന്ന് പറയേണ്ടതില്ലല്ലോ.

പിവിസി താരതമ്യേന കട്ടികൂടിയ പ്ലാസ്റ്റിക്കായതു കൊണ്ട് അതിനു മൃദുത്വവും വഴക്കവും കൊടുക്കാൻ മറ്റൊരു രാസവസ്തു ഉപയോഗിക്കുന്നുണ്ട്. താലേറ്റ് എന്നാണ് ആ രാസപദാർഥത്തിന്റെ പേര്. സ്ത്രീകൾക്ക് സ്ത്രൈണത കൊടുക്കുന്ന ഈസ്ട്രജൻ എന്ന ഹോർമോണിനെ അനുകരിക്കുന്ന ഈ രാസപദാർത്ഥം ശരീരത്തിലെത്തിയാൽ പെണ്ണിൽ പെണ്ണത്തം പെട്ടെന്നുണ്ടാവും അതായത് കാലം കല്പിച്ച പ്രായമെത്തും മുമ്പേ പെൺകുട്ടികൾ ഋതുമതിയാകും. ആൺകുട്ടിയിലാണെങ്കിലോ പൗരുഷത്തിന് പകരം സ്ത്രൈണത മണികെട്ടിമുമ്പേ നടക്കും. ഇതിന്റെ ഗൗരവം മനസിലാക്കിയതുകൊണ്ടാണ് പലരാജ്യങ്ങളും താലേറ്റ് അടങ്ങിയ വാട്ടർ ബോട്ടിലും കളിപ്പാട്ടങ്ങളും നിരോധിക്കുകയോ അല്ലെങ്കിൽ നിയന്ത്രിക്കുകയോ ചെയ്തത്.

പ്ലാസ്റ്റിക്കുണ്ടാക്കുന്ന പാരിസ്ഥിതിക പ്രശ്നങ്ങളിൽ നാം ഏറെ ബോധവാന്മാരാണ്. അതുകൊണ്ടാണല്ലോ പ്ലാസ്റ്റിക്ക് ഉപേക്ഷിക്കാൻ നാം നിർബന്ധിതരായത്. എന്നാൽ പ്രത്യക്ഷമായിട്ടല്ലെങ്കിലും ഫ്ലെക്സ് ബോർഡുകളുണ്ടാക്കുന്ന പാരിസ്ഥിതിക ആരോഗ്യപ്രശ്നങ്ങളിൽ നാം തെല്ലും ബോധവാന്മാരല്ല. കാരണം നമുക്കതിന്റെ ദോഷവശങ്ങളറിയില്ലല്ലോ.

ഒറ്റനോട്ടത്തിൽത്തന്നെ നമ്മുടെ കാഴ്ചയെ

**ഇത്തരം പ്ലാസ്റ്റിക് ബോർഡുകൾ കേരളത്തിന്റെ കാഴ്ചയെ മറയ്ക്കുക മാത്രമല്ല മണ്ണിനെ നശിപ്പിക്കുകയും പരിസരത്തെ മലിനമാക്കുകയും ചെയ്യുന്നു എന്ന സത്യം നാമറിയുന്നില്ല.**

പോലും അമ്പരപ്പിച്ചുകൊണ്ട് തലയുയർത്തി നിൽക്കുന്ന ഫ്ലെക്സ് ബോർഡുകൾക്കും ആയുസുണ്ട്. പക്ഷെ എത്രകാലം കഴിഞ്ഞാൽ അവ മണ്ണിനോട് ദ്രവിച്ചുചേരും എന്ന് ചോദിച്ചാൽ ശാസ്ത്രംപോലും ഒരു പക്ഷെ കൈമലർത്തും. ശരിയാണ് പ്ലാസ്റ്റിക് ദ്രവിച്ച് മണ്ണിനോട് ചേരാൻ അനേകായിരം വർഷങ്ങളെടുക്കുമെന്നു പറയുമ്പോൾ പ്ലാസ്റ്റിക്കിൽ നിർമ്മിതമായ ഫ്ലെക്സും അങ്ങനെയല്ലേ? ഇനി കത്തിച്ചാലോ കുഴിച്ചിടുന്നതിനേക്കാൾ ഭീകരവുമായിരിക്കും. വെന്തുരുകാൻ 299 ഡിഗ്രി ചൂടെടുക്കുന്ന ഈ പ്ലാസ്റ്റിക് ഉൽപ്പന്നം കത്തുമ്പോൾ പരിസരവും ചൂടാവും. 4.7 പി.എച്ചുള്ള (PH) പ്ലാസ്റ്റിക് ചാരം മണ്ണിന്റെയും മണ്ണൊലിപ്പിലൂടെ വെള്ളത്തിലെത്തി അതിന്റെയും അമ്ളാംശം വർധിപ്പിക്കും. മാത്രമല്ല, കത്തുമ്പോൾ അതിൽനിന്ന് വമിക്കുന്ന കനംകൂടിയ മാലിന്യങ്ങൾ അന്തരീക്ഷത്തിൽ പരന്ന് പ്രാണവായുവിന്റെ സുഗമമായ ലഭ്യതയെ തടസ്സപ്പെടുത്തി മനുഷ്യനടക്കമുള്ള ജീവികൾക്ക് ശ്വാസതടസ്സമുണ്ടാക്കുകയും ചെയ്യും.

നാൽപ്പത് ഡിഗ്രിക്കപ്പുറം ചൂടെത്തിയാൽ രാസമാറ്റം സംഭവിക്കാമെന്നുള്ളതുകൊണ്ട് ഫ്ലെക്സ് നിർമ്മാണത്തിന് ഘനലോഹങ്ങളായ ലെഡ്, കാഡ്മിയം മുതലായവയ്ക്ക് പുറമെ താപവിരോധികളായ ബ്രോമിൻ ചേർന്ന രാസപദാർത്ഥങ്ങളും പൂപ്പൽനാശിനികളും ചേർക്കാറുണ്ട്. കാണികളുടെ കാഴ്ച വശീകരിച്ചുകൊണ്ട് നഗരത്തിൽ സ്ഥാനംപിടിച്ചിട്ടുള്ള ഫ്ലെക്സ് ബോർഡുകളിൽ നിന്ന് കാലപ്പഴക്കംകൊണ്ട് വമിക്കുന്ന ഇത്തരം രാസപദാർത്ഥങ്ങൾ അന്തരീക്ഷത്തിലേക്ക് ചോർന്നിറങ്ങുമ്പോൾ വായു മാത്രമല്ല മണ്ണും വെള്ളവും മലിനപ്പെടും.

പരസ്യത്തിന്റെ കാലംകഴിഞ്ഞു. ഇനിയതിനെ കത്തിച്ചുകളഞ്ഞേക്കാം. ആരെങ്കിലും ആ അവിവേകം കാണിച്ചാൽ ചെറുക്കുകതന്നെ വേണം. പിവിസി കത്തുമ്പോൾ വമിക്കുന്ന ഡയോക്സിൻ, ഫ്യൂറാൻ തുടങ്ങിയ വിഷവാതകങ്ങൾ പലതരത്തിലുള്ള അർബുദങ്ങളുണ്ടാക്കുമെന്ന് പഠനങ്ങൾ വെളിപ്പെടുത്തിയിട്ടുള്ള കാര്യം നാം വിസ്മരിക്കരുത്.

പ്ലാസ്റ്റിക് മാലിന്യത്തിന്റെ അതിപ്രസരം അതിരുകവിഞ്ഞപ്പോഴാണല്ലോ ടാറിനൊപ്പം പ്ലാസ്റ്റിക്കുകൂടി കലർത്തിയ പ്ലാസ്റ്റിക് റോഡുകളെക്കുറിച്ചുള്ള ആശയം ദേശീയ ഗതാഗത ആസൂത്രണ ഗവേഷണ കേന്ദ്രം മുന്നോട്ടുവച്ചത്. പോളിഎത്തിലീൻ പോളിപ്രൊപ്പലീൻ തുടങ്ങിയവകൊണ്ട് നിർമ്മിക്കുന്ന പാൽകവർ, പ്ലേറ്റുകൾ, പ്ലാസ്റ്റിക് സഞ്ചികൾ മുതലായവ റോഡുനിർമ്മാണത്തിന് ഉപയോഗിച്ചപ്പോൾ ഫ്ലെക്സ് ബോർഡുകൾ ഉൾപ്പെടുത്തരുതെന്ന കർശന നിർദേശമാണ് വിദഗ്ധർ മുന്നോട്ടുവച്ചത്. കാരണം മറ്റൊന്നല്ല ചൂടാവുമ്പോൾ അതിൽ നിന്ന് വിഷവാതകങ്ങൾ വമിക്കുമെന്നതുകൊണ്ടാണ്.

എന്തിനെയും ഏതിനെയും പരസ്യമാക്കുകയെന്ന മനുഷ്യന്റെ വ്യഗ്രതയാണ് ഫ്ലെക്സ് ബോർഡുകളിൽ പ്രതിഫലിക്കുന്നത്. ഗ്രാമത്തെയും നഗരത്തെയും ഒരുപോലെ ഗ്രസിച്ച ഈ ഭ്രാന്തൻ സംസ്കാരം പരിസ്ഥിതിക്കുണ്ടാക്കുന്ന ദോഷങ്ങളെക്കുറിച്ച് നാമിന്നും തെല്ലും ബോധവാന്മാരല്ല. എന്നതിന്റെ തെളിവാണ് ഉപയോഗശേഷം സ്ഥാപിച്ച ബോർഡുകളെ എടുത്തുമാറ്റാതെ ഉപേക്ഷിക്കുന്നത്. നോക്കിനിൽക്കെ വളർന്നുപന്തലിച്ച ഒരു വൻവ്യവസായമാണിതെന്നും ധാരാളംപേർ പണിയെടുക്കുന്ന മേഖലയാണിതെന്നും എല്ലാവർക്കുമറിയാം. സ്വർണം കായ്ക്കുന്ന മരമാണെങ്കിലും പുരയ്ക്കുമീതെ ചാഞ്ഞാൽ മുറിച്ചുമാറ്റുന്നതല്ലേ നല്ലത്!

സാങ്കേതികവിദ്യ അതിവേഗം വളരുന്ന കാലത്താണ് നാം ജീവിക്കുന്നത്. പ്രകൃതിയെ നോവിക്കാത്ത, മനുഷ്യനൾപ്പടെയുള്ള ജീവജാലങ്ങളുടെ ആരോഗ്യത്തെ ഹനിക്കാത്ത ഇതരമാർഗങ്ങൾ കണ്ടെത്തേണ്ടതുണ്ട്. പിവിസിക്ക് പകരം പരിസ്ഥിതിക്ക് ദോഷമുണ്ടാക്കാത്ത പുനഃചംക്രമണം ചെയ്യാവുന്ന പോളി എത്തിലീൻ ഫ്ലെക്സ് നിർമ്മാണത്തിന് ഉപയോഗിക്കാമെന്ന് തദ്ദേശസ്വയംഭരണ വകുപ്പ് അനുമതി നല്കിയിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണം പരിസ്ഥിതിവാദികളുടെയോ സർക്കാരിന്റെയോ മാത്രം ഉത്തരവാദിത്തമല്ല. കൂട്ടായ ശ്രമമാണ് ഇവിടെ വേണ്ടത്. നല്ലതിനെയും പൊല്ലാത്തതിനെയും തിരിച്ചറിയാനുള്ള മനസുണ്ടാകണം. അത് കച്ചവടക്കണ്ണിലൂടെയാകരുതെന്ന് മാത്രം.

എത്ര സുന്ദരമാണ് പ്രകൃതി. വശ്യസുന്ദരമായ ഈ പ്രകൃതിക്കുമേൽ വെള്ളരിക്കണ്ടത്തെ കണ്ണേറുകോലംപോലെ പാതയോരങ്ങളിലും കവലകളിലും തലയുയർത്തി നിൽക്കുന്ന ഫ്ലെക്സ് എന്ന പരസ്യപ്പലകകൾ നമ്മുടെ കാഴ്ചയെ മറയ്ക്കുക മാത്രമല്ല ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട്. ചലിക്കുന്ന ബിംബങ്ങൾകൊണ്ട് സമ്പന്നമായ ഉശിരൻ പരസ്യങ്ങൾ ടി വിയിലും നവമാധ്യമങ്ങളിലും നിറഞ്ഞുനിൽക്കുമ്പോൾ പ്രകൃതിക്കുമേൽ വിഷം ചൊരിഞ്ഞുനിൽക്കുന്ന ഈ പ്ലാസ്റ്റിക് പരസ്യബോർഡുകൾ അനിവാര്യമാണോ? കച്ചവടഭീമന്മാർക്കൊപ്പം രാഷ്ട്രീയക്കാരും ഉണർന്നുചിന്തിക്കേണ്ട സമയമാണിത്. സമ്മേളനങ്ങളും സ്ഥാനക്കയറ്റങ്ങളും ആദരവുകളും അഭിനന്ദനങ്ങളും നാട്ടാരെ അറിയിക്കാൻ കൂറ്റൻ ബോർഡുകൾ കെട്ടിപ്പൊക്കാതെ പ്രകൃതിയെ നോവിക്കാത്ത ഇതരമാർഗങ്ങൾ കണ്ടെത്താൻ നമുക്കൊരുമിച്ച് ശ്രമിക്കാം.

എത്ര സുന്ദരമാണ് പ്രകൃതി. വശ്യസുന്ദരമായ ഈ പ്രകൃതിക്കുമേൽ വെള്ളരിക്കണ്ടത്തെ കണ്ണേറുകോലംപോലെ പാതയോരങ്ങളിലും കവലകളിലും തലയുയർത്തി നിൽക്കുന്ന ഫ്ലെക്സ് എന്ന പരസ്യപ്പലകകൾ നമ്മുടെ കാഴ്ചയെ മറയ്ക്കുക മാത്രമല്ല ഗുരുതരമായ പാരിസ്ഥിതിക പ്രശ്നങ്ങളും ഉണ്ടാക്കുന്നുണ്ട്.

*ലേഖകൻ ധനുവച്ചപുരം വി.റ്റി.എം.എൻ.എസ്.എസ്. കോളേജിൽ അസിസ്റ്റന്റ് പ്രൊഫസറാണ്.*
*മൊബൈൽ : 9447342497*




# എന്താണ് ഗ്രീൻ പ്രോട്ടാക്കോൾ

മാലിന്യത്തിന്റെ അളവ് കുറയ്ക്കുക, മാലിന്യ ഉത്പാദനം ഇല്ലാതാക്കുക, രൂപപ്പെടുന്ന മാലിന്യങ്ങളെ തരംതിരിച്ച് ശാസ്ത്രീയമായി സംസ്കരിക്കുക തുടങ്ങിയവയ്ക്കായി അനുവർത്തിക്കുന്ന രീതിയാണ് ഗ്രീൻ പ്രോട്ടാക്കോൾ. പുനരുപയോഗം സാധ്യമായവ, കമ്പോസ്റ്റിംഗ് സാധ്യമായവ എന്നിങ്ങനെ മാലിന്യത്തെ തരംതിരിച്ചും ഉപഭോഗ സാധനങ്ങളുടെ അളവ് കുറച്ചും അവശിഷ്ടം ഇല്ലാതാക്കിയും മാലിന്യ പരിപാലനത്തിൽ നമ്മൾ ചെയ്യുന്ന പ്രവർത്തനങ്ങൾ വ്യക്തികളും സമൂഹവും പിൻതുടരുന്ന രീതിയാണ് ഇതിൽ പ്രധാനം. വ്യക്തി ജീവിതം, കുടുംബം, ഓഫീസുകൾ, പൊതു പരിപാടികൾ, വിവാഹം, സമ്മേളനങ്ങൾ, ഉത്സവങ്ങൾ തുടങ്ങി സമസ്ത തലങ്ങളിലും ഗ്രീൻ പ്രോട്ടാക്കോൾ ബാധകമാക്കാം. എന്നാൽ അതിനുള്ള ശീലം ഉണ്ടാക്കി എടുക്കലാണ് പ്രധാനം.

മാലിന്യ ഉത്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിന് വേണ്ടി ഡിസ്പോസിബിൾ സാധനങ്ങളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കി, കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ ശീലമാക്കുകയും ശേഷം ഉണ്ടാകുന്ന ജൈവമാലിന്യം അതാത് സ്ഥലങ്ങളിൽ തന്നെ കമ്പോസ്റ്റിങ്ങിലൂടെ വളമാക്കി മാറ്റുകയോ ബയോഗ്യാസാക്കി മാറ്റുകയോ ചെയ്യുക എന്നതാണ് ഗ്രീൻ പ്രോട്ടാക്കോളിന്റെ അടിസ്ഥാന തത്വം. ഇത്തരത്തിൽ മാലിന്യം രൂപപ്പെടുന്നതിന്റെ അളവ് പകുതിയോളം കുറയ്ക്കുന്നതിനും അജൈവ വസ്തുക്കൾ വലിച്ചെറിയുന്നതും കത്തിക്കുന്നത് മൂലവുമുള്ള ഗുരുതര ആരോഗ്യപ്രശ്നങ്ങൾ ഇല്ലാതാക്കുന്നതിനും ഗ്രീൻ പ്രോട്ടാക്കോൾ പ്രവർത്തനത്തിലൂടെ സാധിക്കും. വൻ ജനപങ്കാളിത്തമുണ്ടാകുന്ന ഉത്സവങ്ങളിലും ആഘോഷങ്ങളിലും സമ്മേളനങ്ങളിലും മേളകളിലും വിവാഹങ്ങളിലുമെല്ലാം ഗ്രീൻ പ്രോട്ടാക്കോൾ പാലിക്കുന്നത് വൻതോതിലുള്ള മാലിന്യ ഉത്പാദനത്തിന്റെ അളവ് കുറയ്ക്കുന്നതിന് സഹായകരമാണ്.

ഒരാൾ ഒരു വർഷം ശരാശരി 5000 രൂപയിലധികം ചികിത്സയ്ക്കായി വിനിയോഗിക്കുന്നു. മലയാളി ഭൂമി വിൽക്കുന്നതും കടം വാങ്ങുന്നതും പ്രധാനമായി ചികിത്സയ്ക്കാണ്. നമ്മുടെ സമ്പത്തിന്റെ നല്ലൊരു പങ്കും ഇത്തരത്തിൽ അറിഞ്ഞോ അറിയാതെയോ ആരോഗ്യപരമായ കാര്യങ്ങൾക്ക് ചെലവഴിച്ചു തീർക്കുകയാണ്.



## എന്തിനാണ് ഗ്രീൻ പ്രോട്ടാക്കോൾ ?

മണ്ണിനും മനുഷ്യനും മനുഷ്യരാശിക്കും ദുരന്ത സൂചന നൽകിക്കൊണ്ട് പ്രതിദിനം ഉത്പാദിപ്പിക്കപ്പെടുന്ന മാലിന്യത്തിന്റെ അളവും ഇനവും വർദ്ധിച്ചു വരുന്നു. ആഗോളവത്കരണവും കമ്പോളീകരണവും ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് പെട്ടെന്ന് എത്തിച്ചേരാനുള്ള വ്യഗ്രതയും നമ്മെ എത്തിച്ചിരിക്കുന്നത് മാലിന്യക്കൂനകളിലേക്കും മാറാ വ്യാധികളിലേക്കുമാണ്. മാലിന്യക്കൂനകൾ ഉയരുന്നതും മാറാവ്യാധികൾ പടരു

ന്നതും അത് പരിഹരിക്കാൻ മൾട്ടി സ്പെഷ്യാലിറ്റി ആശുപ്രതികൾ പെരുകുന്നതും സ്ഥിരം കാഴ്ചയാണ്. ഒരാൾ ഒരു വർഷം ശരാശരി 5000 രൂപയിലധികം ചികിത്സയ്ക്കായി വിനിയോഗിക്കുന്നു. മലയാളി ഭൂമി വിൽക്കുന്നതും കടം വാങ്ങുന്നതും പ്രധാനമായി ചികിത്സയ്ക്കാണ്. നമ്മുടെ സമ്പത്തിന്റെ നല്ലൊരു പങ്കം ഇത്തരത്തിൽ അറിഞ്ഞോ അറിയാതെയോ ആരോഗ്യപരമായ കാര്യങ്ങൾക്ക് ചെലവഴിച്ചു തീർക്കുകയാണ്. ഫലമോ ആരോഗ്യനഷ്ടം, ധനനഷ്ടം, ഒപ്പം വരുംതലമുറയുടെ ഭാവി അനിശ്ചിതത്വത്തിലേക്കും എത്തിച്ചേരും. നാം അല്പമൊന്നു ശ്രദ്ധിച്ചാൽ ഈ അവസ്ഥ ഒഴിവാക്കാൻ കഴിയുന്നതാണ്. 'ഗ്രീൻ പ്രോട്ടോക്കോളിലൂടെ ശുചിത്വം' എന്നത് മറ്റൊരു വ്യാഖ്യാനത്തിലേക്ക് എത്തുകയാണ്. മാലിന്യം ഉത്പാദിപ്പിച്ചിട്ട് അത് സംസ്കരിക്കുന്നതിനുള്ള പോംവഴി അന്വേഷിച്ച് കഷ്ടപ്പെടാതെ മാലിന്യ ഉത്പാദനം കുറയ്ക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യുക എന്നതാണ് ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങളിലൂടെ ഉദ്ദേശിക്കുന്നത്.

### ഗ്രീൻ പ്രോട്ടോക്കോൾ നടപ്പിലാക്കാൻ നമുക്ക് എന്തൊക്കെ ചെയ്യാം ?

- മാലിന്യത്തിന്റെ അളവ് കുറയ്ക്കൽ.
- മാലിന്യം ഉറവിടത്തിൽ തരംതിരിക്കൽ.
- പുനഃചംക്രമണം സാധ്യമായ വസ്തുക്കൾ മാത്രം ഉപയോഗിക്കൽ.
- പുനരുപയോഗം സാധ്യമായ വസ്തുക്കൾ പരമാവധി ഉപയോഗിക്കൽ.
- നിത്യജീവിതത്തിൽ നിന്ന് എല്ലാത്തരം ഡിസ്പോസിബിൾ സാധനങ്ങളുടെയും ഉപയോഗം പൂർണ്ണമായും ഒഴിവാക്കൽ.
- ഡിസ്പോസിബിൾ വസ്തുക്കൾക്കുപകരം കഴുകി ഉപയോഗിക്കുവാൻ കഴിയുന്ന പ്രകൃതി സൗഹൃദ വസ്തുക്കൾ വാങ്ങി ഉപയോഗിക്കുക (സ്റ്റീൽ, ചില്ല്, സെറാമിക്സ് പാത്രങ്ങൾ, തുണിസഞ്ചികൾ തുടങ്ങിയവ).
- നിരോധിത പ്ലാസ്റ്റിക് വസ്തുക്കളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കുകയും പ്രസ്തുത വിഷയത്തിലുള്ള സർക്കാർ ചട്ടങ്ങൾ കൃത്യമായി പാലിക്കുകയും ചെയ്യുക.
- ജൈവ-അജൈവ മാലിന്യങ്ങൾ പ്രത്യേകം തരം തിരിക്കുക.
- ജൈവമാലിന്യം കമ്പോസ്റ്റിങ്ങിലൂടെ വളമാക്കുകയോ/ബയോഗ്യാസ് പ്ലാന്റ് സ്ഥാപിച്ച് അതിൽ നിക്ഷേപിച്ച് ബയോഗ്യാസ് ആക്കി മാറ്റുകയോ ചെയ്യുക.
- അജൈവ വസ്തുക്കൾ പ്രത്യേകം തരംതിരിച്ച് വൃത്തിയാക്കി, ഉണക്കി സൂക്ഷിക്കുക. ആയത് നിശ്ചിത അളവാകുമ്പോൾ തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിലോ പാഴ്‌വസ്തു വ്യാപാരികൾക്കോ പുനഃചംക്രമണത്തിനായി കൈമാറുകയും ചെയ്യുക.



- ഇ-മാലിന്യങ്ങൾ പ്രത്യേകം സംഭരണികളിൽ സൂക്ഷിച്ച് അംഗീകാരമുള്ള പാഴ്‌വസ്തു വ്യാപാരികൾക്കോ ക്ലീൻ കേരള കമ്പനിക്കോ തദ്ദേശസ്വയംഭരണ സ്ഥാപനത്തിനോ യഥാസമയം കൈമാറേണ്ടതാണ്.
- ഒറ്റത്തവണ ഉപയോഗിച്ച് വലിച്ചെറിയുന്ന കവറുകളുടെ ഉപയോഗം പൂർണ്ണമായും ഒഴിവാക്കേണ്ടതും തുണിയിലോ, ചണത്തിലോ, പേപ്പറിലോ, കയറിലോ നിർമ്മിച്ച പ്രകൃതിക്കിണങ്ങുന്ന സഞ്ചികൾ സാധനങ്ങൾ വാങ്ങാൻ പോകുമ്പോൾ ആവശ്യാനുസരണം കയ്യിൽ കരുതേണ്ടതും സാധനങ്ങൾ പരമാവധി ഒരുമിച്ച് വാങ്ങാൻ ശ്രമിക്കേണ്ടതുമാണ്.
- ആഹാര വസ്തുക്കൾ പാഴ്സലായ് വാങ്ങുന്നതിന് കടകളിൽ പോകുമ്പോൾ കഴുകി ഉപയോഗിക്കാൻ കഴിയുന്ന പാത്രങ്ങൾ ആവശ്യാനുസരണം കൈയിൽ കരുതാവുന്നതാണ്.
- അപകടകരമായതുൾപ്പെടെ എല്ലാത്തരം മാലിന്യങ്ങളും വലിച്ചെറിയുന്ന ശീലം ഒഴിവാക്കേണ്ടതും ആയത് പ്രത്യേകം വൃത്തിയാക്കി സൂക്ഷിച്ച് പുനഃചംക്രമണത്തിനായി അത് ശേഖരിക്കുന്ന വ്യക്തികൾക്കോ സ്ഥാപനത്തിനോ നൽകേണ്ടതുമാണ്.
- ഫ്ലക്സുകൾക്ക് പകരം തുണിയിൽ നിർമ്മിച്ച ബാനറുകൾ ഉപയോഗിക്കുക. അലങ്കാരങ്ങൾക്കും മറ്റും പ്രകൃതിസൗഹൃദ വസ്തുക്കൾ ഉപയോഗിക്കാവുന്നതാണ്.
- ആവശ്യത്തിന് ഉപഭോഗം – അവശിഷ്ടം ഇല്ലാതാക്കൽ.

(കടപ്പാട്: ഹരിത കേരളം മിഷൻ)

മാലിന്യം ഉത്പാദിപ്പിച്ചിട്ട് അത് സംസ്കരിക്കുന്നതിനുള്ള പോംവഴി അന്വേഷിച്ച് കഷ്ടപ്പെടാതെ മാലിന്യ ഉത്പാദനം കുറയ്ക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ ചെയ്യുക എന്നതാണ് ഗ്രീൻ പ്രോട്ടോക്കോൾ പ്രവർത്തനങ്ങളിലൂടെ ഉദ്ദേശിക്കുന്നത്.

നാട്ടുവെളിച്ചം

# ഉണ്ണുകേം ചെയ്യാം കാളയേം കെട്ടാം

**വെള്ളനാട് രാമചന്ദ്രൻ**

അങ്കവും കാണാം താളിയുമൊടിക്കാം എന്ന മലബാർ മൊഴിയുടെ തെക്കൻ പതിപ്പാണ് ഉണ്ണുകേം ചെയ്യാം കാളയേം കെട്ടാം എന്ന പ്രയോഗം. ഒരു പ്രവൃത്തി കൊണ്ട് രണ്ടോ അതിലധികമോ കാര്യങ്ങൾ സാധിച്ചെടുക്കുന്ന രീതിയെ ശൈലീകരിച്ചവയാണ് ഈ മൊഴിവഴക്കങ്ങൾ.

വീതിയുള്ള പെരുവഴികൾ ജനകീയമാകുന്നതിന് മുമ്പ് സാധാരണക്കാരന്റെ യാത്ര കാൽനടയായിട്ടോ ഓടിവള്ളങ്ങൾ മുഖേനയോ ആയിരുന്നു. പ്രഭുക്കൻമാരും നാട്ടുവാഴികളും പല്ലക്കും രാജവഞ്ചികളും ഉപയോഗിച്ചിരുന്നു എന്ന് ചരിത്രം. പരിഷ്കാരം പിച്ചവച്ച് തുടങ്ങുന്നതോടുകൂടി ഊടുവഴികളും നടവഴികളും പെരുവഴികളായി രൂപപ്പെട്ടു തുടങ്ങി. ഇത്തരത്തിൽ ഉത്ഭവം കൊണ്ട നിരത്തുകൾ മോട്ടോർവാഹനങ്ങൾ കയ്യടക്കുന്നതിന് മുമ്പ് യാത്രയ്ക്ക് കാൽനടയും കാളവണ്ടിയും മാത്രമായിരുന്നു ശരണം. ചരക്കുനീക്കങ്ങൾ തലച്ചുമടായും പൊതിക്കാളകൾ (ചുമട്ടുകാളകൾ) വഴിയും കാളവണ്ടികൾ മുഖേനയും നടന്നിരുന്നു. ചുമടിറക്കി വച്ച് വിശ്രമിക്കാനും ദാഹം തീർക്കാനും ചുമടുതാങ്ങികൾ, തണ്ണീർപ്പന്തലുകൾ, വഴിയമ്പലങ്ങൾ എന്നിവ കവലകൾ തോറും നിർമ്മിച്ചിരുന്നു. ആഢ്യന്മാർ കരയാത്രയ്ക്കായി മേൽക്കൂരകൾ കെട്ടിയലങ്കരിച്ച കാളവണ്ടികൾ അഥവാ വില്ലുവണ്ടികളും ഉപയോഗിച്ചുവന്നു.

ക്രമേണ യാത്രക്കാരുടെ അഭയസ്ഥാനങ്ങളായിരുന്ന വഴിയമ്പലങ്ങൾക്ക് സമാന്തരമായി ഹോട്ടലുകളും രൂപം കൊണ്ടു. ഹോട്ടലുകൾക്ക് "ക്ലബുകൾ" എന്നാണ് അന്നത്തെ വിളിപ്പേര്. ചിലയിടങ്ങളിൽ "ശാപ്പാട്ടു ക്ലബുകൾ" എന്നും പറഞ്ഞിരുന്നു. ഇവിടെ കാളവണ്ടികൾ ഒതുക്കി നിർത്തുവാനുള്ള സൗകര്യവും കാളകൾക്ക് ഭക്ഷണവും വിശ്രമവും ഒരുക്കുവാനുള്ള സാദ്ധ്യതകളും കൂടി ഉണ്ടെങ്കിലേ ശാപ്പാട്ടുക്ലബുകളിൽ ഉണ്ണാൻ ആളുകളെ കിട്ടുമായിരുന്നുള്ളു. അതുകൊണ്ടുതന്നെ അന്നത്തെ ഭേദപ്പെട്ട "ശാപ്പാട്ടുക്ലബു"കളിൽ വണ്ടിക്കാളകൾക്കുള്ള സൗകര്യങ്ങൾ കൂടി ഒരുക്കിയിരുന്നു. ഇവ മിക്കവാറും ക്ലബുകൾക്ക് പുറകിലായിരിക്കും സംവിധാനം ചെയ്തിരിക്കുക. അന്ന് ഇത്തരം ക്ലബുകളുടെ മുന്നിൽ ഇങ്ങനെ ഒരു ബോർഡ് എഴുതി തൂക്കിയിരിക്കും "ഉണ്ണുകേം ചെയ്യാം കാളയേം കെട്ടാം".



ഗതകാലഗതാഗതത്തിന്റെ ഒരു പരിച്ഛേദനമായിരുന്ന ഒരു പരസ്യഫലകത്തിന്റെ വരമൊഴിച്ചിന്ത് പിൽക്കാലത്ത് വാമൊഴിയായി മാറുകയായിരുന്നു.

ഇവ മിക്കവാറും ക്ലബുകൾക്ക് പുറകിലായിരിക്കും സംവിധാനം ചെയ്തിരിക്കുക. അന്ന് ഇത്തരം ക്ലബുകളുടെ മുന്നിൽ ഇങ്ങനെ ഒരു ബോർഡ് എഴുതി തൂക്കിയിരിക്കും ''ഉണ്ണുകേം ചെയ്യാം കാളയേം കെട്ടാം''.

# തൂക്കിടി സായിപ്പ്

പച്ചപ്പരിഷ്കാരിയായ മകൻ നന്നായിട്ടൊന്നൊരുങ്ങി പുറത്തേക്കിറങ്ങിയപ്പോൾ കർഷകനായ അച്ഛന്റെ ചോദ്യം, "തൂക്കിടി സായിപ്പിന്റെ വേഷവും കെട്ടി എങ്ങോട്ടാ യാത്ര?"

പട്ടിണിയും പരിവട്ടവുമായിക്കഴിയുന്ന കുടുംബത്തിൽ കഞ്ഞിയോട് പ്രതിഷേധിക്കുന്ന

മകനോട് അമ്മ കയർക്കുന്നത് ഇങ്ങിനെ "കഞ്ഞികുടിക്കാതിരിക്കാൻ നീയാരാ തുക്കിടി സായിപ്പിന്റെ മോനോ?"

ഇത്തരം പ്രയോഗങ്ങൾ ഇന്നും മലയാളത്തിലെ നാട്ടുമൊഴികളിൽ സർവ്വസാധാരണമാണ്. പച്ചപരിഷ്കാരികളെയും പരിഷ്കാരം ഭാവിച്ചു നടക്കുന്നവരെയും ഉദ്ദേശിച്ച് പരിഹാസോദ്യോതകമായി ഉപയോഗിക്കുന്ന ഒരു സമസ്തപദമാണ് തുക്കിടി സായിപ്പ്. അന്യഭാഷകളിൽ നിന്ന് വണികച്ചാർത്തുകൾ വഴി ആദാനം ചെയ്യപ്പെട്ട തുക്കിടിയും സായിപ്പും ചേർന്ന് രൂപപ്പെട്ട ഒരു കൂട്ടുപദമത്രേ തുക്കിടി സായിപ്പ്.



തുക്കിടി ഒരു മറാത്തി പദമാണ്. സ്വയംഭരണാധികാരമുള്ള ഒരു പ്രവിശ്യയുടെ ഔദ്യോഗികനാമമാണ് തുക്കിടി, ഏതാണ്ട് ഇന്നത്തെ ഒരു ജില്ലയ്ക്ക് സമാനം. സായിപ്പ് എന്ന പദം സാധാരണ യൂറോപ്യൻമാരെ സൂചിപ്പിക്കാനാണ് ഉപയോഗിക്കുന്നതെങ്കിലും ഇതിന്റെ അടിവേര് കിടക്കുന്നത് അറബിഭാഷയിലാണ്. സാഹിബ്ബ് എന്നാണ് ഇതിന്റെ യഥാർത്ഥരൂപം. മാന്യൻ, പ്രഭു എന്നീ അർത്ഥങ്ങളാണ് അറബിയിൽ ഈ പദത്തിനുള്ളത്. അറേബ്യയിലെ സാഹിബ്ബ് കപ്പലു കയറി മലനാട്ടിലെത്തിയപ്പോൾ സായിപ്പായി. കുരുമുളകിന്റെ എരിവും ഏലത്തിരിയുടെ സുഗന്ധവും തേടി കടൽ താണ്ടിയെത്തിയ യൂറോപ്യരെയും ക്രമേണ ബഹുമാനപൂർവ്വം സായിപ്പെന്ന് വ്യവഹരിക്കാൻ തുടങ്ങി. സാദാസായിപ്പിന് ആദരവ് പോരെന്ന് തോന്നിയിട്ടാവാം മറാത്തിയിലെ പ്രവിശ്യനാമമായ തുക്കിടിയെ കൂടി കൂട്ടിച്ചേർത്ത് തുക്കിടിയെ സായിപ്പാക്കി ബഹുമാന്യരെ വ്യവഹരിക്കാൻ തുടങ്ങിയത്. കാലത്തിന്റെ കുത്തൊഴുക്കിൽ മാന്യന്മാരെ സൂചിപ്പിച്ചിരുന്ന തുക്കിടി സായിപ്പിന് അർത്ഥ വ്യതിയാനം വന്ന് പരിഷ്കാര ഭ്രാന്തന്മാരെ അടയാളപ്പെടുത്താനുള്ള പരിഹാസപ്രയോഗമായി പരിണമിച്ചു.

അനുബന്ധമായിപ്പറയട്ടെ, തുക്കിടിയോട് ഉച്ചാരണസാമ്യമുള്ള ഒരു മറാത്തിപദം കൂടി മലയാളം കടം കൊണ്ടിട്ടുണ്ട്. തുക്കടാ, ചെറുത്, തരം താണത്, കഷ്ണം എന്നൊക്കെയാണ് ഈ പദത്തിനർത്ഥം. പക്ഷെ മലയാളി കടം കൊണ്ടപ്പോൾ നിലവാരമില്ലാത്തത് എന്ന ഏക അർത്ഥത്തിൽ ഈ പദം ഒതുങ്ങിപ്പോയി. തുക്കടാ ജോലിയും തുക്കടാ സൈക്കിളുമൊക്കെ ഇന്നും നമ്മുടെ മൊഴിവഴക്കങ്ങളിലുണ്ടല്ലോ. തുക്കടയും തുക്കിടിയും സാഹിബ്ബുമെല്ലാം നേരിയ ഉച്ചാരണഭേദങ്ങളോടെയും അർത്ഥവ്യതിയാനങ്ങളോടെയും പല ഉത്തരേന്ത്യൻ ഭാഷകളിലും കുടിയേറിയിട്ടുണ്ട്.

കാലത്തിന്റെ കുത്തൊഴുക്കിൽ മാന്യന്മാരെ സൂചിപ്പിച്ചിരുന്ന തുക്കിടി സായിപ്പിന് അർത്ഥ വ്യതിയാനം വന്ന് പരിഷ്കാര ഭ്രാന്തന്മാരെ അടയാളപ്പെടുത്താനുള്ള പരിഹാസപ്രയോഗമായി പരിണമിച്ചു.

# ...എന്ന് വായനക്കാർ

## മികവ് പുലർത്തി

പഞ്ചായത്ത്‌രാജ് മാസികയുടെ ജൂലൈ ലക്കത്തിൽ പ്രസിദ്ധീകരിച്ച രണ്ട് ലേഖനങ്ങൾ മികവു പുലർത്തി. ഡോ.ചിന്ത എഴുതിയ 'നിപ പനി' എന്ന ലേഖനം നിപ വൈറസിനെ കുറിച്ച് ഉണ്ടായിരുന്ന ഭീതി അകറ്റാൻ സഹായിച്ചു. അതുപോലെ തന്നെ മഴക്കാല രോഗങ്ങളെ കുറിച്ച് ഡോ. രഹന എഴുതിയ ലേഖനവും കാലികപ്രസക്തമായ ഈടുറ്റ ലേഖനങ്ങൾ ഇനിയും പ്രതീക്ഷിക്കുന്നു. എല്ലാവിധ ആശംസകളും.

ആനന്ദ്, തിരുമല

## സാർവ്വത്രിക വിദ്യാഭ്യാസം

ഗുണമേന്മയുള്ള വിദ്യാഭ്യാസം സകലകുട്ടികൾക്കും നൽകുക എന്ന മഹത്തായ ലക്ഷ്യത്തോടെ മുന്നേറുന്ന ഇടതു സർക്കാരിന്റെ പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം സമൂഹത്തിൽ സൃഷ്ടിച്ചിട്ടുള്ള പരിവർത്തനം ചെറുതല്ല. പണമുള്ളവന് മാത്രം വിദ്യ എന്ന ജനാധിപത്യവിരുദ്ധവും പിന്തിരിപ്പനും നെറികെട്ടതുമായ ആശയം വച്ചു പുലർത്തുന്ന സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഒരു മികച്ച ബദലായിത്തീരുന്ന സർക്കാർ വിദ്യാലയങ്ങൾ ഇന്ന് കരുത്തോടെ കുതിക്കുകയാണ്. ഒരേസമയം മൂല്യസംരക്ഷണവും അതിനൂതനസാങ്കേതിക വിദ്യാപഠനവും തുല്യ പ്രാധാന്യത്തോടെ നിലനിർത്തുന്ന ഈ വിജ്ഞാനാലയങ്ങളെ കണ്ണിലെ കൃഷ്ണമണിയെക്കാളും കരുതലോടെ കാത്തുസൂക്ഷിക്കണം നമ്മൾ. പൊതുവിദ്യാഭ്യാസ മികവിന്റെ നേർച്ചിത്രം ഏതു സാധാരണക്കാരനും ബോദ്ധ്യപ്പെടത്തക്ക രീതിയിൽ വരച്ചിട്ട പഞ്ചായത്ത് രാജ് മാസികയ്ക്കും ലേഖകർക്കും അക്ഷരാഭിവാദ്യങ്ങൾ.

ജ്യോതിലക്ഷ്മി
മൺട്രോത്തുരുത്ത്

## ഭൂതകണ്ണാടി

പഞ്ചായത്ത്‌രാജ് മാസികയിൽ പ്രസിദ്ധീകരിച്ചുവരുന്ന ഭൂതകണ്ണാടിയെന്ന പംക്തി ശ്രദ്ധേയമാണ്. പ്ലാസ്റ്റിക്കിന്റെ വിപത്തിനെയും മാമ്പഴവിപണിയിലെ കച്ചവടക്കണ്ണും വായനക്കാരിലെത്തിച്ച ലേഖകനും മാസികയ്ക്കും അനുമോദനങ്ങൾ.

തോമസ്, അടിമാലി

**കണ്ണും കാതും** **വീ.സീ.അഭിലാഷ്**






## പരസ്യ നിരക്ക്

| | |
|---|---|
| കവർ (അവസാന പുറം) കളർ | ₹ 12000 |
| കവർ (ഉൾവശം) കളർ | ₹ 10000 |
| കവർ (ഉൾവശം) ബ്ലാക്ക് & വൈറ്റ് | ₹ 8000 |
| മറ്റു പേജുകൾ (കളർ) | ₹ 8000 |
| മറ്റു പേജുകൾ (ബ്ലാക്ക് & വൈറ്റ്) | ₹ 6000 |
| അരപേജ് (കളർ) | ₹ 5000 |
| അര പേജ് (ബ്ലാക്ക് & വൈറ്റ്) | ₹ 3000 |

**പഞ്ചായത്ത്‌രാജ്**

വാർഷിക വരിസംഖ്യ ₹ 120



**PANCHAYAT RAJ (Monthly)** July 2018
Annual Subscription ₹120, Published on 20 July 2018
Posted at Trivandrum RMS on 25th & 26th of every month

RNI. No. : 7959/61
Postal Reg. No. KL/TV(N) 391/2018-20
Licensed to post without prepayment No. KL/TV(N) WPP/85/2018-20




Printed & Published by M.P.Ajithkumar, Director (ic), Dept. of Panchayats on behalf of Govt. of Kerala and
Printed at Orange Printers Pvt. Ltd (for GLM), Pulimood, Thiruvananthapuram, Kerala - 695 001 and
Published at Directorate of Panchayats, Museum P.O., Thiruvananthapuram - 695 033, Kerala. Editor: M.P.Ajithkumar